# സത്യദൂതൻ

2016 ജൂൺ | ലക്കം 6


വില ₹ 30

## വ്രതം:
## ആത്മീയ സാന്ദ്രമാക്കുക

## പരിശുദ്ധ റമദാനു സ്വാഗതം

# പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു.

























പ്രസിദ്ധീകരണ വിഭാഗം, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്, ജി.എച്ച്.റോഡ്, കോഴിക്കോട്




The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2016 ജൂൺ
ഹി.ശ.1396 – എഹ്സാൻ
1437 ശഅബാൻ – റംസാൻ
പുസ്തകം 88 ലക്കം 6
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ
**വ്രതം: ആത്മീയ സാന്ദ്രമാക്കുക.**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2013 ജൂലൈ 12ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**13**
**പരിശുദ്ധ റമദാനു സ്വാഗതം**
മുഹമ്മദ് ഉമർ എച്ച്. എ.

വിശ്വാസികളുടെ മനവും തനുവും ആത്മീയ സുരഭിലമായ റമദാനെവരവേൽക്കാൻ ഒരുങ്ങുന്നു.

**15**
**ആകാശത്ത് വെളിപ്പെട്ട ദൈവികദൃഷ്ടാന്തം – 2**
ഡോ. ഹാഫിസ് സാലിഹ് മുഹമ്മദ് അലാവുദ്ദീൻ

റസൂൽ തിരുമേനി(സ)യുടെ പ്രവചനപ്രകാരം വാഗ്ദത്ത മസീഹിന്റെ അടയാളമായി റമദാനിൽ വെളിപ്പെട്ട ചന്ദ്ര സൂര്യഗ്രഹണങ്ങൾ എല്ലാ അർഥത്തിലും അതുല്യമാണ്. ആ ആകാശ ദൃഷ്ടാന്തത്തിന്റെ സൂക്ഷ്മ വശങ്ങൾ ലേഖകൻ വിവരിക്കുന്നു.



**21**
**മുഹമ്മദ് നബി(സ)യും ബഹുഭാര്യാത്വവും – 2**
എ.എം.മുഹമ്മദ് സലിം

ഇസ്‌ലാമിൽ ബഹുഭാര്യാത്വം സാർവത്രിക നിയമമല്ല.കർശനമായ ഉപാധികകളോടെയുള്ള അനുവാദം മാത്രമാണ്. മുഖ്യമായും വിധവകളുടേയും അനാഥകളുടേയും ക്ഷേമം ലക്ഷ്യമാക്കി ആവിഷ്ക്കരിച്ച ബഹുഭാര്യാത്വത്തിന്റെ ദുരുപയോഗം ഇസ്‌ലാമിന് ചീത്തപ്പേരുണ്ടാക്കുന്നത്.

**29**
**വധശിക്ഷ തൂക്കിലേറ്റപ്പെടുമ്പോൾ**
ഡോ.കൗസർ എടപ്പകത്ത്

**34**
**ഹറം ഇമാം അറിയുവാൻ**
അബ്ദുർറഹ്മാൻ, കൊടിയത്തൂർ

ഇയ്യിടെ കേരളം സന്ദർശിച്ച മക്കയിലെ ഹറം ഇമാം മുസ്‌ലിം ലോകം വന്നു പെട്ടിരിക്കുന്ന നാനാവിധത്തിലുള്ള പ്രശ്നങ്ങളെ സംബന്ധിച്ചും ഭീകരവാദത്തിന്റെയും തീവ്രവാദത്തിന്റെയും കെടുതികളെക്കുറിച്ചും സംസാരിക്കുകയും അദ്ദേഹത്തിന്റെ ആശങ്കകളും വേദനകളും കേരള മുസ്‌ലിം സമൂഹവുമായി പങ്കുവെക്കുകയും ചെയ്തു. അല്ലാഹു അയച്ച വാദഗ്ത്ത മസീഹിന്റെ പരിഹാര നിർദേശങ്ങളിലൂടെ മാത്രമേ മുസ്‌ലിം സമൂഹത്തിന് രക്ഷപ്പെടുവാൻ സാദ്ധ്യമാകൂ എന്ന് ഹറം ഇമാം അറിയേണ്ടതുണ്ട്.

**39**
കുറിപ്പുകൾ
**കേരളത്തിലെ നിയമസഭാ തിരഞ്ഞെടുപ്പ്**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**സുൽത്താൻ നസീർ**
**ഫോൺ:** 9544274240

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed

## വിശുദ്ധ ഖുർആനിൽ നിന്ന്



വിശ്വസിച്ചവരേ! നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടത് പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. (2:184)



## നബിവചനം

ഹദ്റത്ത് അബൂഹുറൈറ(റ)യിൽ നിന്ന് നിവേദനം. കള്ളം പറയുന്നതിൽ നിന്നും അതുപോ ലെയുള്ള പ്രവർത്തികളിൽ നിന്നും മുക്തമാകാത്ത ഒരാൾ തന്റെ ആഹാര പാനീയങ്ങൾ ഉപേക്ഷിക്കുന്നത് കൊണ്ട് യാതൊരു കാര്യവുമില്ല. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

ഈ മാസം ഹൃദയ പ്രകാശനത്തിനുള്ള ഉത്തമമായ മാസമാണെന്നും അതിൽ അധികമായി ആത്മീയ ദർശനങ്ങൾ ഉണ്ടായിരിക്കുന്നതാണെന്നും സൂഫിവര്യന്മാർ എഴുതുന്നു. നമസ്കാരം ആത്മാവിന് സംസ്കരണവും വ്രതം ഹൃദയത്തിന് പ്രകാശവും പ്രദാനം ചെയ്യുന്നു. ആത്മ സംസ്കരണമെന്നാൽ ദോഷപ്രവണമായ ആത്മാവിന്റെ ദേഹേച്ഛകളിൽ നിന്നും ദൂരപ്പെടുക എന്നും ഹൃദയ പ്രകാശം എന്നാൽ ആത്മ ദർശനത്തിനുള്ള കവാടം തുറന്ന് ദൈവദർശം ലഭ്യമാകുക എന്നുമാണ്. (മൽഫൂസാത്ത്)



എഡിറ്റോറിയൽ

# വ്രതം മനുഷ്യനെ മാറ്റിയെടുക്കുന്ന ദിവ്യായുധം

മനുഷ്യനെ ദൈവഭക്തനാക്കി മാറ്റാൻ അല്ലാഹു നിശ്ചയിച്ച പാവനവും പ്രായോഗികവും അത്ഭുതകരവുമായ ഒരു കർമാനുഷ്ഠാനമാണ് വ്രതം. മതലോകത്ത് സുവിദവും അതിപുരാതനവുമായ ഒരു ആത്മീയ മാർഗവുമാണത്. ഖുർആൻ പറയുന്നു.

**'അല്ലയോ വിശ്വാസികളേ! നിങ്ങൾക്ക് മുമ്പുള്ളവർക്കായി വിധിക്കപ്പെട്ടിട്ടുള്ളത് പോലെ നിങ്ങൾക്കായും വ്രതാനുഷ്ഠാനം വിധിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ തന്മൂലം 'തഖ്‌വാ' (ഭയഭക്തി) ഉള്ളവരായിത്തീരാൻ വേണ്ടി** (2:184)

വിശുദ്ധ ഖുർആൻ അവതരിച്ച മാസം എന്ന പ്രത്യേകതയാണ് റമദാനെ ഏറ്റവും മഹനീയവും അതുല്യവുമാക്കി തീർക്കുന്നതെന്ന് സ്രഷ്ടാവായ അല്ലാഹു പറയുന്നു. അളവറ്റ ആത്മീയാനുഗ്രഹങ്ങളുടെ നിധിനിക്ഷേപങ്ങൾ ഉള്ളടങ്ങിയ ആ പവിത്രഗ്രന്ഥം പാരായണം ചെയ്യാനും ഹൃദയത്തോടു ചേർത്ത് നിർത്താനുമുള്ള സന്ദർഭം കൂടിയാണ് വിശുദ്ധ റമദാൻ. എന്ന് അല്ലാഹു പറയുന്നു.

**'സമസ്ത മനുഷ്യർക്കും സന്മാർഗദായകവും മാർഗദർശനത്തിന്റേയും സത്യാസത്യവിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകൾ ഉൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിക്കപ്പെട്ട മാസമാണ് 'റമദാൻ'. അത് കൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കട്ടെ**. (വി. ഖുർആൻ 2:186).


വിശപ്പ് മനുഷ്യൻ ഭയപ്പെടുന്ന ഒരു വികാരമാണ്. അതിനെയാണ് ഇസ്‌ലാം ആത്മീയപോഷണത്തിനുള്ള ഫലപ്രദമായ ഒരു ഉപാധിയാക്കി മാറ്റുന്നത്. സംവേദനേന്ദ്രിയങ്ങളേയും ശരീരത്തേയും ആസകലം വിശപ്പ് ബാധിക്കുന്നു. വ്രതം സ്വന്തം ശരീരത്തോടുള്ള സമരമാണെന്ന് വിശുദ്ധ ഖുർആൻ പറയുന്നു: **'നിങ്ങൾ സ്വന്തം ശരീരങ്ങളോട് അനീതി പ്രവർത്തിക്കുകയായിരുന്നുവെന്ന് അല്ലാഹു അറിഞ്ഞിട്ടുണ്ട്. അതിനാൽ അവൻ നിങ്ങളുടെ മേൽ കനിവ് കാട്ടുകയും നിങ്ങൾക്ക് ആശ്വാസമേകുകയും ചെയ്തിരിക്കുന്നു.** (2:188)

ദൈവത്തിൽനിന്നു വിട്ടകന്നുപോകുന്ന മനുഷ്യന് വീണ്ടും ദൈവസ്മരണയിലും ആരാധനയിലും സൽക്കർമങ്ങളിലും മുഴുകാനും ആത്മീയ പുരോഗതി കൈവരിക്കാനും സ്വർഗ്ഗീയ കവാടങ്ങൾ തുറന്നുവെച്ച് റമദാൻ മനുഷ്യനെ കാത്തിരിക്കുന്നു.

വ്രതാനുഷ്ഠാനത്തെപറ്റി റസൂൽ തിരുമേനി(സ) അരുളി:

**"തിന്മകൾ സൂക്ഷിക്കാനുള്ള പരിചയാണ് നോമ്പ്. നോമ്പുകാരൻ തെറ്റായ പ്രവർത്തികൾ ചെയ്യാതിരിക്കുകയും സംസ്കാരശൂന്യമായ വാർത്തകൾ പറയാതിരിക്കുകയും ചെയ്യട്ടെ. അവനോടു ശണ്ഠ കൂടുകയോ അവൻ ശകാരിക്കപ്പെടുകയോ ചെയ്തെങ്കിൽ ഞാൻ നോമ്പുകാരനാണ് എന്ന് രണ്ട് പ്രാവശ്യം പറയട്ടെ... റമദാൻ സമാഗതമായാൽ സ്വർഗവാതിലുകൾ തുറക്കപ്പെടും' റസൂൽ തിരുമേനി(സ) വീണ്ടും അരുളി: വല്ല നോമ്പുകാരനും തെറ്റായ വാക്കും പ്രവർത്തിയും ഉപേക്ഷിക്കുന്നില്ലെങ്കിൽ അവൻ തന്റെ ഭക്ഷണപാനീയം ഉപേക്ഷിക്കുന്നതിൽ അല്ലാഹുവിന് യാതൊരു താല്പര്യവുമില്ല"**

വ്രതത്തെ സംബന്ധിച്ച് റസൂൽ തിരുമേനി(സ)യുടെ ആത്മീയശിഷ്യനായ വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം പറഞ്ഞു: **'ആഹാരം കുറക്കുകയും വിശപ്പ് സഹിക്കുകയും ചെയ്യുക എന്നത് ആത്മാവിന്റെ സംസ്കാരത്തിനും പുരോഗതിക്കും അത്യാവശ്യമായ ഒരു കർമമാകുന്നു. അത് ആത്മദർശനത്തിനുള്ള ശക്തിയെ പോഷിപ്പിക്കുന്നതാകുന്നു. മനുഷ്യൻ ഭക്ഷണപദാർഥങ്ങൾ കൊണ്ട് മാത്രമല്ല ജീവിക്കുന്നത്. ഈ ജീവിതത്തിനുശേഷവും അവന് മറ്റൊരു ജീവിതമുണ്ട്. നിത്യമായുള്ള ആ പാരത്രിക ജീവിതത്തെ അലക്ഷ്യമായി തള്ളുക എന്നത് ദൈവത്തിൽ നിന്നുള്ള വേർപാടിനെയും അതുവഴി അവന്റെ അനിഷ്ടത്തെയും സ്വയം വരിക്കുകയാണ് (ഇസ്‌ലാമിലെ അഞ്ചു കാര്യങ്ങൾ)**



ഹദ്റത്ത് അഹ്മദ് (അ)

# വ്രതം ഒരു ആത്മീയാഹാരം

ഇസ്‌ലാമിലെ ഒരു മൗലിക കർമ്മമാണ് വ്രതാനുഷ്ഠാനം. ഇസ്‌ലാം നിർദേശിച്ചിട്ടുള്ള ആരാധനാകർമങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ടെന്ന് മുസ്ലിംകൾ എന്നു പറയപ്പെടുന്ന ചിലർ തന്നെ ഇക്കാലത്ത് അഭിപ്രായപ്പെടുന്നുണ്ടെന്നത് വ്യസനകരമാണ്. ഇവർ ആത്മീയാന്ധത ബാധിച്ചവരും ദൈവകല്പനകളിൽ അന്തർഭവിച്ചിരിക്കുന്ന തത്ത്വരഹസ്യം ഗ്രഹിക്കാത്തവരും ആകുന്നു. ആദ്ധ്യാത്മിക രംഗത്ത് കാലുറച്ചിട്ടില്ലാത്തവർ പ്രസ്തുത കർമാനുഷ്ഠാനങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽ കൈകടത്താൻ ശ്രമിക്കുന്നത് യുക്തിപൂർവമല്ല. തങ്ങൾ ഒരിക്കലും കടന്നുചെന്നിട്ടില്ലാത്ത പ്രസ്തുത ആത്മീയസാമ്രാജ്യത്തിൽ പരിഷ്കാരങ്ങൾ വരുത്തുന്നതിന് ഇവർ കൃത്രിമ പദ്ധതികൾ നിർദേശിക്കുന്നു. ഇവർ ജീവിതം മുഴുവനും ലൗകീക കാര്യങ്ങളിൽ മാത്രം ചെലവഴിക്കുന്നവരും ആത്മീയകാര്യങ്ങളെക്കുറിച്ച് വിവരമില്ലാത്തവരും ആകുന്നു. ആഹാരം കുറക്കുകയും വിശപ്പു സഹിക്കുകയും ചെയ്യുകയെന്നത് ആത്മാവിന്റെ സംസ്കാരത്തിനും പുരോഗതിക്കും അത്യാവശ്യമായ ഒരു കർമമാകുന്നു. അത് ആത്മദർശനത്തിനുള്ള ശക്തിയെ പോഷിപ്പിക്കുന്നതുമാകുന്നു. മനുഷ്യൻ ഭക്ഷണപദാർഥങ്ങളിൽ മാത്രമല്ല ജീവിക്കുന്നത്. ഈ ജീവിതത്തിനുശേഷം അവനു മറ്റൊരു ജീവിതമുണ്ട്. നിത്യമായ ആ പാരത്രിക ജീവിതത്തെ അലക്ഷ്യമാക്കിക്കളയുകയെന്നത് ദൈവത്തിൽ നിന്നുള്ള വേർപാടിനെയും അത് വഴി അവന്റെ അനിഷ്ടത്തെയും സ്വയം വരിക്കുകയാകുന്നു.

വ്രതാനുഷ്ഠാനം കൊണ്ടുള്ള വിവക്ഷിതം ഒരു ക്ലിപ്തകാലം വരെ പാനാശനങ്ങൾ ചെയ്യാതെ വിശപ്പു സഹിക്കുക മാത്രമല്ലെന്ന് സ്മർത്തവ്യമാണ്. എല്ലാതരം ദോഷങ്ങളിൽ നിന്നും അകന്നു നില്കുമാറ് നോമ്പുകാരൻ ദൈവസ്മരണയിൽ അധികമധികം ഏർപ്പെട്ടിരിക്കുക അത്യാവശ്യമാകുന്നു. നബികരീം (സ) തിരുമേനി റമദാൻ മാസത്തിൽ വളരെയധികം ദൈവാരാധനയിൽ വ്യാപൃതനാവുക പതിവായിരുന്നു. ആകയാൽ നോമ്പ് കാലത്ത് ഭക്ഷ്യപാനീയാദികളെ സംബന്ധിച്ച ചിന്തകളിൽ നിന്നു വിരമിക്കുകയും പ്രസ്തുത കാര്യങ്ങളുമായുള്ള കെട്ടുപാടുകളെ ഉപേക്ഷിക്കുകയും ചെയ്തുകൊണ്ടു ശ്രദ്ധയെല്ലാം അല്ലാഹുവിങ്കൽ ആക്കിത്തീർക്കേണ്ടതാണ്. ഭൗതികമായ ഭക്ഷണസാധനങ്ങൾ ലഭിച്ചിരിക്കെ ആത്മീയാഹാരത്തെക്കുറിച്ച് ചിന്തിക്കാത്ത മനുഷ്യൻ ഭാഗ്യഹീനനാണെന്നു വേണം പറയുവാൻ. ഭക്ഷണം കഴിക്കുന്നത് മൂലം ശരീരത്തിനുബലവും ഓജസ്സും നിലനില്ക്കുന്നത് പോലെ ആത്മീയാഹാരം മൂലം ആത്മാവിന് രക്ഷയും ആത്മീയശക്തിയും ചൈതന്യവും സിദ്ധിക്കുന്നു. എല്ലാവിധ സഫലതകളുടെയും വാതിൽ ദൈവാനുഗ്രഹത്താൽ തുറക്കുമാറാകുന്നതിൽ വിജയലബ്ധിക്ക് അവങ്കൽ നിന്നുതന്നെ സഹായം തേടേണ്ടതാണ്. – ബദർ – 18-1-1907.

'റമദ' സൂര്യോഷ്ണത്തിനാണ് പറയുന്നത്. റമദാനിൽ മനുഷ്യൻ ഭക്ഷണപാനീയങ്ങളുടെയും ഇതര ശാരീരികാനന്ദങ്ങളുടെയും കാര്യത്തിൽ ക്ഷമ കൈക്കൊള്ളുന്നു. മറ്റൊന്ന് അല്ലാഹുവിന്റെ കല്പനകൾക്കായി ഒരു വിധത്തിലുള്ള ഊഷ്മാവും ആവേശവും സംജാതമാകുന്നു. അങ്ങനെ ആത്മീയവും ഭൗതികവുമായ ഊഷ്മാവുകൾ ഒന്നായി ചേർന്ന് റമദാൻ (രണ്ടുവിധത്തിലുള്ള റമദുകൾ) ഉണ്ടാകുന്നു. റമദാൻ മാസം ഉഷ്ണകാലത്ത് വന്നതുകൊണ്ടാണ് റമദാൻ എന്ന പേര് സിദ്ധിച്ചതെന്ന വൈയാകരണന്മാരുടെ അഭിപ്രായത്തോടു എനിക്ക് യോജിപ്പില്ല. കാരണം ഇത് അറബികൾക്ക് മാത്രമായുള്ള പ്രത്യേകതയല്ല. ആത്മീയമായ റമദ എന്നതുകൊണ്ട് ആത്മീയമായ അഭിരുചിയും ആനന്ദവും ഊഷ്മാവും ആണുദ്ദേശ്യം – അൽഹക്കം 24-7-1901




അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2013 ജൂലൈ 12ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബ

# വ്രതം: ആത്മീയ സാന്ദ്രമാക്കുക.

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

വിശ്വസിച്ചവരെ! നിങ്ങൾക്ക് മുമ്പുള്ളവർക്ക് നോമ്പ് നിർബന്ധമാക്കപ്പെട്ടതു പോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കിയിരിക്കുന്നു. നിങ്ങൾ തഖ്‌വയുള്ളവരായിത്തീരുന്നതിനു വേണ്ടി. (2:184)

ഒരു റമദാൻ മാസം കൂടി നമ്മുടെ ജീവിതത്തിൽ വന്നതിന് അല്ലാഹുവിന് നന്ദി രേഖപ്പെടുത്തുന്നു. ഞാൻ ഓതിയ ആയത്തിൽ അല്ലാഹു ഒരു വിശ്വാസിയോട് നോമ്പിന്റെ പ്രാധാന്യത്തെയും അത് നിർബന്ധമാക്കിയതിനെ കുറിച്ചുമാണ് ഓർമപ്പെടുത്തുന്നത്. അതോടൊപ്പം പറഞ്ഞത്, നിങ്ങൾക്ക് മുമ്പെ കഴിഞ്ഞു കടന്ന പ്രവാചക സമുദായങ്ങൾക്കും നോമ്പ് നിർബന്ധമായിരുന്നു. കാരണം നോമ്പ് വിശ്വാസത്തിൽ പുരോഗതി കൈവരിക്കാൻ അനിവാര്യമാണ്. നോമ്പ് ആത്മീയതയിൽ മുന്നേറാൻ ഒഴിച്ചു കൂടാൻ പറ്റാത്ത ഉപാധിയാണ്.

വിവിധ മതങ്ങളിൽ അവരുടെ പ്രവാചകന്മാരുടെ കാലത്തുള്ള അതേരീതിയിലോ അതല്ലെങ്കിൽ മാറ്റം വന്ന രീതിയിലോ നോമ്പ് നാം കാണുന്നുണ്ട്. വ്രതം ഏതെങ്കിലും തരത്തിൽ അവരിലെല്ലാം നിലനിൽക്കുന്നു. ഹ: മൂസാ (അ)ന്റെ നോമ്പിനെ കുറിച്ചുള്ള പരാമർശം നമുക്ക് ലഭിക്കുന്നു. ഹ: ദാവൂദ് (അ)ന്റെ നോമ്പിനെ കുറിച്ചുള്ള പരാമർശവും കാണാം. ഹിന്ദുക്കളിലും വ്രതാനുഷ്ടാനത്തിന്റെ ഒരു രീതി കാണുന്നു. അവർ പാചകം ചെയ്ത ഭക്ഷണം വ്രതകാലത്ത് ഉപേക്ഷിക്കുന്നു. അതേ പോലെ ക്രിസ്ത്യാനികളും നോമ്പ് അനുഷ്ടിക്കുന്നു. ക്രിസ്ത്യാനികളിൽ ചില വിഭാഗക്കാർ നോമ്പെടുക്കുമ്പോൾ മാംസം കഴിക്കില്ല. പച്ചക്കറികൾ എത്ര വേണമെങ്കിലും അവർക്ക് കഴിക്കാം. കഴിഞ്ഞ ദിവസം എനിക്ക് അങ്ങനെയുള്ള ഒരു നോമ്പുകാരനെ കാണാൻ സാധിച്ചു. നമ്മുടെ ഒരു ക്രിസ്ത്യൻ സുഹൃത്താണദ്ദേഹം. അദ്ദേഹത്തിന്റെ പേരോ നാടിന്റെ പേരോ ഞാൻ പറയുന്നില്ല. ഈ സുഹൃത്ത് ഒരു സദ്യയിൽ എന്നോടൊപ്പം ഉണ്ടായിരുന്നു. ഭക്ഷണത്തിന്റെ പ്ലേറ്റ് അദ്ദേഹത്തിന്റെ മുമ്പിൽ വന്നില്ല എന്ന കാര്യം ഞാൻ ശ്രദ്ധിച്ചു. കാരണം പ്ലേറ്റിൽ ഭക്ഷണം വിളമ്പിത്തുടങ്ങിയിരുന്നു. ഞാൻ അദ്ദേഹത്തോട് ചോദിച്ചു. "നിങ്ങൾ ഭക്ഷണം കഴിക്കുന്നില്ലെ?'' അദ്ദേഹം പറഞ്ഞു, ''ഞാൻ വ്രതത്തിലാണ്." അദ്ദേഹത്തിന്റെ നോമ്പിനെ ആദരിച്ചു കൊണ്ട് ഞാൻ മിണ്ടാതിരുന്നു. ഞാൻ ഇതുകണ്ട് അത്ഭുതപ്പെടുകയും ചെയ്തു. ഭൗതിക പ്രവർത്തനത്തിൽ മുഴുകിയ ഒരു രാഷ്ട്രീയ പ്രവർത്തകനായിരുന്നിട്ടും മതകർമങ്ങൾ അനുഷ്ടിക്കുന്നുണ്ട്. അൽപം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മുമ്പിൽ പച്ചക്കറികളും ഊണും വന്നു. ഞാൻ ചോദിച്ചു; "നിങ്ങൾക്ക് ചോറും പച്ചക്കറിയും എല്ലാം നോമ്പിന്റെ അവസ്ഥയിൽ കഴിക്കാൻ പറ്റുമല്ലോ?" അദ്ദേഹം പറഞ്ഞു, ''ഞാൻ കഴിക്കാൻ തുടങ്ങുകയാണ്.'' അങ്ങനെ അദ്ദേഹം ഭക്ഷണം കഴിക്കാൻ തുടങ്ങി. അതിനു ശേഷം ഞങ്ങളുടെ മുമ്പിൽ പാത്രത്തിൽ ചിക്കനും മറ്റും കൊണ്ടുവന്നു വെച്ചു. ഞങ്ങൾ കഴിക്കാൻ തുടങ്ങി. അദ്ദേഹത്തിന്റെ പ്ലേറ്റിലും മാംസക്ഷണം ഉണ്ടായിരുന്നു. ഞാൻ അദ്ദേഹത്തോട് ചോദിച്ചു, "നോമ്പിൽ മാംസം കഴിക്കാനുള്ള

അനുവാദമുണ്ടോ?'' എന്റെ അടുത്ത സുഹൃത്തായ അദ്ദേഹം ചിരിച്ചുകൊണ്ട് പറഞ്ഞു, "ഭക്ഷണം വിളമ്പുന്നവർ പല പ്രാവശ്യം ഇവിടെ വന്നു. കോഴിക്കറിയുടെ ഡിഷ് എന്റെ അടുത്ത് പലവട്ടം കൊണ്ടു വന്നു. എന്റെ മതം പറയുന്ന മറ്റൊന്നു കൂടിയുണ്ട്. അതായത് ആതിഥേയൻ വല്ലതും തരികയാണെങ്കിൽ അത് കഴിക്കാവുന്നതാണ്. അതു കൊണ്ടാണ് ഞാൻ കഴിക്കുന്നത്."

പൂർവമതസ്ഥരുടെ നോമ്പ് ഇപ്രകാരമാണ്. എല്ലാവരും ഭക്ഷണം കഴിക്കുകയായിരുന്നു. നല്ല രുചിയുള്ള ഭക്ഷണം ചുറ്റുമുള്ളവരുടെ ഉപചാരമനുസരിച്ച് ആ വിരുന്നിൽ അദ്ദേഹം മറ്റുള്ളവരിൽ നിന്നും ഭക്ഷണം വാങ്ങി. തുടർന്ന് അത് ആഹരിക്കാനും തുടങ്ങി. ഇവിടെ ഉപചാര മര്യാദ മത കൽപനയെ കീഴ്പ്പെടുത്തുകയാണ് ചെയ്തത്. ഇതിനു കാരണം മത കൽപനകൾ പറയുന്ന ഗ്രന്ഥങ്ങളിൽ വ്രതത്തിന്റെ വിധികൾ വ്യക്തമായി പറഞ്ഞില്ല എന്നതാണ്.

എന്നാൽ വിശുദ്ധ ഖുർആനെ സംരക്ഷിക്കും എന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. അത് അതിന്റെ യഥാർഥ രൂപത്തിൽ ഇപ്പോഴും നിലനിൽക്കുന്നു. വിശ്വാസികളോട് നോമ്പെടുക്കാൻ ഇത് കൽപ്പിക്കുന്നു. പ്രവാചകന്മാരുടെയോ പൂർവികരുടേയോ നോമ്പിനെ കുറിച്ചുള്ള വൃത്താന്തം മാത്രമല്ല ഇതിലുള്ളത്. മറിച്ച് നിങ്ങൾ വിശ്വാസികളാണെങ്കിൽ നോമ്പ് നിങ്ങൾക്ക് നിർബന്ധമാണ്. ഒരു മാസത്തേക്ക് നിർബന്ധമാണ്. എല്ലാ തരം ഭക്ഷണ പാനീയങ്ങളും പൂർണമായും വർജിക്കണം. ഇതു മുഖേന വിശ്വാസികൾ കരസ്ഥമാക്കുന്നത് എന്താണെന്നും ഖുർആൻ പറയുന്നു. നിങ്ങൾ ഇത് മുഖേന തഖ്‌വ (ഭയഭക്തി) സ്വായത്തമാക്കുക. തഖ്‌വയിൽ പുരോഗതി കൈവരിക്കുക. നോമ്പ് മുഖേന അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുക.

ദൈവപ്രീതിക്കായി നോമ്പെടുക്കാൻ ഹവാരികളോട് പറഞ്ഞതായി ബൈബിളിൽ പരാമർശമുണ്ടെന്നത് ശരിതന്നെ. മറ്റുള്ളവരെ ബോധിപ്പിക്കാൻ നോമ്പെടുക്കാനല്ല പറഞ്ഞത്. നോമ്പു മുഖേന ആത്മീയത വർധിക്കുന്നു എന്നുമുണ്ട്. ആത്മീയത വർധിക്കുന്നതനുസരിച്ച് രോഗശാന്തി കൈവരിക്കുന്നു. എന്നാൽ പാപപരിഹാര സിദ്ധാന്തം പിന്നീട് നോമ്പിന്റെ ആത്മാവായ തഖ്‌വ കരസ്ഥമാക്കുക എന്നതിനെ അവഗണിച്ചു കളഞ്ഞു. അതിനാൽ തഖ്‌വ കരസ്ഥമാക്കുന്ന പ്രശ്നം തന്നെ ഉദിക്കുന്നില്ലെങ്കിൽ നോമ്പു മുഖേന ലഭിക്കുന്ന അനുഗ്രഹങ്ങൾ തന്നെ ഇല്ലാതാകുകയാണ്. അനുഗ്രഹങ്ങൾ ഒന്നും ലഭിക്കുന്നില്ലെങ്കിൽ നോമ്പിന്റെ പേരുമാത്രം അവശേഷിക്കുന്നു. ഇത് വെറും നാമമാത്രമായ നോമ്പാണ്. ഇതു കാരണം വേവിച്ച പച്ചക്കറിയിൽ നിന്ന് പാകം ചെയ്ത മാംസത്തിലേക്ക് വരെ കൈകൾ നീളുന്നു.ചുരുക്കത്തിൽ ഇവിടെ ഇസ്‌ലാമിന്റെയും വിശുദ്ധ ഖുർആന്റെയും മനോഹാരിത പ്രകടമാക്കുകയാണ്. അത് അധ്യാപനം മാത്രമല്ല പറഞ്ഞത്, മറിച്ച് കൽപന നൽകുകയും, ലക്ഷ്യം എന്താണെന്ന് പറയുകയും അതിന്റെ ഫലമായി പ്രതിഫലങ്ങൾ ഇന്നതെല്ലാം ലഭിക്കുമെന്നും പറയുകയും ചെയ്യുന്നു. ഇസ്‌ലാമിന്റെ അധ്യാപനത്തെ നിലനിർത്തുന്നതിനായി അതിനുള്ള പ്രവർത്തന മാതൃക സ്ഥാപിക്കാനായി മുജദ്ദിദുമാരും ഔലിയാക്കളും വന്നുകൊണ്ടിരുന്നു. കൂടാതെ ഇക്കാലത്ത് വാഗ്ദത്ത മസീഹ് മഹ്ദിയെ അയച്ചുകൊണ്ട് മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കും വ്രതാനുഷ്ഠാനത്തിന്റെ ആത്മാവ് നിലനിർത്താവുന്ന സംവിധാനം ഒരുക്കുകയും ചെയ്തു. അവർ തഖ്‌വയിൽ ചലിക്കാനായി വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ ഉപദേശിച്ചുകൊണ്ടേ ഇരുന്നു. നോമ്പിന്റെ ആത്മാവ് മനസ്സിലാക്കുന്നതിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചു.

ഹ: മസീഹ് മൗഊദ് (അ) പറയുന്നു: "ഇസ്‌ലാമിന്റെ മൂന്നാമത്തെ കാര്യം നോമ്പാണ്. നോമ്പിന്റെ യാഥാർഥ്യത്തെക്കുറിച്ചും ലോകർ അജ്ഞരാണ്. നോമ്പെന്ന് പറഞ്ഞാൽ മനുഷ്യൻ പട്ടിണി കിടക്കുക എന്നതു മാത്രമല്ല അർഥമാക്കുന്നത്. ഇതിന് ഒരു യാഥാർഥ്യമുണ്ട്. അത് സ്വാധീനം ചെലുത്തുന്നതാണ്. അത് അനുഭവത്തിലൂടെ വ്യക്തമായതുമാണ്. അനുഭവത്തിൽ നിന്നും തെളിഞ്ഞ ഒരു

> അനുഭവ ത്തിൽ നിന്നും തെളിഞ്ഞ ഒരു കാര്യമുണ്ട്. മനുഷ്യൻ എത്ര കണ്ട് കുറച്ച് ഭക്ഷിക്കുന്നുവോ അത്രകണ്ട് ആത്മ ശുദ്ധി കൈവരിക്കുന്നു. ആത്മദർശനശക്തി വർധിക്കുകയും ചെയ്യുന്നു. അല്ലാഹു ഇതു മുഖേന ഉദ്ദേശിക്കുന്നത് ഒരു ഭക്ഷണം കുറക്കുകയും മറ്റേ ഭക്ഷണം വർധിപ്പിക്കുകയും ചെയ്യുക എന്നതാണ്. നോമ്പ് കൊണ്ട് ഉദ്ദേശിക്കുന്നത് വിശപ്പും ദാഹവും സഹിക്കുക എന്നു മാത്രമല്ലെന്ന കാര്യം നോമ്പുകാരൻ മനസ്സിലാക്കേണ്ടതാണ്. മറിച്ച് അവർ ദൈവസ്മരണയിൽ മുഴുകേണ്ട താണ്.

കാര്യമുണ്ട്. മനുഷ്യൻ എത്ര കണ്ട് കുറച്ച് ഭക്ഷിക്കുന്നുവോ അത്രകണ്ട് ആത്മ ശുദ്ധി കൈവരിക്കുന്നു. ആത്മദർശനശക്തി വർധിക്കുകയും ചെയ്യുന്നു. അല്ലാഹു ഇതു മുഖേന ഉദ്ദേശിക്കുന്നത് ഒരു ഭക്ഷണം കുറക്കുകയും മറ്റേ ഭക്ഷണം വർധിപ്പിക്കുകയും ചെയ്യുക എന്നതാണ്. നോമ്പ് കൊണ്ട് ഉദ്ദേശിക്കുന്നത് വിശപ്പും ദാഹവും സഹിക്കുക എന്നു മാത്രമല്ലെന്ന കാര്യം നോമ്പുകാരൻ മനസ്സിലാക്കേണ്ടതാണ്. മറിച്ച് അവർ ദൈവസ്മരണയിൽ മുഴുകേണ്ടതാണ്. അതു മുഖേന ദൈവത്തിൽ ലയനം സാധ്യമാകുന്നതും ഭൗതിക വിച്ഛേദനം സാധിക്കുന്നതുമാണ്. ചുരുക്കത്തിൽ നോമ്പ്കൊണ്ട് ഉദ്ദേശിക്കുന്നത് ശരീരത്തെ മാത്രം പോഷിപ്പിക്കുന്ന ഭൗതിക ഭക്ഷണം ഉപേക്ഷിച്ചു കൊ ണ്ട് ആത്മാവിന് ശാന്തിയും ആത്മനിർവൃതിയും നൽകുന്ന രണ്ടാമത്തെ ഭക്ഷണം കരസ്ഥമാക്കുകയും ചെയ്യുക എന്നാണെന്ന് നോമ്പുകാരൻ മനസ്സിലാക്കേണ്ടതാണ്. അല്ലാഹുവിന് വേണ്ടി മാത്രം നോമ്പെടുക്കുന്ന ആൾ, ആചാരം എന്ന നിലക്കല്ലെങ്കിൽ അവർ അല്ലാഹുവിന്റെ സ്തുതിയും (ഹംദും), തസ്ബീഹും (പരിശുദ്ധിയെ വാഴ്ത്തൽ), തഹ്ലീലും (ലാഇലാഹ ഇല്ലല്ലാഹ് എന്ന് പറയൽ) കൂടുതൽ ചെയ്തു കൊണ്ടിരിക്കുക. ഇതു മുഖേന രണ്ടാമത്തെ ഭക്ഷണം അവർക്ക് ലഭിക്കുന്നതാണ്."

മുകളിലെ ഉദ്ധരണിയിൽ ഹ: മസീഹ് മൗഊദ് (അ) പറയുന്നു, "ഭക്ഷണം കുറച്ച് കഴിക്കുന്നതിനനുസരിച്ച് ആത്മശുദ്ധി കൈവരിക്കാൻ സാധിക്കുന്നതാണ്". ഇതിൽ നിന്നും ഒരു പക്ഷെ പട്ടിണി കിടക്കുന്നതിലൂടെ ആത്മശുദ്ധി കൈവരിക്കും എന്ന ഒരു തെറ്റിധാരണ വരാൻ സാധ്യതയുണ്ട്. അതു കൊണ്ടാണ് അടുത്ത് തന്നെ വിശദമായി കാര്യം പറഞ്ഞിരിക്കുന്നത്. ഭക്ഷണപാനീയങ്ങൾ മാത്രം ഉപേക്ഷിച്ചത് കൊണ്ട് നോമ്പിന്റെ ലക്ഷ്യം കരസ്ഥമാക്കാൻ സാധ്യമല്ല. ഇത് വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾക്കും വിരുദ്ധമാണ്. നോമ്പുകൊണ്ടുദ്ദേശിക്കുന്നത് തഖ്‌വ സ്വായത്തമാക്കുക എന്നതാണ്. അല്ലാഹുവിന്റെ പ്രീതിക്കായാണ് നോമ്പ് നോൽക്കുന്നതെങ്കിൽ നോമ്പുള്ള അത്രയും സമയം ദൈവസ്മരണയിൽ കഴിച്ചുകൂട്ടേണ്ടതാണ്. മറ്റൊരു സ്ഥലത്ത് ആ മഹാത്മാവ് പറയുന്നു, ഭക്ഷണപാനീയങ്ങൾ ഉപയോഗിക്കുന്നതിന്റെ കാരണത്താൽ ചില സന്യാസികൾക്ക് അങ്ങനെയുള്ള അവസ്ഥ സംജാതമാകുകയും അവർക്കും ആത്മീയ ദർശനം കരഗതമാകുകയും ചെയ്യുന്നു. എന്നാൽ ഒരു വിശ്വാസിയുടെ ജീവിതലക്ഷ്യം ഇതായിരിക്കാൻ പാടില്ല. ഒരു വിശ്വാസിയുടെ ജീവിത ലക്ഷ്യം ദൈവത്തിൽ വിലയം പ്രാപിക്കലാണ്. ഭൗതികതയിൽ നിന്നുള്ള വിച്ഛേദനമാണ്. ഇത് സാധിക്കുന്നത് ദൈവാരാധാനയിലൂടെയും ദൈവസ്മരണയിലൂടെയുമാണ്. നമസ്കാരമാണ് ഇതിന്റെ ഏറ്റവും ഉത്തമമായ മാർഗം. അത് ആത്മാവിൽ സ്വാധീനം ചെലുത്തുന്നു. അല്ലാഹുവിന്റെ സാമീപ്യത്തിന് അത് കാരണമായിത്തീരുന്നു. അതിനാൽ യഥാർഥത്തിലുള്ള നോമ്പ് എന്നത് ഭൗതിക ഭക്ഷണം കുറക്കുന്നതോടൊപ്പം അല്ലാഹുവിന്റെ കൽപന പ്രകാരം അനുവദനീയമായ വസ്തുക്കളിൽ നിന്നുപോലും അൽപ സമയം വിട്ടു നിൽക്കുകയും ആ സമയങ്ങളിൽ ഭൗതി കപ്രവർത്തനങ്ങളിൽ മാത്രം മുഴുകാതെ നമസ്കാരത്തിലും ദൈവസ്മരണയിലും പൂർണമായും ശ്രദ്ധ തിരിക്കുകയും ചെയ്യുക എന്നതാണ്. ഇത് തഖ്‌വക്ക് അനിവാര്യമാണ്. നമസ്കാരം മുമ്പ് ജംആക്കി നമസ്കരിച്ചു കൊണ്ടിരുന്നെങ്കിൽ, ചില സന്ദർഭങ്ങൾ സമയത്ത് നമസ്കരിക്കാൻ കഴിയാതെ വന്നിട്ടുണ്ടായിരുന്നെങ്കിൽ ഈ ദിനങ്ങളിൽ ഈ കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധചെലുത്തുക. അങ്ങനെ ദൈവസ്മരണയും ആരാധനയും മറ്റെല്ലാത്തിനേക്കാളും പ്രാധാന്യം കൊടുക്കുന്ന അവസ്ഥ കൈവരിക്കണം. അദ്ദേഹം പറയുന്നു: അല്ലാഹുവിനെ സ്തുതിക്കുന്നതിലേക്ക് ശ്രദ്ധയുണ്ടായിരിക്കണം എന്ന് നാം പറയുമ്പോൾ അത് വെറും അധരവ്യായാമമായി മാറരുത്. അൽഹംദുലില്ലാഹി എന്ന് പറയുമ്പോൾ ഹംദ് (സ്തുതി) പ്രതാപവാനായ അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാണെന്ന് മനസ്സിലാക്കുക. എല്ലാ തരം സ്തുതിയും അല്ലാഹുവിന്റെ അസ്തിത്വത്തിന് മാത്രം അവകാശപ്പെട്ടതാണെന്ന് മനസ്സിലാക്കുക. എല്ലാ സ്തുതിയും അല്ലാഹുവിലേക്ക് തന്നെയാണ് മടങ്ങുന്നത്. വഴികേടിലായവരെ നേർവഴിയിലാക്കുന്ന അല്ലാഹുവിനെയാണ് നാം സ്തുതിക്കുന്നത്.വർഷം മുഴുവനും നാം അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടേണ്ട രീതിയനുസരിച്ച് കുമ്പിട്ടിട്ടില്ലെങ്കിൽ ഈ മാസത്തിൽ അല്ലാഹു നമുക്ക് ഹിദായത്ത്, നേർമാർഗം കാണിച്ചു തരട്ടെ എന്ന് പ്രാർഥിക്കുക. അങ്ങനെ ഭാവിയിൽ ഇതു മുഖേന ദുർമാർഗത്തിൽ നിന്നും നാം രക്ഷപ്പെടട്ടെ. അങ്ങനെ സ്തുതിയുടെ അനുഗ്രഹത്തിൽ നിന്നും അനുഗ്രഹം കരസ്ഥമാക്കിക്കൊണ്ട് അല്ലാഹുവിന്റെ തഖ്‌വ സ്വീകരിക്കുന്നവരായി നാം മാറട്ടെ.

ആ മഹാത്മാവ് പറയുന്നു, സ്തുതിക്കുമ്പോൾ നമ്മുടെ മനസ്സിൽ ഉണ്ടായിരിക്കേണ്ട മറ്റൊരു ചിന്ത എല്ലാ ആദരവും ദൈവകരങ്ങളിൽ നിക്ഷിപ്തമാണെന്നാണ്. അതുകൊണ്ട് ഈ റമദാനിൽ ഇപ്രകാരം കൂടി പ്രാർഥിക്കുക. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുവാൻ കഴിയുന്ന സത്പ്രവർത്തികൾ ചെയ്യാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ. ഭൗതിക പൊങ്ങച്ചത്തിനും ആദരവിനും വേണ്ടി നെട്ടോട്ട മോടുന്നവരായി നാം മാറാതിരിക്കട്ടെ.

അല്ലാഹുവിന്ന് ഹംദ് (സ്തുതി) ചെയ്യുമ്പോൾ നാം മനസ്സി

ലാക്കേണ്ട മറ്റൊരു കാര്യം നാം എപ്പോഴും ആശ്രയിക്കുന്നത് അല്ലാഹുവിന്റെ അസ്തിത്വത്തെയായിരിക്കണം. ഭൗതികമായ ഒന്നിനെയും നാം ആശ്രയിക്കുന്നതല്ല. പറയുന്നു, അല്ലാഹുവിന്റെ തസ്ബീഹിൽ, പരിശുദ്ധിയെ വാഴ്ത്തുന്നതിലും റമദാനിൽ ശ്രദ്ധയുണ്ടായിരിക്കണം.

സുബ്ഹാനല്ലാഹ് എന്ന് ഉരുവിട്ടതു കൊണ്ട് മാത്രം കാര്യമായില്ല. അല്ലാഹുവിന്റെ പരിശുദ്ധി വാഴ്ത്തുന്നതോടൊപ്പം ഇപ്രകാരം വേദനയോടെ പ്രാർഥിക്കുക. അല്ലാഹു തആല നമ്മേ ഇഹലോകത്തുള്ള എല്ലാ അശുദ്ധിയിൽ നിന്നും വിശുദ്ധീകരിക്കട്ടെ. ഈ റമദാൻ നമ്മിൽ യഥാർഥ വിശുദ്ധി ഉണ്ടാകുന്നതായിത്തീരട്ടെ. തുടർന്ന് പറയുന്നു, നിങ്ങൾ ലാഇലാഹ ഇല്ലല്ലാഹ് എന്ന് ചൊല്ലുക. ആരാധനക്കർഹൻ അല്ലാഹു മാത്രമാണെന്ന വിശ്വാസത്തോടെ ആരാധിക്കുക. നമ്മേ വല്ല നഷ്ടത്തിൽ നിന്നും രക്ഷപ്പെടുത്താൻ കഴിയുമെങ്കിൽ അത് അല്ലാഹുവിന് മാത്രമെ കഴിയുകയുള്ളൂ. എപ്പോഴെങ്കിലും നമുക്ക് പിന്തുണയുടെ ആവശ്യമുണ്ടെങ്കിൽ അല്ലാഹുവിന്റെ പിന്തുണ മാത്രം നാം പ്രതീക്ഷിക്കുക. മനുഷ്യന് എപ്പോഴും അല്ലാഹുവിന്റെ താങ്ങാണ് ആവശ്യം. അതുകൊണ്ട് ഈ യഥാർഥ ആരാധ്യന്റെ മുമ്പിൽ എപ്പോഴും കുമ്പിട്ടു കൊണ്ടിരിക്കാൻ ശ്രമിക്കുക.

റമദാനിന് നോമ്പിനോടൊപ്പം ഇപ്രകാരം ദുആ ചെയ്യുക: അല്ലാഹുവേ! നീ എപ്പോഴും നിന്റെ സംരക്ഷണത്തിലാക്കേണമേ. നോമ്പ് മുഖേന നോമ്പുകാർക്ക് വിധിക്കപ്പെട്ടിരിക്കുന്ന പരിവർത്തനം അല്ലാഹുവെ ഞങ്ങളിലും ഉണ്ടാക്കേണമേ. ഈ പരിവർത്തനം ജീവിതം മുഴുവൻ ഞങ്ങൾക്ക് അനുഗ്രഹം കരസ്ഥമാക്കുന്നതാക്കി മാറ്റേണമേ.

നിങ്ങളുടെ ഈ സ്തുതിയും, പരിശുദ്ധിയെ വാഴ്ത്തലും ഏകത്വ പ്രഖ്യാപനവും എല്ലാം പൂർണമായും ദൈവത്തിൽ വിലയം പ്രാപിക്കുന്ന അവസ്ഥ സംജാതമാക്കുന്നതാണ്. തബത്തുൽ കരഗതമാകുന്നു. *തബത്തുൽ ഇലല്ലാഹ്* എന്ന് പറഞ്ഞാൽ അല്ലാഹുവിന്റെ പ്രീതിക്കായി എല്ലാവിധ ഭൗതികാഗ്രഹങ്ങളിൽനിന്നും വിച്ഛേദനം കരസ്ഥമാക്കുക എന്നതാണ്. അല്ലാഹുവിനോട് പൂർണ്ണ കൂറു പുലർത്തി കൊണ്ട് ബന്ധം നിലനിർത്തുക. തുടർന്ന് പറയുന്നു, ഭൗതിക വിച്ഛേദനം ഇതു മുഖേന കരഗതമാകുന്നു. ഭൗതികമായ എല്ലാ വിനോദങ്ങളിൽ നിന്നും തന്നെ അകറ്റി നിർത്തുക. അല്ലാഹുവിന്റെ ആരാധനയിൽ പൂർണമായും ശ്രദ്ധ ചെലു ത്തുക. അങ്ങനെയാകുമ്പോഴാണ് അല്ലാഹു പറഞ്ഞ ലക്ഷ്യം കരസ്ഥമാക്കുന്നവരായി നാമും മാറുന്നത്. നോമ്പുകാരൻ തഖ്വ കരസ്ഥമാക്കുന്നവനായി മാറുന്നതാണ്.

ഞാൻ ഒരു സുഹൃത്തിന്റെ സംഭവം പറഞ്ഞിരുന്നുവല്ലോ, മുമ്പുള്ള മതക്കാർ അവരുടെ മതകർമങ്ങൾ ഉപേക്ഷിച്ചിരിക്കുന്നു. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായി അവർ പറഞ്ഞ നിബന്ധനകളെ അവർ ഉപേക്ഷിച്ച് കൊണ്ട് ഭൗതിക മര്യാദകൾക്ക് പ്രാധാന്യം നൽകി. ഏതു രീതിയിൽ നോമ്പെടുക്കണം എന്ന് അവരോട് നിർദേശിക്കപ്പെട്ടോ അത ല്ലെങ്കിൽ അവർക്ക് മനസ്സിലായ നോമ്പെടുക്കേണ്ട രീതിയുടെ ആത്മാവിനെ പോലും അവർ ഉപേക്ഷിച്ച് കളയുകയുണ്ടായി. ഒരു ആരാധനയായ നോമ്പ്, അതിന്റെ ലക്ഷ്യം തഖ്വയും ദൈവപ്രീതിയും കരസ്ഥമാക്കലാണ്, അതെല്ലാം അവർ ഉപേക്ഷിച്ചു.

ഭൗതികമായ മര്യാദയുടെ പേരിൽ ആതിഥേയന്റെ പേരും പറഞ്ഞ് അല്ലാഹുവിന്റെ കൽപനയെ ലംഘിക്കുക എന്നതും ശിർക്കാണെന്ന് സൂക്ഷ്മമായി വിലയിരുത്തുമ്പോൾ മനസ്സിലാക്കുന്നതാണ്. അല്ലാഹുവിനെ വിട്ട് ആർക്കു നാം പ്രാധാന്യം നൽകുന്നുവോ അതു മുഖേന അല്ലാഹുവിന്റെ അസ്തിത്വം പിന്തള്ളപ്പെടുന്നു. ശിർക്ക് അതിനെ കീഴ്പ്പെടുത്തുന്നു.

പറയുന്നു, നിങ്ങൾക്ക് മുമ്പ് കഴിഞ്ഞു കടന്നവർക്കും നോമ്പ് നിർബന്ധമാക്കിയിരുന്നു. ഇത് നിങ്ങൾക്ക് മാത്രമുള്ള കൽപനയല്ല. എന്നാൽ മതപരമായി മുമ്പുള്ള സമൂഹത്തിന്റെ അവസ്ഥ മോശമായികൊണ്ടിരുന്നു. അവർ അല്ലാഹുവിന്റെ കൽപനയുടെ ആത്മാവിനെ മറന്നു പോയി. പ്രദർശനാത്മകതയിൽ മാത്രം ആരാധനകൾ ഒതുങ്ങിപ്പോയി.

ഈ ഉദാഹരണത്തിലൂടെ മുസ്ലിംകൾക്ക് നൽകുന്ന ഒരു പാഠം, നോമ്പിന്റെ ആത്മാവിനെ മനസ്സിലാക്കാത്ത, അല്ലാഹുവിൽ വിലയം പ്രാപിക്കുന്ന കാര്യത്തിലേക്ക് മുന്നേറാത്ത, നോമ്പിൽ സ്തുതിയും ദൈവസ്മരണയിലും ശ്രദ്ധിക്കാത്ത, തങ്ങളുടെ നമസ്കാരങ്ങൾ ശ്രദ്ധിക്കാത്ത, തങ്ങളുടെ നോ മ്പിൽ മാത്രം അഭിമാനം കൊള്ളുന്ന മുസ്ലിംകളോട് പറയുന്നത് അവരുടെ നോമ്പ് മുമ്പുള്ള മതക്കാർ ഇപ്പോൾ അനുഷ്ഠിക്കുന്ന നോമ്പു പോലെ വെറും നോമ്പ് മാത്രമായി ത്തീരുന്നതാണ്. തഖ്വയെ കുറിച്ച് ശ്രദ്ധയില്ലെങ്കിൽ മുമ്പുള്ള മതങ്ങളെ വിശ്വസിച്ചവരുടെ അതേ അവസ്ഥ തന്നെയാ യിരിക്കും നിങ്ങളുടെയും അവസ്ഥ. ചില നാമധാരികളായ പണ്ഡിതർ നിർബന്ധ നോമ്പുകൾ കൂടാതെ നഫലായ ഐച്ഛിക നോമ്പും എടുക്കാറുണ്ട്. അതു പോലും അവർ പുറത്ത് പ്രകടിപ്പിക്കുന്നു. നഫൽ എന്നത് മറഞ്ഞുകൊണ്ട് ചെയ്യുന്ന ആരാധനയാണ്. അങ്ങനെയുള്ളവരെ കുറിച്ച് ഹ : മസീഹ് മൗഊദ് (അ)ഉം പറഞ്ഞിട്ടുണ്ട്. അതിഥികൾ വന്നാൽ ഭക്ഷണം വരുത്തിച്ച തിനു ശേഷം അവർ പറയും; 'നിങ്ങൾ ഭക്ഷണം കഴിക്കുക. എനിക്കിപ്പോൾ പറ്റില്ല.' ഇങ്ങനെ വ്യാജമായി തന്റെ നോമ്പിനെ പ്രദർശിപ്പിക്കാനാണ് അവർ ആഗ്രഹിക്കുന്നത്.ചിലർ

റമദാനിൽ നോമ്പിന്റെ ദൈർഘ്യം എടുത്ത് പറഞ്ഞ് നടക്കാറുണ്ട്. ചിലർ തങ്ങളുടെ ഭക്തി പ്രദർശിപ്പിക്കാനായി താൻ അത്താഴം കഴിച്ചതും നോമ്പ് തുറന്ന തും ഇത്ര കുറച്ച് ഭക്ഷണം കഴിച്ചിട്ടാണെന്ന് വെളിപ്പെടുത്തുന്നു. 'അത്താഴം കുറച്ചാണ് കഴിച്ചത്, നോമ്പു തുറക്കു മ്പോഴും വളരെ കുറച്ചാണ് കഴിക്കാറുള്ളൂ.' ഇങ്ങനെ പറഞ്ഞ് നോമ്പിനെ പ്രകടിപ്പിക്കും. ചില സന്ദർഭങ്ങളിൽ ഇത് നാം അറിയാതെ പറഞ്ഞുപോകാറുണ്ട്. അതിൽ ഇതെല്ലാം പ്രദർശിപ്പിക്കണം എന്ന ഉദ്ദേശ്യമൊന്നും ഉണ്ടാവില്ല. എന്നാൽ ചിലർ ഈ വക കാര്യങ്ങൾ പ്രത്യേകം എടുത്ത് പറയും. നാമധാരികളായ പണ്ഡിതന്മാർ പ്രസംഗത്തിൽ അൽപ്പ ഭക്ഷണത്തിന്റെ കാര്യം പറയും എന്നാൽ അമിതഭക്ഷണ പ്രിയരായിരിക്കും അവർ.

അല്ലാഹു പറയുന്നു. നിങ്ങളുടെ ഓരോ ആരാധനയുടെയും ഉദ്ദേശ്യം തഖ്‌വ കരസ്ഥമാക്കുക എന്നതിനായിരിക്കണം. നിങ്ങളുടെ ആരാധനകൾ വെറും ബാഹ്യമായ പ്രകടനത്തിനാണെങ്കിൽ മുമ്പുള്ളവർക്ക് ഇങ്ങനെയുള്ള പ്രകടനം കൊണ്ട് ഒരു നേട്ടവും ലഭിക്കാത്തതുപോലെ നിങ്ങൾക്കും ഒന്നും ലഭിക്കുന്നതല്ല. നോമ്പ് കൊണ്ട് നിങ്ങൾ ഉദ്ദേശിക്കുന്നത് ജനങ്ങളിൽ സ്വാധീനം ചെലുത്തുകയാണ് എങ്കിൽ അത് കാരണം അവർ സ്വാധീനിക്കപ്പെട്ടേക്കാം. അതാണ് നിങ്ങൾക്കുള്ള പ്രതിഫലം. അത് നിങ്ങൾക്ക് ലഭിക്കുകയും ചെയ്തു. അല്ലാഹുവിന്റെ പക്കൽ ഇതിന് ഒരു പ്രതിഫലവും ഉണ്ടാകില്ല. അല്ലാഹുവിന്റെ പക്കൽ വല്ല നന്മയുടെ പ്രതിഫലവും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഇത് തഖ്‌വ ലഭിക്കാതെ കരഗതമാകുകയുമില്ല. തഖ്‌വയെക്കുറിച്ച് അല്ലാഹുവിന് മാത്രമേ ശരിക്കും വിധി പറയാൻ കഴിയുകയുള്ളൂ. തഖ്‌വയിൽ ചരിക്കുന്നവർ ആരാണെന്നും മറ്റും അവനാണ് തീരുമാനിക്കുന്നത്.അതുകൊണ്ട് ഒരു വിശ്വാസി ഈ രീതിയിൽ ചിന്തിച്ചു കൊണ്ട് തന്റെ റമദാൻ കഴിച്ചുകൂട്ടുമ്പോൾ ഈ നോമ്പ് ദൈവ പ്രീതി കരസ്ഥമാക്കുന്നതായി മാറും. ഭാവിയിൽ നന്മ ചെയ്യുന്ന തിന് ഇത് കാരണമായി മാറും. അങ്ങനെയുള്ള വ്യക്തികൾ തിരുനബി(സ) പറഞ്ഞ ഒരു പ്രത്യേക ഗണത്തിൽ ഉൾപ്പെടുന്നു. ആ ഗണത്തെക്കുറിച്ച് തിരുനബി(സ) പറയുകയുണ്ടായി, വിശ്വാസത്തോടും ആത്മപരിശോധന ചെയ്തുകൊണ്ടും ആരാണോ റമദാനിലെ നോമ്പ് അനുഷ്ഠിക്കുന്നത് അവരുടെ കഴിഞ്ഞുപോയ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്.

അല്ലാഹു പറയുന്നു: നോമ്പ് എനിക്ക് വേണ്ടിയാണ് എടുക്കുന്നത്. ഞാൻ അങ്ങനെയുള്ള നോമ്പുകാരന്റെ പ്രതിഫലമായി മാറുന്നു. ദൈവപ്രീതി കരസ്ഥമാക്കുന്നതിനായി നോമ്പെടുക്കുന്ന വ്യക്തിയുടെ പ്രതിഫലം എന്ത് നൽകണം എന്ന് അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ. അല്ലാഹു ദയാലുവാണ്. അവൻ നൽകുമ്പോൾ വളരെ കൂടുതലായി നൽകുന്നു.

ചുരുക്കത്തിൽ ഈ വിധത്തിലുള്ള നോമ്പാണ് നാമോരുത്തരും പിടിക്കേണ്ടത്. ഈ നാളുകളിൽ എല്ലാവരും അത്താഴത്തിൽ എഴുന്നേൽക്കുകയും വൈകുന്നേരം നോമ്പു തുറക്കാൻ ഒത്തൊരുമിക്കുകയും ചെയ്യുന്നു. രാവിലെ മുതൽ വൈകുന്നേരം വരെ പട്ടിണി കിടക്കുക എന്നത് മാത്രം നോമ്പിന്റെ ലക്ഷ്യമാകാതിരിക്കട്ടെ. മറിച്ച് തഖ്‌വയെ അന്വേഷിക്കുക. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ ശ്രമിക്കുക. പരിചആയിത്തീരുന്ന നോമ്പാക്കിത്തീർക്കുക. എല്ലാ തിന്മ യിൽ നിന്നും രക്ഷിക്കുന്നതും എല്ലാ നന്മകളും സ്വായത്ത മാക്കാൻ കഴിയുന്നതുമായ നോമ്പാക്കിമാറ്റുക. പകൽ പട്ടിണിയിൽ മാത്രം കഴിച്ചുകൂട്ടാതെ ദൈവസ്മരണയിൽ മുഴുകുന്നതും രാത്രികളെ നഫലുകളാൽ നിറക്കുന്നതുമായ നോമ്പാക്കിമാറ്റുക.

തിരുനബി(സ) റമദാനിലെ നഫലുകൾക്ക് വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. പറയുന്നു; ആരാണോ റമദാനിലെ രാത്രിയിൽ എഴുന്നേറ്റ് നഫൽ നമസ്കരിക്കുന്നത് അവരുടെ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. നോമ്പ് മതപരമായ തിന്മകളിൽ നിന്നും രക്ഷപ്പെട്ട് ആത്മീയവളർച്ചക്ക് മാത്രം ഉപകരിക്കുന്നതല്ല, മറിച്ച് ഭൗതിക ദോഷങ്ങളിൽ നിന്നും രക്ഷപ്പെടുത്തുന്നതും ഭൗതിക ഗുണങ്ങൾ നൽകുന്നതും കൂടിയാണ്. ഉദാഹരണത്തിന് ഡോക്ടർമാരും ശാസ്ത്രജ്ഞമാരിൽ ഒരു വിഭാഗവും സമ്മതിച്ചു തുടങ്ങിയിട്ടുണ്ട്. അതായത് വർഷത്തിൽ ഒരു മാസം ഭക്ഷണത്തിലുള്ള നിയന്ത്രണം മനുഷ്യശരീരത്തിന് വളരെ ഗുണകരമാണ്. അല്ലാഹുവിന്റെ പ്രീതിയാണ് ലക്ഷ്യം വെക്കുന്നതെങ്കിൽ ഭൗതികനേട്ടങ്ങളും അതോടൊപ്പം ലഭിക്കുന്നു. ഇതല്ലാതെയും പല നേട്ടങ്ങളും ലഭിക്കുന്നതാണ്. നോമ്പ് തഖ്‌വ കരസ്ഥമാക്കുന്നതിനായി അനുഷ്ഠിക്കുമ്പോൾ, തഖ്‌വ സ്വായത്തമാക്കുന്നതിൽ കഴിച്ചുകൂട്ടുന്ന റമദാൻ, സമൂഹത്തിന്റെ സൗന്ദര്യത്തിനും കാരണമായിത്തീരുന്നു. മറ്റുള്ളവർക്കായി ത്യാഗം ചെയ്യാനുള്ള ആത്മാവ് ഉണ്ടായിത്തീരുന്നു. ദരിദ്രരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിലേക്ക് ഇത് ശ്രദ്ധ തിരിക്കുന്നു. തിരുനബി(സ) യുടെ മാതൃക നമ്മുടെ മുമ്പിലുണ്ട്. അതിൽ നിന്നും മനസ്സിലാകുന്നത് റമദാൻ മാസത്തിൽ തിരുനബി(സ) ദാനധർമ്മങ്ങൾ ശക്തമായ കാറ്റു വീശുന്നത് പോലെ ചെയ്തിരുന്നു എന്നാണ്. തീർച്ചയായും ഇത് സമൂഹ ത്തിലുണ്ടാകുന്ന അസ്വസ്ഥകളെ ദൂരീകരിക്കാൻ കാരണമാകുന്നതാണ്. ഒരു വിശ്വാസിയുടെ ഹൃദയത്തിൽ മറ്റൊരു വിശ്വാസിക്ക് വേണ്ടി തന്റെ ആവശ്യക്കാരനായ സഹോദരന് വേണ്ടി സ്നേഹവികാരം അലതല്ലേണ്ടതാണ്. അല്ലാഹുവിന്റെ

പ്രീതിക്കായി നോമ്പെടുക്കുന്ന ധനികനായ ഒരു സുഹൃത്തിനോട് സ്നേഹവും നന്ദിയും ഒരു ദരിദ്രനായ വിശ്വാസിയിൽ ഉണ്ടാകുന്നതിന് ഇത് കാരണമായി ത്തീരുന്നതാണ്. തഖ്‌വ സ്വായത്ത മാക്കാനുള്ള നോമ്പാണെങ്കിൽ അതിൽ കഠിനാധ്വാനത്തിനുള്ള ശീലം ഉണ്ടായിത്തീരുന്നു. അത്താഴ ത്തിലും ഇഫ്ത്താരിയിലും ഭക്ഷണം കുറച്ച് കഴിക്കുന്നത് മറ്റുള്ളവരെ കാണിക്കാനായിരിക്കില്ല. മറിച്ച് ഭൗതിക ഭക്ഷണം കുറച്ച്, ആത്മ വിശുദ്ധീകരണത്തിലേക്ക് ശ്രദ്ധിക്കാൻ വേണ്ടിയായിരിക്കും. ഭക്ഷണം കുറച്ച് കഴിച്ച് ഞങ്ങൾ ക്ഷീണിച്ച് പോകുമോ എന്ന് ചിന്തിക്കുന്നവരും അത്താഴത്തിലും നോമ്പ് തുറക്കുമ്പോഴും വളരെ കൂടുതൽ കഴിക്കുന്നവരും ഇതിൽ നിന്നും പാഠം പഠിക്കേണ്ടതാണ്. തങ്ങളുടെ ഭക്ഷണം അവർ നിയന്ത്രി ക്കണം.

ഫിത്നയും കുഴപ്പവും ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ നിന്നും, പിണക്കവും ബന്ധങ്ങളിൽ വിള്ളലുകൾ ഉണ്ടാകാനും സാധ്യതയുള്ള സ്ഥലങ്ങളിലും **ഇന്നീ സാഇമൂൻ** (ഞാൻ നോമ്പുകാരനാണ്) എന്ന് പറഞ്ഞുകൊണ്ട് ഒഴിയാനാണ്. റസൂൽ തിരു മേനി(സ) കൽപ്പിച്ചത്. ഇതിലെല്ലാം തഖ്‌വയുടെ മാർഗങ്ങൾ കാണിച്ചുതരികയാണ് ചെയ്യുന്നത്. നോ മ്പിന്റെ കടമകൾ നിറവേറ്റാനും തഖ്‌വ സ്വായത്ത മാക്കാനും തങ്ങളുടെ വികാരങ്ങളെ നിയന്ത്രിക്കേണ്ടതും അനിവാര്യ മാണ്. പ്രശ്നങ്ങളിൽ നിന്നും നാം നമ്മെ രക്ഷപ്പെടുത്തണം. അപ്പോഴാ ണ് നോമ്പുകൊണ്ടുള്ള ഫലം കരസ്ഥമാകുന്നത്. പരദൂഷണ ത്തിൽ നിന്നും സ്വയം രക്ഷിക്കണം. കളവ് പറയുന്നതിൽ നിന്നും തെറ്റായ വിവരണങ്ങളിൽ നിന്നും സ്വയം രക്ഷിക്കണം. നോമ്പുകാരൻ തന്റെ നാവിനെ തെറ്റായ വിവര ങ്ങൾ നൽകുന്നതിൽ നിന്നും തടയേണ്ടതാണ്. തന്റെ നാവി നെ ഒരു മാസം വരെ നിയന്ത്രിക്കുകയും തെറ്റായ വിവരങ്ങൾ നൽകുന്നതിൽ നിന്ന് തടയുന്നതും ഭാവിയിൽ വിവിധ തെറ്റുകളിൽ നിന്നും അപകടങ്ങളിൽ നിന്നും മനുഷ്യനെ രക്ഷിക്കുന്നതായിരിക്കും. ഒരു മാസം തിന്മയിൽ നിന്നും രക്ഷപ്പെടാൻ ശ്രമിച്ചാൽ തഖ്‌വയിൽ സ്ഥിരമായി ചരിക്കാനുള്ള ശീലം ഉണ്ടായിത്തീരുന്നതാണ്. തഖ്‌വ അന്വേഷിക്കുന്ന ശീലം ഉണ്ടായിത്തീരുന്നതാണ്. ഈ ശീലം ഉണ്ടാക്കിയെടുക്കുക എന്നതാണ് നോമ്പുകൊണ്ടും റമദാൻ കൊണ്ടും ഉദ്ദേശിക്കുന്നത്. അതല്ലാതെ വർഷത്തിൽ ഒരു മാസം മാത്രം നന്മ ചെയ്യുകയും ദൈവപ്രീതി കരസ്ഥമാക്കാനുള്ള പരിശ്രമം നട ത്തുകയും പതിനൊന്ന് മാസവും തന്നിഷ്ടം പ്രവർത്തിക്കുകയും തിന്മയിൽ മുഴുകുകയും ചെയ്യുക എന്നതല്ല ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്.

അതുകൊണ്ട് ഓരോരുത്തരും ഈ മാസം ഒരാത്മപരിശോ ധന നടത്തിക്കൊണ്ട് റമദാനിന്റെ ആത്മാവിനെ അന്വേഷിക്കേണ്ടി യിരിക്കുന്നു. തഖ്‌വയുടെ മാർഗം അന്വേഷിക്കേണ്ടിയിരിക്കുന്നു. അനുവദനീയമായതും നല്ലതുമായ വസ്തുക്കൾ തന്നെയും അല്ലാഹുവി ന്റെ കൽപനപ്രകാരം ഉപേക്ഷിക്കു വാനുള്ള പരിശീലനം നമ്മിൽ സ്വഭാവസംസ്ക്കരണത്തിന് ശ്രമിക്കുന്നതിനുള്ള കാരണമായി ത്തീരണം. സൃഷ്ടികളുടെ കടമകൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധയുണ്ടാ കുമ്പോൾ, ദരിദ്രസഹോദരങ്ങളെ സഹായിക്കുന്നതിലേക്ക് ശ്രദ്ധയു ണ്ടാകുമ്പോൾ അതിനെ ജീവിതമുടനീളം ശ്രദ്ധിക്കുന്നതാക്കി മാറ്റാനായി പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്. റമദാനിൽ ഇബാദത്തുകളുടേയും ത്യാഗങ്ങളുടേയും ഒരു പ്രത്യേക അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നു. അതിനെ സ്ഥിരമായി നില നിർത്താൻ ശ്രമിക്കണം. അങ്ങിനെ മുത്തഖീങ്ങളുടെ ഗണ ത്തിൽ ഉൾപ്പെടുന്നവരിലേക്ക് ഗമനം ചെയ്യുന്നവരായി നാം മാറട്ടെ. ഈ റമദാനിൽ നമ്മുടെ സർവ്വകഴിവും ഉപയോഗിച്ച് കൊണ്ട് അല്ലാഹുവി ന്റെ സാമീപ്യം കരസ്ഥമാക്കൻ ശ്രമി ക്കേണ്ടതാണ്.

റമദാനിൽ സ്വർഗകവാടങ്ങൾ അല്ലാഹു തുറന്നിടുന്നു എന്നത് അല്ലാഹു നമ്മോട് ചെയ്യുന്ന ഔദാര്യമാണ്. നരക കവാടങ്ങൾ അടക്കുകയും ചെയ്യുന്നു. ഈ മാസത്തിൽ ഇബാദത്തുകളും ആത്മപരിശുദ്ധിയും സൃഷ്ടി കളോടുള്ള കടമകളും നിറവേറ്റി ക്കൊണ്ട് സ്വർഗത്തിന്റെ ഈ കവാടങ്ങളിലൂടെ സ്വർഗത്തിൽ പ്രവേശിക്കാൻ ശ്രമിക്കേണ്ടതാണ്. അത് പിന്നീട് എപ്പോഴും തുറന്ന് തന്നെ കിടക്കുന്നതായിത്തീരട്ടെ. അല്ലാഹുവിന്റെ മുമ്പിൽ തൗബയും ഇസ്തിഗ്ഫാറും ചെയ്തു കൊണ്ട് കുമ്പിടുക. തൗബ സ്വീകരിച്ചു കൊണ്ട് അല്ലാഹു സന്തുഷ്ട നാകുന്ന ദാസരിൽ ഉൾപ്പെടുന്ന വരായി നാം മാറട്ടെ. തൗബ ചെയ്തു മടങ്ങുന്ന വ്യക്തിയെ കാണുമ്പോൾ കളഞ്ഞുപോയ തന്റെ പിഞ്ചോമനയെ ലഭിക്കുന്ന മാതാവിനേ ക്കാളും അല്ലാഹു സന്തോഷവാനാകുന്നു. അല്ലാഹുവി ന്റെ പ്രീതി കരസ്ഥമാക്കുന്നവരും കളഞ്ഞുപോയ പിഞ്ചോമനയെ ലഭിക്കുമ്പോൾ മാതാവിനുണ്ടാകു ന്ന സന്തോഷത്തേക്കാളും കൂടു തൽ സന്തോഷം ഈ റമദാനിൽ അല്ലാഹുവിന് നൽകുന്നവരുമായി നാം മാറട്ടെ.

അല്ലാഹുവിന് സന്തോഷം നൽകാൻ നേരത്തെ പറഞ്ഞതു പോലെ നമുക്ക് തഖ്‌വയിൽ ചരിച്ചു കൊണ്ട് ഫർളുകളും നഫലുകളു മാകുന്ന ആരാധനകളുടെ നില വാരം കൂടി നമുക്ക് ഉയർത്തേണ്ടി യിരിക്കുന്നു. നമ്മുടെ നോമ്പിന്റെ കടമകൾ നിറവേറ്റാൻ ശ്രമിക്കേണ്ടി യിരിക്കുന്നു. സൃഷ്ടികളുടെ കടമ നിറ വേറ്റുന്നതിലേക്ക് ശ്രദ്ധിക്കേണ്ടി യിരിക്കുന്നു. അല്ലാഹു തന്റെ ഫദ്ൽ ഒന്നു കൊണ്ട് മാത്രം ഇതെല്ലാം ഈ റമദാനിൽ കരസ്ഥമാക്കാനുള്ള തൗഫീഖ് നമുക്ക് നൽകുമാറാകട്ടെ.

# പരിശുദ്ധ റമദാനു സ്വാഗതം

വിശ്വാസികളുടെ മനവും തനുവും ആത്മീയ സുരഭിലമായ റമദാനെ വരവേൽക്കാൻ ഒരുങ്ങുന്നു.

**മുഹമ്മദ് ഉമർ എച്ച്. എ.**

പരിശുദ്ധ റമദാൻ അതിന്റെ എല്ലാ ദൈവികാനുഗ്രഹങ്ങളോടും കൂടി നമ്മുടെ ജീവിതത്തിലേക്ക് വീണ്ടും സമാഗതമായിരിക്കുന്നു. ദൈവികാരാധനയുടെയും ദൈവ സ്മരണയുടെയും ആത്മീയോന്നമനത്തിന്റെ ആ പരിശുദ്ധ വസന്തകാലം സമാഗതമാവുമ്പോൾ ഒരു വിശ്വാസിയുടെ ഹൃദയം സ്വർഗീയ കവാടത്തിന്റെ പടികടന്നെത്തിയ ഒരാത്മീയ അനുഭൂതി അനുഭവിച്ചതായറിയുന്നു. റസൂൽ തിരുമേനി(സ) യുടെ ജീവിതകാലത്ത് ഒരിക്കൽ റമദാൻ സമാഗതമാകുന്നതിന് മുമ്പ് അവിടുന്ന് തന്റെ അനുചരരെ അഭിസംബോധന ചെയ്ത് കൊണ്ട് ഇപ്രകാരം അരുളി:

അല്ലയോ ജനങ്ങളെ ! അതിമഹത്തായൊരു മാസം നിങ്ങൾക്ക് തണലേകാൻ ഇതാ സമാഗതമായിരിക്കുന്നു. ദൈവികാനുഗ്രഹങ്ങൾ നിറഞ്ഞ ആ മാസത്തിൽ ആയിരം മാസങ്ങളെക്കാൾ ശ്രേഷ്ഠമായ ഒരു രാത്രിയുണ്ട്. ആ മാസത്തിൽ നിങ്ങൾക്ക് നോമ്പ് കടമയാക്കപ്പെട്ടിരിക്കുന്നു. അതേ സമയം ആ പരിശുദ്ധ മാസത്തിലെ രാത്രിയിൽ തഹജ്ജുദ് എന്ന ഇബാദത്ത് ഐച്ഛിക കടമയാക്കപ്പെട്ടിരിക്കുന്നു. ദൈവസാമീപ്യം ആഗ്രഹിച്ചു കൊണ്ട് ആ മാസത്തിൽ ചെയ്യപ്പെടുന്ന ഐച്ഛികാരാധനകൾക്ക് സാധാരണ ദിവസങ്ങളിലനുഷ്ഠിക്കപ്പെടുന്ന നിർബന്ധിത ആരാധനകൾക്ക് തുല്യമായ പ്രതിഫലം ലഭിക്കുന്നതാണ്. ഈ പുണ്യ മാസത്തിൽ ചെയ്യപ്പെടുന്ന ഫർളായ ഇബാദത്തുകൾക്ക് എഴുപതിരട്ടി പ്രതിഫലം ലഭിക്കുന്നു. ക്ഷമയുടെയും സഹനത്തിന്റെയും പുണ്യ മാസമാകുന്നു ആഗതമാകുന്നത്. ക്ഷമയുടെ പ്രതിഫലം സ്വർഗമാകുന്നു. അത് അനുകമ്പയുടെയും സഹാനുഭൂതിയുടെയും മാസമാകുന്നു. ആ മാസത്തിൽ നോമ്പനുഷ്ഠിച്ച് ആളുകളെ നോമ്പു തുറപ്പിക്കുന്നത് അയാളുടെ പാപമോചനത്തിന്നും നരകാഗ്നിയിൽ നിന്നുള്ള മോചനത്തിനും കാരണമായി തീരുന്നു മാത്രമല്ല നോമ്പുകാരന്റെ അത്രതന്നെ പ്രതിഫലം നോമ്പു തുറപ്പിക്കുന്ന ആൾക്കും ലഭിക്കുന്നതാണ്. എന്നാലോ നോമ്പ് തുറപ്പിക്കപ്പെടുന്ന ആളുടെ പ്രതിഫലം കുറക്കപ്പെടുന്നതുമല്ല. തദവസരത്തിൽ സഹാബാക്കളിൽ ചിലർ ചോദിച്ചു: യാ റസൂലുല്ലാഹ് ഞങ്ങളിൽ ഇപ്രകാരം നോമ്പ് തുറപ്പിക്കാൻ കഴിയാത്തവരുമുണ്ടല്ലോ!

അപ്പോൾ റസൂൽ തിരുമേനി (സ)പ്രതിവചിച്ചു: അൽപ്പം വെള്ളമോ കാരക്കയോ നൽകി നോമ്പു തുറുപ്പിക്കുന്നവനും പ്രതിഫലം ലഭിക്കുന്നതാണ്. എന്നാൽ വയർ നിറച്ച് ആഹാരം നൽകുന്നയാൾക്ക് എന്റെ ഹൗളർ കൗസറിൽ നിന്ന് ജലപാനം ചെയ്യിക്കുന്നതായിരിക്കും. അങ്ങനെയുള്ള ആൾക്ക് പിന്നെ സ്വർഗത്തിൽ പ്രവേശിക്കുന്നത് വരെ ഒരിക്കലും ദാഹം ഉണ്ടാകുന്നതല്ല. ആ പുണ്യമാസത്തിന്റെ ആദ്യഘട്ടം റഹ്മത്തിന്റെയും (കാരുണ്യത്തിന്റെയും) മദ്ധ്യഘട്ടം മഗ്ഫിറത്തിന്റെയും (പാപപ്പൊറുതിയുടെയും) ആന്ത്യ ഘട്ടം പൂർണ്ണ പ്രതിഫലം നൽകപ്പെടുന്നതിന്റെയും ആകുന്നു(മിശ്കാത്ത്) സുദീർഘമായ പ്രസ്തുത ഹദീസിൽ നിന്നും പുണ്യറമദാൻ മാസത്തിലടങ്ങിയിരിക്കുന്ന പ്രത്യേകതയും അനുഗ്രഹവും ഗ്രഹിക്കാൻ കഴിയുമല്ലോ.

ഇനി ഈ പരിശുദ്ധ മാസത്തെ കുറിച്ച് ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) എന്താണരുൾ ചെയ്തതെന്ന് നോക്കാം.

***ശഹറു റമളാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ (2:186)*** എന്ന ആയത്തിൽ നിന്നും വിശുദ്ധ റമദാന്റെ മഹത്വം മനസ്സിലാവുന്നു. ഈ മാസം ഹൃദയ പ്രകാശനത്തിനുള്ള ഉത്തമമായ മാസമാണെന്നും അതിൽ അധികം ആത്മീയ ദർശനങ്ങൾ ഉണ്ടാകുമെന്നും

നമസ്ക്കാരം ആത്മാവിന് സംസ്ക്കരണവും നോമ്പ് ഹൃദയത്തിന് പ്രകാശവും നൽകുന്നു. ആത്മസംസ്ക്കരണമെന്നാൽ ദോഷപ്രണവമായ ആത്മാവിന്റെ ദേഹേച്ഛകളിൽ നിന്നും ദൂരപ്പെടുക എന്നതും ഹൃദയ പ്രകാശം എന്നാൽ ആത്മ ദർശനത്തിന്നുള്ള കവാടം തുറന്ന് അല്ലാഹുവിനെ കാണുവാൻ സാധിക്കുകയെന്നുമാണു ഉദ്ദേശ്യം.

സൂഫിമാർ എഴുതുന്നു. നമസ്ക്കാരം ആത്മാവിന് സംസ്ക്കരണവും നോമ്പ് ഹൃദയത്തിന് പ്രകാശവും നൽകുന്നു. ആത്മസംസ്ക്കരണമെന്നാൽ ദോശ പ്രണവമായ ആത്മാവിന്റെ ദേഹേച്ഛകളിൽ നിന്നും ദൂരപ്പെടുക എന്നതും ഹൃദയ പ്രകാശം എന്നാൽ ആത്മ ദർശനത്തിന്നുള്ള കവാടം തുറന്ന് അല്ലാഹുവിനെ കാണുവാൻ സാധിക്കുക യെന്നുമാണു ഉദ്ദേശ്യം. ഉൻസില ഫീഹിൽ ഖുർആൻ എന്ന ആയത്ത് ഇതിലേക്ക് സൂചന നൽകുന്നു. വ്രതാനുഷ്ഠാനത്തിനുള്ള പ്രതിഫലം അതിമഹത്തായതാണെന്നതിൽ സംശയമില്ല. എന്നാൽ വിവിധ തരത്തിലുള്ള രോഗങ്ങൾ മനുഷ്യന് ഈ അനുഗ്രഹം നഷ്ടപ്പെടുത്തുന്നു. എന്റെ യൗവനകാലത്ത് വ്രതാനുഷ്ഠാനം അഹ്‌ലെ ബൈയത്തിന്റെ ചര്യയിൽ പ്പെട്ടതാണെന്ന് ഞാൻ ഒരു സ്വപ്നത്തിൽ കാണുകയുണ്ടായി. എന്നെക്കുറിച്ച് റസൂൽ തിരുമേനി(സ) *'സൽമാൻ മിന്നാ അഹലുൽ ബൈത്തി'* സൽമാൻ അഹ്‌ലുബൈത്തിൽപ്പെട്ട ആളാണെന്ന് അരുൾ ചെയ്തിട്ടുണ്ട്. സൽമാൻ എന്ന വാക്കിന് രണ്ട് വിധത്തിലുള്ള സമാധാനം രഞ്ജിപ്പ്, യോജിപ്പ് എന്നാണർഥം ഇത്കൊണ്ട് ആന്തരികവും ബാഹ്യവുമായി രണ്ട് വിധത്തിലുള്ള സമാധാന സ്ഥാപനം എന്നാണു ഉദ്ദേശം. ആ ആൾ (വാഗ്ദത്ത മസീഹ്) കാരുണ്യവും അനുകമ്പയും മുഖേന യായിരിക്കും ഈ രണ്ടു വിധത്തിലുള്ള സമാധാനവും സ്ഥാപിക്കുക. ഈ സമാധാന സ്ഥാപനം ഖഡ്ഗം മുഖേനയല്ല. സൗമ്യതയും കാരുണ്യവും മുഖേനയായിരിക്കും എന്ന് ഇതിൽ നിന്നും മനസ്സിലാവുന്നു. ഈ ദർശനം വ്രതാനുഷ്ഠാനത്തിലേക്ക് സൂചന നൽകുന്നുവെന്നെനിക്കു തോന്നി. അങ്ങിനെ ഞാൻ ആറു മാസക്കാലം തുടർന്ന് നോമ്പനുഷ്ഠിച്ചു. ഇതിനിടയിൽ പ്രകാശത്തിന്റെ സ്തൂപങ്ങൾ ആകാശത്തേക്ക് ഉയർന്ന് പോകുന്നതായി എനിക്ക് കാണാൻ സാധിച്ചു. ആ പ്രകാശ സ്തുപങ്ങൾ ഭൂമിയിൽ നിന്ന് ആകാശത്തേക്ക് ഉയരുകയാണോ അതല്ല എന്റെ ഹൃദയത്തിൽ നിന്നുമാണോ എന്നെനിക്ക് സംശയമാണ്.(മൽഫൂസാത്ത്, വാല്യം4,പേ.256,257)

കഴിവനുസരിച്ച് അല്ലാഹു നിർദേശിച്ച കടമകൾ നിർവഹിക്കുവാൻ മനുഷ്യൻ ബാദ്ധ്യസ്ഥനാണ്. വ്രതാനുഷ്ഠാനത്തെ കുറിച്ച് അല്ലാഹു പറയുന്നത് ***'വ അൻതസുമൂ ഖൈറുല്ലക്കും'*** ***(2:185)*** നിങ്ങൾ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ നിങ്ങൾക്കത് വളരെയധികം ഗുണകരമാണ് എന്നാണ്.

എന്തിന്നാണ് ഫിദിയ നിശ്ചയിക്കപ്പെട്ടിരിക്കുന്നത് എന്ന ചിന്ത ഒരിക്കൽ എന്റെ ഹൃദയത്തിൽ ഉദിക്കുകയുണ്ടായി. അപ്പോൾ വ്രതാനുഷ്ഠാനത്തിനുള്ള തൗഫീഖ് (സൗഭാഗ്യം) ലഭിക്കുന്നതിന്നായിട്ടാണെന്ന് എന്റെ അന്തരംഗം എനിക്ക് മറുപടി നൽകി, മനുഷ്യന് തൗഫീഖ് നൽകുന്നവൻ അല്ലാഹുവാണ്. അതുകൊണ്ട് ഓരോ കാര്യവും അല്ലാഹുവിനോടാണ് ആവശ്യപ്പെടേണ്ടതും. അല്ലാഹു സർവശക്തനാണ്. അവൻ ഇച്ഛിക്കുകയാണെങ്കിൽ ഒരു ക്ഷയ രോഗിക്ക് കൂടി വ്രതമനുഷ്ഠിക്കാനുള്ള ശക്തി നൽകും. ഫിദിയ നിശ്ചയിക്കപ്പെട്ടതിന്റെ ഉദ്ദേശ്യം ആ ശക്തി കരഗതമാക്കുകയാണ്. ഇത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ മാത്രമേ ഉണ്ടാവുകയുള്ളൂ. അതുകൊണ്ട് എന്റെ പക്കൽ മനുഷ്യൻ അല്ലാഹുവിനോട് ഇപ്രകാരം ദുആ ചെയ്ത് സഹായം തേടേണ്ടതുണ്ട്. അതായത് അല്ലാഹുവേ, ഇത് നിന്റെ അനുഗ്രഹീതമായ മാസമാകുന്നു. എന്നാൽ ഞാൻ അതിൽ നിന്നും നഷ്ടപ്പെട്ടവനായി തീരുകയാണ്. അടുത്ത വർഷം ഞാൻ ജീവനോടെ ഇരിക്കുമോ ഇല്ലയോ? ഈ ഒഴിഞ്ഞു പോയ നോമ്പുകൾ നോറ്റു വീട്ടാൻ സാധിക്കുമോ ഇല്ലേ എന്നെനിക്കെന്തറിയാം? ഇങ്ങനെ അല്ലാഹുവിനോട് തൗഫീഖ് തേടുകയാണെങ്കിൽ അങ്ങനെയുള്ള ഹൃദയങ്ങൾക്ക് അല്ലാഹു തീർച്ചയായും ശക്തി നൽകും എന്നെനിക്കുറപ്പുണ്ട്...... ഈ അവസ്ഥയിൽ അയാൾ റമദാൻ മാസത്തിൽ രോഗഗ്രസ്ഥനായി തീരുകയാണെങ്കിൽ ഈ രോഗം അയാൾക്ക് കാരുണ്യമായി തീരുന്നതാണ്. കാരണം ഓരോ പ്രവർത്തിയുടേയും നിദാനം ഉദ്ദേശത്തിലാണുള്ളത്. വളരെ സൂക്ഷ്മവും ലോലവുമായ കാര്യമാണിത്. ഒരാൾക്ക് അയാളുടെ മനസ്സിലെ ആലസ്യം കാരണം നോമ്പ് ഭാരമായിത്തീരുകയും താൻ ഒരു രോഗിയാണെന്ന് കരുതുകയും ഒരു നേരത്തെ ഭക്ഷണം ഉപേക്ഷിക്കുകയാണെങ്കിൽ തനിക്ക് ഇന്നയിന്ന രോഗങ്ങൾ പിടിപെടുമെന്ന് ശങ്കിക്കുകയും ചെയ്യുകയാണെങ്കിൽ അയാൾ സ്വന്തം കരം കൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്തെ തട്ടി മാറ്റുകയാണ് ചെയ്യുന്നത്. അയാൾക്ക് അല്ലാഹുവിൽ നിന്ന് എങ്ങനെയാണ് പ്രതിഫലത്തിന് അർഹനായി തീരുവാൻ സാധിക്കുക.? എന്നാൽ ഏതൊരാളുടെ ഹൃദയം റമദാന്റെ ആഗമനത്താൽ സന്തുഷ്ടമായിരിക്കുകയും നോമ്പനുഷ്ഠിക്കുന്നതിനായി പ്രതീക്ഷിച്ചിരിക്കുകയും എന്നാൽ തക്ക സമയത്ത് രോഗം കാരണം ന്നോമ്പനുഷ്ഠിക്കാൻ സാധിക്കാത്ത നിർബന്ധിതാവസ്ഥ വരികയുമാണെങ്കിൽ ഉപരി ലോകത്ത് അയാൾ നോമ്പ് നഷ്ടപ്പെട്ടവനായി തീരുന്നതല്ല. (മൽഫൂസാത്ത്)

അല്ലാഹു നമുക്ക് ഈ പുണ്യ മാസത്തിന്റെ അനുഗ്രഹ ങ്ങൾ പൂർണമായും പ്രയോജനപ്പെടുത്തുവാനും നോമ്പനുഷ്ഠിച്ചു കൊണ്ട് ദിക്റെ ഇലാഹിയിലും തിലാവത്തെ ഖുർആനിലും മറ്റ് ഇബാദത്തുകളിലും മുഴുകിയിരിക്കു വാനും സാധിക്കു മാറാകട്ടെ. ●

# ആകാശത്ത് വെളിപ്പെട്ട ദൈവിക ദൃഷ്ടാന്തം – 2

റസൂൽ തിരുമേനി(സ) യുടെ പ്രവചന പ്രകാരം വാഗ്ദത്ത മസീഹിന്റെ അടയാളമായി റമദാനിൽ വെളിപ്പെട്ട ചന്ദ്ര സൂര്യഗ്രഹണങ്ങൾ എല്ലാ അർഥത്തിലും അതുല്യമാണ്. ആ ആകാശ ദൃഷ്ടാന്തത്തിന്റെ സൂക്ഷ്മ വശങ്ങൾ ലേഖകൻ വിവരിക്കുന്നു.

ഡോ. ഹാഫിസ് സാലിഹ് മുഹമ്മദ് അലാവുദ്ദീൻ

**6. പ്രവചനപൂർത്തി: വാഗ്ദത്ത മസീഹിന്റെ നന്ദിപ്രകടനം**

തിരുനബി (സ) യുടെ മഹത്താ യ പ്രവചനത്തിന്റെ പൂർത്തീകരണം വാഗ്ദത്ത മസീഹിനെ ആനന്ദ ഹർഷം കൊള്ളിച്ചു. അല്ലാഹു അദ്ദേഹത്തിന് നേരെ കാട്ടിയ ഔദാര്യത്തിൽ അവിടുത്തെ ഹൃദ യം തിങ്ങി വിങ്ങുകയുണ്ടായി. നന്ദി സൂചകമായി അദ്ദേഹമെഴുതിയ അറബിക്കവിതയുടെ ഏകദേശ ഗദ്യവിവർത്തനമിങ്ങനെയാണ്.

*അറിയുക, സോദരരെ നിങ്ങൾക്കിതാ സുവിശേഷം*
*മിത്രങ്ങളെ നിങ്ങൾക്കിതാ അഭിവാദനങ്ങൾ!*
*ദൈവാനുഗ്രഹത്തിന്റെ സമുജ്ജ്വല മുദ്രയാൽ*
*സത്യ ദ്രഷ്ടാവിൻ മാർഗമിന്നേറെ വ്യക്തമായല്ലോ*
*റമദാനിൽ ഒരുദൈവവിധിയുടെ പ്രകടനം*
*ഈ രാജ്യത്തെ സൂര്യചന്ദ്രന്മാർക്ക് ഗ്രഹണം ബാധിച്ചു.*
*പ്രവാചക പ്രഭുവിന്റെ സുവിശേഷ പ്രവചനം*
*ഇതാ കണിശതയുടെ നിറവിൽ കുറവേതുമില്ലാതെ നിറവേറി*
*ദൈവാനുഗ്രഹ സ്മൃതിയിലിന്ന്*
*ദിവ്യജ്ഞാനികൾ ആനന്ദാശ്രുക്കൾ പൊഴിക്കയായ്*
*തിരുനബിയുടെ പ്രവചന പൂർത്തിയിൽ*
*അല്ലാഹുവിന്റെ മഹത്തായ ഔദാര്യ സ്മരണയിൽ*
*അവർ ലയിക്കുന്നു.*
*അനുസരണ പ്രതിജ്ഞ ചെയ്തവർ*
*വിശ്വാസാധിക്യത്താൽ പുതിയ ഒരു വിശ്വാസിയായി*
*ഇപ്പോഴിതാ റമദാൻ കടന്നുപോയി*
*മറ്റുള്ളവർക്കിന്ന് പെരുന്നാളാണ്*
*ഞങ്ങൾക്കിത് ഇരട്ട പെരുന്നാളാണ്.*
*ചന്ദ്രൻ നിങ്ങൾക്ക് സന്മാർഗത്തിന്റെ വെളിച്ചം കാട്ടി*
*സൂര്യൻ നിങ്ങളെ ദൃഢവിശ്വാസത്തിലേക്കാനയിച്ചു.*
*നിങ്ങളുടെ രാജ്യത്തെ ദിവ്യപുരുഷന്*
*പിന്തുണയേകി*
*നിങ്ങൾക്ക് വേണ്ടി സ്രഷ്ടാവിന്റെ അടയാളങ്ങൾ*
*വെളിപ്പെട്ടിരിക്കുന്നു.*
*ഇത് ജ്യോതിഷിയുടെ അഭ്യാസമാണോ*
*അതല്ല സർവാധിനാഥനായ ദൈവത്തിന്റെ*
*അടയാളമോ?*
*സൃഷ്ടി ലോകത്തിന്റെ മോക്ഷദായകനും*
*വീരജേതാവുമായ തിരുനബി (സ) യുടെ*
*വചനമാകുന്നു ഇത്*
*അല്ലയോ ജനങ്ങളെ, കരുണാമയനും*
*പ്രതിഫലദാതാവുമായ ദൈവം*
*റമദാനിൽ എനിക്കായി ദൃഷ്ടാന്തങ്ങൾ കാണിച്ചു.*
*നിങ്ങൾക്കാഗ്രഹമുണ്ടെങ്കിൽ ദൈവവചനങ്ങൾ*
*വായിക്കുക*
*ചന്ദ്രനു ഗ്രഹണം ബാധിക്കും,*
*ആജ്ഞാ ലംഘനങ്ങളിൽ നിന്നും വിട്ടുമാറുക*
*ഖുർആന്റെ വചനങ്ങൾക്ക് വിശദീകരണമായി*
*തിരുനബിയുടെ പിന്തുടർച്ചക്കാർ*
*നിവേദനം ചെയ്ത തിരുമൊഴിയാണിത്*
*നമ്മുടെ പുണ്യനബിയുടെ വചനങ്ങളാണവ*
*അതിനാൽ അവയിൽ നിന്നും മുഖം തിരിച്ച*
*നിസ്സാരന്മാരെ കുറിച്ച് ദുഖിക്കേണ്ട.*

സുദീർഘമായ ഉദ്ധരണി സമാപിക്കുന്നത് ഇങ്ങനെയാണ്:

ഓ നാഥാ നീ അനുഗ്രഹിക്കേ ണമേ. ഹേ! മഹോന്നതനും എല്ലാ വിശുദ്ധരെക്കാളും വിശുദ്ധനുമായ മുഹമ്മദിന്റെ മുഖകാന്തിക്ക് വേണ്ടിയാണിതെല്ലാം! (നൂറുൽ ഹഖ്)


**7. ചന്ദ്രസൂര്യ ഗ്രഹണം റമദാനിൽ വീണ്ടും–ഹിജ്റ 1312 (മാർച്ച് 1895)**

മറ്റൊരു ഹദീസിൽ സൂര്യന് റമദാനിൽ രണ്ട് തവണ ഗ്രഹണം ബാധിക്കും. (മുക്തസിർ തദ്കിറ ഖുർത്തൂബി. പേജ് 1487. അൽഖു തൂബ് ശേഖ് അബ്ദുൽ വഹ്ഹാബ് ശീറാനി)

അടുത്ത വർഷം 1895 (ക്രി.വ) റമദാനിൽ ചന്ദ്ര

സൂര്യ ഗ്രഹണങ്ങൾ മാർച്ച് 11നും മാർച്ച് 26നും യഥാക്രമം വീണ്ടും സംഭവിക്കുക യുണ്ടായി. ഈ ഗ്രഹണം ദൃശ്യമാ യത് പടിഞ്ഞാറെ അർധഗോള ത്തിലാണ്. അത് ഖാദിയാനിൽ കണ്ടില്ല. പക്ഷേ പശ്ചിമ ദിക്കിൽ സംഭവിച്ച ഗ്രഹണ സമയം ഖാദിയാനിൽ യഥാക്രമം റമദാൻ മാസത്തിലെ 13നും 28നുമായി രുന്നു. ഗ്രഹണ തീയതി സ്ഥലങ്ങൾ ക്കനുസരിച്ച് മാറാവുന്നതാണ്.

വാഗ്ദത്ത മസീഹ് (അ) ഈ ഗ്രഹണങ്ങളെ സംബന്ധിച്ചും തന്റെ ഹഖീഖത്തുൽ വഹ്‌യ് എന്ന ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അദ്ദേഹം എഴുതി:




മറ്റൊരു ഹദീസിൽ പ്രസ്താവി ച്ചത് പോലെ ഈ ഗ്രഹണം രണ്ട് തവണ റമദാനിൽ സംഭവിക്കുന്നതാ ണ്. ആദ്യത്തേത് ഈ രാജ്യത്തും രണ്ടാമത്തേത് അമേരിക്കയിലും. രണ്ട് അവസരത്തിലും ഒരേ തീയതിയിലാണ് ഇത് ദൃശ്യമാവുക. ഈ ഗ്രഹണങ്ങൾ സംഭവിച്ച സമയത്ത് എന്നെ കൂടാതെ മറ്റൊരാ ളും മഹ്ദി മഊദ് (ദൈവിക പരിഷക്കർത്താവ്) ആണെന്ന അവകാശവാദവുമായി ഭൂമുഖത്തി ല്ലായിരുന്നു. മാത്രമല്ല ഇന്ന്‌വരെ എന്നെ കൂടാതെ മറ്റൊരാളും അകാശത്ത് വെളിപ്പെട്ട ഈ ഗ്രഹണങ്ങൾ അദ്ദേഹത്തിന്റെ വാദ ത്തിന് അനുകൂലമായി ഉന്നയിക്കുക യോ അറബി ഉറുദു പേഴ്സ്യൻ എന്നീ ഭാഷകളിൽ ഈ അറിയിപ്പ് വിളംബരപ്പെടുത്തുകയോ ചെയ്തിട്ടില്ല. മറ്റൊരു തെളിവ് എന്തെന്നാൽ ഗ്രഹണം നടക്കുന്ന തിന്റെ 12 വർഷങ്ങൾക്ക് മുമ്പ് എനിക്ക് വേണ്ടി വെളിപ്പെടുന്ന ഈ ദൃഷ്ടാന്തത്തെ കുറിച്ച് അല്ലാഹു വിൽ നിന്നുള്ള അറിയിപ്പ് എനിക്ക് ലഭിച്ചിട്ടുണ്ട് എന്നതാണ്. ഈ വസ്തുത ഞാൻ ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥത്തിൽ എഴുതുകയും ഗ്രഹണം സംഭവി ക്കുന്നതിന് മുമ്പ് തന്നെ പതിനാ യിരക്കണക്കിന് ആളുകളോട് ഇക്കാര്യം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

**8. സൂര്യചന്ദ്ര ഗ്രഹണങ്ങൾ റമദാ നിൽ പല തവണ സംഭവിച്ചിട്ടുണ്ട് എന്ന വാദമുയർത്തുന്നവർക്കു ള്ള മറുപടി**

സൂര്യചന്ദ്ര ഗ്രഹണങ്ങൾ റമദാൻ മാസത്തിൽ പല തവണ സംഭവിച്ചി ട്ടുണ്ടെന്നും അതിനാൽ ഒരു ദൈവ നിയുക്തവാദിക്ക് തെളിവായി ഈ അടയാളം യുക്തിപരമായ ഒരു മാനദണ്ഡമായി സ്വീകരിക്കാൻ സാദ്ധ്യമല്ല എന്നുള്ള വാദമുയരുക യുണ്ടായി. ഒരേ റമദാനിൽ സൂര്യചന്ദ്ര ഗ്രഹണങ്ങൾ മുമ്പ് പല തവണ സംഭവിച്ചു എന്നത് ശരിയാണ്. പക്ഷേ ഈ ഹദീസിന്റെ പ്രത്യേകത എന്തെന്നാൽ ഗ്രഹണ തീയതിയും ഗ്രഹണ വേളയിൽ വാദിയുടെ സാന്നിദ്ധ്യവും സുപ്ര ധാന ഘടകമാണ്. ആകാശ ഭൂമികളുടെ സൃഷ്ടിപ്പിന് ശേഷം ഇത്തരം അടയാളം ഉണ്ടായിട്ടില്ല എന്ന ഹദീസിലെ വാക്കുകൾ പ്രവചനത്തിന്റെ പ്രാധാന്യവും പ്രസക്തിയും എടുത്തുകാട്ടുന്നു.

ഗ്രഹണങ്ങളുടെ ആവർത്തന ചക്രത്തെ പറ്റിയുള്ള പഠനങ്ങൾ വ്യക്തമാക്കുന്നത് 22 വർഷം കൂടുമ്പോൾ ഒരു വർഷമോ രണ്ട് വർഷമോ ഭൂമിയിലെവിടെയെങ്കി ലും റമദാൻ മാസത്തിലെ ഏതെങ്കി ലും ഒരു തീയതിയിൽ ചന്ദ്രഗ്രഹണ മോ സൂര്യഗ്രഹണമോ സംഭവിക്കാ റുണ്ട് എന്നാണ്. ചന്ദ്രഗ്രഹണം നടന്ന അതേ സ്ഥലത്ത് തന്നെ സൂര്യഗ്രഹണവും സംഭവിക്കുന്നില്ല. എന്നാൽ രണ്ട് ഗ്രഹണങ്ങളും റമദാനിലെ നിശ്ചിത സമയങ്ങളിൽ നിർദിഷ്ട സ്ഥലത്ത് സംഭവിക്കുക എന്നത് തികച്ചും അപൂർവവും നിർണായകവുമാണ്. രണ്ടു നൂറ്റാണ്ടുകളിൽ (ക്രി വ. 1800 മുതൽ 2000 വരെ) സംഭവിച്ച ഗ്രഹണ ങ്ങളെ സംബന്ധിച്ച് ഡോ. ജി.എം. വല്ലഭും ഞാനും നടത്തിയ പഠനങ്ങളിൽ വ്യക്തമാവുന്നത് 17 തവണ റമദാനിൽ സൂര്യചന്ദ്ര ഗ്രഹണങ്ങൾ സംഭവിച്ചിട്ടുണ്ട് എന്നാണ്. എന്നാൽ 1894 മാത്രമാണ് ഹദീസിൽ നിശ്ചയിക്കപ്പെട്ട പ്രകാരം നിർണിത ദിവസങ്ങളിൽ ചന്ദ്രസൂര്യ ഗ്രഹണങ്ങൾ നടക്കുകയും അത് ഖാദിയാനിൽ ദൃശ്യമാവുകയും ചെയ്തത്. ഈ വസ്തുത കൊൽക്കത്തയിലെ ഇന്ത്യൻ മിലരിയോളജിക്കൽ ഡിപ്പാർമെന്റ് ഡയറക്ടർ എ കെ ഭട്ട്നഗറും സ്ഥിരീകരിച്ചതാണ്. (A.K. Bhatnager, Director , Positional Astronomy Centre India Meteorological

Department , New Aliport Calcutta. 700057) ചുരുക്കത്തിൽ ഖാദിയാന് മുകളിൽ ദൃശ്യമായ രണ്ട് ഗ്രഹണങ്ങളും അത്യപൂർവമായ സംഭവങ്ങളാണ്. റമദാനില ദൃശ്യമായ നിരവധി സൂര്യചന്ദ്രഗ്രഹണങ്ങളിൽ ഹദീസിൽ പ്രതിപാദിക്കപ്പെട്ട സവി ശേഷതയോടെ പുലർന്ന ഒരേ യൊരു ഗ്രഹണം ഇത് മാത്രമാണ്. (കൂടുതൽ വിവരങ്ങൾക്ക് 1987 ജൂലൈ ലക്കം Review of Religions കാണുക.)

അതിലുപരി ദൈവനിയുക്ത വാദിയുടെ സാന്നിദ്ധ്യം ഈ പ്രവചനത്തിന്റെ പൂർത്തീകരണ ത്തിനും അനിവാര്യമായ ഉപാധിയാ ണ്. മഹ്ദിയുടെ സത്യതക്കുള്ള തെളിവായിട്ടാണ് ഈ ദൃഷ്ടാന്തം ചൂണ്ടിക്കാണിച്ചിട്ടുള്ളതെന്ന് ഹദീസിൽ നിന്നും വ്യക്തമാവുന്നു. ദൈവനിയുക്തവാദിയുടെ സാന്നിദ്ധ്യമില്ലാതെ നിരവധി ഗ്രഹ ണങ്ങൾ ദൃശ്യമായാലും അവക്ക് യാതൊരു പ്രാധാന്യവുമില്ല.

ആകാശഭൂമികളുടെ സൃഷ്ടിപ്പിന് ശേഷം ഇത്തരം അടയാളം ഉണ്ടായിട്ടില്ല എന്ന ഹദീസിലെ പരാമർശം ഇത്തരം അടയാളം ഇതിന് മുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ല എന്ന അർഥത്തിലുള്ള താണ്. അല്ലാതെ ഇത്തരം ഗ്രഹണ ങ്ങൾ ഇതിന് മുമ്പ് ഒരിക്കലും സംഭവിച്ചിട്ടില്ല എന്ന അർഥത്തിലല്ല.

വാഗ്ദത്ത മസീഹ് പറയുക യുണ്ടായി:

*ലോകാരംഭം മുതൽ ഇന്ന്വരെ റമദാനിൽ എത്ര സൂര്യചന്ദ്ര ഗ്രഹണങ്ങൾ സംഭവിച്ചു എന്ന കാര്യം നമ്മെ സംബന്ധിച്ചിട ത്തോളം അപ്രസക്തമാണ്. നമ്മുടെ ലക്ഷ്യം ഭൂമിയിൽ മനുഷ്യന്റെ പ്രാദുർഭാവത്തിന് ശേഷം ഒരു ദൃഷ്ടാന്തം എന്ന നിലക്ക് ചന്ദ്രസൂര്യഗ്രഹണങ്ങൾ ദൃശ്യമായത് എന്റെ കാലത്ത് എനിക്ക് വേണ്ടി മാത്രമാണ് എന്ന കാര്യം വ്യക്തമാക്കുക മാത്രമാണ്. ഈ പശ്ചാലത്തിൽ ഒരു വശത്ത് വാഗ്ദത്ത മഹ്ദി മസീഹ് (പരിഷ്ക്കർത്താവ്) താനാണെന്ന് ഒരാൾ വാദിക്കുകയും മറുവശത്ത് ആ വാദിയുടെ വാദത്തിന് ഉപോദ്ബലകമായി റമദാനിലെ നിർണിത ദിവസങ്ങളിൽ സൂര്യ ചന്ദ്രഗ്രഹണങ്ങൾ സംഭവിക്കു കയും ഈ അടയാളം തന്റെ വാദത്തിലേക്ക് ഒരു തെളിവായി ഉന്നയിക്കുകയും ചെയ്യുക എന്ന സംഭവം എനിക്ക് മുമ്പുണ്ടായിട്ടില്ല. ദാറുഖുത്നിയുടെ ഈ ഹദീസ് സൂര്യചന്ദ്ര ഗ്രഹണങ്ങൾ ഇതിന് മുമ്പൊരിക്കലും സംഭവിച്ചിട്ടില്ല എന്നല്ല. മറിച്ച് ഒരടയാളം എന്ന നിലക്ക് ഇത്തരം ഗ്രഹണം ഒരിക്കലും സംഭവിച്ചിട്ടില്ല എന്നാ ണ്. കാരണം 'തകൂന' എന്ന സ്ത്രീലിംഗ പദമാണ് ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. ഇത് അർഥമാക്കുന്നത് ഈ അടയാളം ഇതിന് മുമ്പ് ഒരിക്കലും സംഭവി ച്ചിട്ടില്ല എന്നാണ്. ഇത്തരം ഗ്രഹണ ങ്ങൾ ഇതിന് മുമ്പ് ഒരിക്കലും സംഭവിച്ചിട്ടില്ല എന്നായിരുന്നു അർഥമാക്കേണ്ടിയിരുന്നതെങ്കിൽ 'യക്കൂന' എന്ന പുല്ലിംഗ ശബ്ദ മായിരുന്നു ഉപയോഗിക്കേണ്ടി യിരുന്നത്. 'തകൂന' എന്ന സ്ത്രീലിംഗ പദമല്ല. ഈ രണ്ടു അടയാളങ്ങളെ സംബന്ധിച്ചുള്ള പരാമർശങ്ങൾ സ്ത്രീലിംഗ പദ ത്തിലാണ് പ്രയുക്തമായിട്ടുള്ളത്. ഇതിന് മുമ്പ് സൂര്യചന്ദ്രഗ്രഹ ണങ്ങൾ പലതവണ സംഭവിച്ചു എന്ന് വാദിക്കുന്നവർ ആ ഗ്രഹണ സന്ദർഭങ്ങളിൽ മഹ്ദി വാദം പുറപ്പെടുവിച്ച ഒരുവാദിയെ കൂടി കാണിച്ചു തരേണ്ടിയിരിക്കുന്നു. മാത്രമല്ല ഇത്തരം ഒരു പരിഷ്ക്കർത്താവ് വാദത്തിന് ശേഷം ദാറുഖുത്ത്നിയുടെ ഹദീസിൽ പറഞ്ഞത് പ്രകാരം സൂര്യ ചന്ദ്രഗ്രഹണങ്ങൾ നിശ്ചിത തീയതികളിൽ റമദാനിൽ പുലർ ന്നു കാണുകയും തനിക്കുള്ള തെളിവായി ഉന്നയിക്കുകയും ഏതെങ്കിലും ഒരു രേഖ വാദിയുടെ പുസ്തകത്തിലുള്ളതായി കാണി ക്കുകയും വേണം. ചുരുക്കത്തിൽ ആയിരക്കണക്കിന് തവണ സൂര്യ ചന്ദ്ര ഗ്രഹണങ്ങൾ സംഭവിച്ചാലും ആ സംഗതി ഒന്ന്കൊണ്ട് മാത്രം ഒരു കാര്യവുമില്ലെന്ന് നാം കരുതുന്നു. ഒരു അടയാളം എന്ന നിലക്ക് സൂര്യചന്ദ്ര ഗ്രഹണങ്ങൾ വാദിയുടെ കാലത്ത് ഒരേയൊരു തവണ മാത്രമേ സംഭവിച്ചിട്ടുള്ളൂ. ഇതിന്റെ ആധികാരികതക്ക് ഹദീസുകൾ സാക്ഷ്യം വഹിക്കുക യും മഹ്ദിയുടെ കാലത്ത് തന്നെ ഈ സത്യം പുലരുകയും ചെയ്തു. (ചശ്മെ മഅ്രിഫ)*

വാഗ്ദത്ത മസീഹ് തുടരുന്നു:

*വസ്തുത ഇതാണ്. ആദമിന്റെ കാലം മുതൽ ഇന്ന്വരെ ഇത്തരം ഒരു പ്രവചനം ആരും നടത്തിയി ട്ടില്ല. ഈ പ്രവചനത്തിന് നാല് വശങ്ങളുണ്ട്. (1) ചന്ദ്രഹ്രണത്തിന് നിശ്ചയിക്കപ്പെട്ട രാത്രികളിൽ ആദ്യരാത്രി ചന്ദ്രഗ്രഹണം സംഭവി ക്കുക. (2) സൂര്യഗ്രഹണത്തിന് നിശ്ചയിക്കപ്പെട്ട മദ്ധ്യപകലിൽ സൂര്യഗ്രഹണം സംഭവിക്കുക. (3) ഈ രണ്ടു ഗ്രഹണങ്ങളും റമദാ നിൽ സംഭവിക്കുക. (4) ജനങ്ങ ളാൽ എതിർക്കപ്പെടുന്ന മഹ്ദിയു ടെ സാന്നിദ്ധ്യം ഉണ്ടായിരിക്കുക. എന്നാൽ ഈ പ്രവചനത്തിന്റെ മഹിതഭാവം നിഷേധിക്കപ്പെടു മ്പോൾ അതിന് പകരം ഈ ലോകത്ത് മറ്റൊന്ന് കാട്ടിതരേണ്ടി യിരിക്കുന്നു. അതിന് തുല്യമായി മറ്റൊന്ന് കാണിച്ചുതരുവാൻ കഴിയാത്തിടത്തോളം കാലം മറ്റെല്ലാ പ്രവചനങ്ങളേക്കാളും ഈ പ്രവചനം സമുന്നത സ്ഥാനമല ങ്കരിക്കുകയും തന്റെ പരോക്ഷ ജ്ഞാനങ്ങൾ അവൻ തിരഞ്ഞെടു ക്കുന്ന ഒരു ദൂതനല്ലാതെ വെളിപ്പെ ടുത്തി കൊടുക്കുന്നില്ല എന്ന വചനം ഇവിടെ അർഥ പൂർണ മാവുകയും ചെയ്യുന്നു. കാരണം ആദമിന്റെ കാലം മുതൽ അവസാന കാലംവരെ ഇതിന് തുല്യമായി മറ്റൊന്നില്ല എന്ന പ്രസ്താവന ഓർത്തുകൊള്ളു വീൻ (തുഹ്ഫയെ ഗോൾഡവിയ്യ).*

**9. വാഗ്ദത്ത മസീഹിന്റെ വെല്ലു വിളി**

വാഗ്ദത്ത മസീഹ് (അ) ആയിരം രൂപ ഇനാം പ്രഖ്യാപിച്ചുകൊണ്ട് ഇത്തരം ഒരടയാളം ഇതിന് മുമ്പ് എപ്പോഴെങ്കിലും സംഭവിച്ചിട്ടു ണ്ടെന്ന് ആർക്കെങ്കിലും

തെളിയിച്ചു തരാൻ സാധിക്കുമോ എന്ന വെല്ലു വിളി നടത്തുകയുണ്ടായി. അദ്ദേഹം ഇപ്രകാരം പ്രസ്താവിക്കുന്നു:

***സൂര്യസമാനം ഉജ്ജ്വലശോഭ യോടെ ഹദീസിലെ ഒരു സത്യം പുലർന്നിട്ടും അല്ലാഹുവിന്റെ തിരുദൂതരുടെ (സ) ഒരു ഹദീസ് പാടെ നിഷേധിക്കുവാൻ നിങ്ങൾ ക്ക് ഭയമില്ലേ? എനിക്ക് മുമ്പോ എന്റെ കാലത്തോ നിങ്ങൾക്ക് ഇത് പോലെയുള്ള ഒരടയാളം പ്രകടമാ ക്കാൻ സാദ്ധ്യമാണോ? താൻ അല്ലാഹുവിൽ നിന്നും നിയുക്ത നായ ഒരു ആത്മീയ പരിഷ്ക്കർ ത്താവാണെന്ന് വാദിക്കുകയും അദ്ദേഹത്തിന്റെ കാലത്ത് ഒരു റമദാനിൽ നിങ്ങൾ ദൃക്സാക്ഷി ത്വം വഹിച്ചത് പോലെ ചന്ദ്ര സൂര്യഗ്രഹണം സംഭവിക്കുകയും ചെയ്യുമെന്നതിനെ പറ്റി ഏതെങ്കി ലും ഗ്രന്ഥത്തിൽ നിങ്ങൾ വായിച്ചി ട്ടുണ്ടോ? നിങ്ങൾ ശ്രദ്ധിക്കുന്നവരാണെങ്കിൽ ഈ അടയാളം നിങ്ങൾക്ക് കാണിച്ചു തരുവാൻ പറ്റുന്നവരായിരുന്നുവെങ്കിൽ ആയിരം രൂപ നിങ്ങൾക്കായി സമ്മാനിക്കപ്പെടുന്നതാണ്. അത്കൊണ്ട് നിങ്ങൾ തെളിയി ക്കുക ഈ സമ്മാനം കൊണ്ടു പോകുക! ഞാൻ അല്ലാഹുവിനെ സാക്ഷിയാക്കി നിർത്തുന്നു. നിങ്ങളും സാക്ഷികളാവുക! അല്ലാഹുവാണ് എല്ലാ സാക്ഷി കളെക്കാളും ഉത്തമൻ! നിങ്ങൾക്കി ത് തെളിയിക്കാൻ സാധ്യമല്ലെങ്കിൽ ഒരിക്കലും ഇത് തെളിയിക്കാൻ സാദ്ധ്യമല്ല. കുഴപ്പക്കാർക്ക് വേണ്ടി ഒരുക്കി വെച്ചിട്ടുള്ള അഗ്നിയിൽ നിന്നും രക്ഷനേടുക*** (നൂറുൽ ഹഖ് വാല്യം 2)

**10. തിരുനബി (സ)യും ഇമാം മഹ്ദിയും അഗാധ സ്നേഹത്തി ന്റെ അതിമഹത്തായ പാരസ്പര്യം**

വാഗ്ദത്ത മഹ്ദിയുടെ മൂന്നാം ഖലീഫ ഹദ്റത്ത് മിർസാ നാസിർ അഹ്മദ് (റഹ്) ഇപ്രകാരം പറയുകയുണ്ടായി: ***ഹദീസിൽ പ്രയുക്തമായ നമ്മുടെ മഹ്ദി എന്ന വിശേഷണം തിരുനബി (സ) ക്ക് ഇമാം മഹ്ദിയോടുള്ള അതിരറ്റ സ്നേഹത്തെ കാണിക്കുന്നു.***

മറ്റൊരു ഹദീസിൽ തിരുനബി (സ) അരുളുകയുണ്ടായി:

***അൽ മഹ്ദി അല്ലാഹുവിന്റെ പ്രതിനിധിയായി പ്രത്യക്ഷീ ഭവിക്കുന്നതാണ്. ഹിമക്കട്ടയിൽ ഇഴഞ്ഞ് പോയിട്ടെങ്കിലും നിങ്ങൾ എന്റെ സലാം അദ്ദേഹത്തിന് എത്തിക്കുകയും അദ്ദേഹത്തിന് അനുസരണ പ്രതിജ്ഞ ചെയ്യുക യും വേണം. കാരണം ആ മഹ്ദി അല്ലാഹുവിന്റെ പ്രതിനിധി യായിരിക്കും. (ഇബ്നു മാജ)***

അതിനാൽ ഇമാം മഹ്ദിക്ക് സമാധാനാശംസകൾ നേരാൻ മുസ്ലിം ദിവ്യന്മാർ ഉദ്വേഗപൂർവം കാത്തിരുന്നു. 18 ാം നൂറ്റാണ്ടിലെ മുജദ്ദിദ് ഹദ്റത്ത് സയ്യിദ് അഹ്മദ് ബറേൽവി (റ) യുടെ വിദ്വൽ സദസ്സിലെ അംഗമായിരുന്ന ഡൽഹിലെ മഹാകവി ഹദ്റത്ത് മുഅ്മിൻ തന്റെ ചിരകാലാഭിലാഷം പ്രകടിപ്പിച്ചത് ഇപ്രകാരമായിരുന്നു:

ഓ, മുഅ്മിൻ നീയെങ്ങാനും മഹ്ദിയെ കണ്ടെങ്കിൽ പുണ്യനബി (സ) യുടെ പുണ്യ സലാം ആദ്യമായി അവിടുത്തെ സന്നിധി യിൽ എത്തിക്കുക. (The Extra Ordinary Importence of Forteenth Centinary, Maoulana Dost Muhammed Shahid)

ഒരു വശത്ത് തിരുനബി(സ)ക്ക് വാഗ്ദത്ത മഹ്ദി മസീഹി നോടുള്ള നിരുപമമായ സ്നേഹം പ്രകടിപ്പി ക്കുകയും മറുവശത്ത് വാഗ്ദത്ത മഹ്ദി മസീഹിന് തന്റെ മഹാനായ യജമാനൻ തിരുനബി (സ)യോട് അനിതരസാധാരണമായ അനു രക്തി പ്രകാശിപ്പിക്കുന്നതും നാം കണ്ടുവല്ലോ. വാഗ്ദത്ത മഹ്ദിയുടെ എണ്ണമറ്റ ലിഖിതങ്ങൾ ഇതിന് നിദർശനമാണ്. അദ്ദേഹം എഴുതുക യാണ്:

*നിൻ സ്നിഗ്ദമാം കൃപാകടാക്ഷവും*
*സ്നേഹവും എന്നിലേകുക*
*ഓ പ്രഭോ, ഞാനവിടുത്തെ വിനീത ദാസനാകുന്നു.*
*എന്റെ സ്നേഹ ഭാജനമേ നിന്നോടുള്ള സ്നേഹം*
*എന്റെ രക്തത്തിലും ജീവനിലും വികാരങ്ങളിലും*
*ഹൃത്തിലും നിറഞ്ഞു നിൽക്കുന്നു.*
*എന്റെ ആമോദത്തിന്റെ പൂവനമേ,*
*നിൻ മുഖകാന്തിയുടെ ഓമന*
*സ്മൃതിയിൽ നിന്ന് മോചിതനല്ല ഞാൻ*
*ഒരു നിമിഷമെങ്കിലും ഞാനിതാ*
*നിന്നിലേക്കണയാൻ വെമ്പൽ കൊള്ളുന്നു.*
*പതംഗങ്ങളെപോലെ എനിക്കുയരാൻ*
*കഴിഞ്ഞെങ്കിൽ*
*ഓ മുഹമ്മദ്, എന്റെ ഹൃദയവും ആത്മാവും*
*നിന്റെ സൗന്ദര്യത്താൽ ഉന്മത്തമായിരിക്കുന്നു.*
*മുഹമ്മദിന്റെ സന്തതികളുടെ പാദ സ്പർശനമേറ്റ*
*പാതവക്കത്തെ പൊടിമണ്ണാണു ഞാൻ!*
*കരളിന്റെ കണ്ണുകൊണ്ടും ബുദ്ധിതൻ കർണം*
*കൊണ്ടും ഞാനറിയുന്നു.*
*പ്രപഞ്ചത്തിലെ ഓരോ ബിന്ദുവും*
*മുഹമ്മദിൽ സൗന്ദര്യം വിളിച്ചോതുന്നു.*
*ദൈവത്തിന് ശേഷം മുഹമ്മദിൻ*
*സ്നേഹത്താൽ ഞാൻ സ്വയം മറന്നു.*
*ഇത് കുഫ്റാണെങ്കിൽ ദൈവത്താണെ*
*ഞാനൊരു കൊടിയ കാഫിർ തന്നെ.*
*സർവ പ്രകാശങ്ങളുടെയും സ്റോതസ്സായ*
*ഞങ്ങളുടെ നേതാവേ, അവിടുത്തെ*
*നാമാഭിധാനമല്ലോ*
*മുഹമ്മദ്, അവിടുന്നാണ് എന്റെ സ്നേഹ ഭാജനം!.*
*അവിടുത്തെ പ്രഭയിൽ ഞാനിതാ സ്വയം ശൂന്യനായി*
*ഞാനാസകലം അങ്ങയുടെതായി*
*അവിടുന്നാണഖിലം ഞാനൊരു തുച്ഛൻ, ഇതത്രെ*
*സർവസാരം*
*എന്റെ നാഥാ നിന്റെ ഏകത്വത്തിന് ഞാൻ സാക്ഷ്യം*
*വഹിക്കുന്നു.*

*നിന്നോടുള്ള സ്നേഹത്താൽ ഞാൻ എന്നെ തന്നെ മറന്നുപോയി*
*ഞാൻ ദൈവത്തെ സാക്ഷി നിർത്തുന്നു.*
*മറ്റെല്ലാത്തിൽ നിന്നും എന്റെ ഹൃദയം മുക്തമായിരിക്കുന്നു.*
*നിൻ സ്വരൂപം മാത്രം ബാക്കിയായി*
*ഞാൻ ദൈവത്തെ സാക്ഷി നിർത്തുന്നു*
*എന്റെ ഹൃദയത്തിൽ നിൻ രൂപം പ്രതിഷ്ഠിച്ചനാൾ മുതൽ*
*മറ്റെല്ലാറ്റിന്റേയും രൂപങ്ങൾ ഞാൻ ഹൃദയത്തിൽ നിന്ന് തുടച്ചു മാറ്റി.*
*ന്യൂനമേതുമില്ലാത്ത പുണ്യനബിയുടെ മതം ഞാൻ കണ്ടു*
*അല്ലയോ പ്രപഞ്ച നാഥാ, വിജയ സാഫല്യങ്ങൾ തന്നരുളിയാലും.*
*ഓ പ്രപഞ്ച നാഥാ, നിലക്കാത്ത നിന്റെ അനുഗ്രഹ വർഷങ്ങൾ*
*ഇഹപര ലോകങ്ങളിൽ പുണ്യനബിയിൽ നീ ചൊരിയേണമേ!*

തിരുമേനി(സ) യോടുള്ള പ്രേമവായ്പ്പിൽ സ്വന്തം അസ്തിത്വം നിശ്ശേഷം ശൂന്യമാക്കിയ മഹാനായ ഈ ആത്മീയ പുരുഷൻ, ജീവിതോത്സവങ്ങളിൽ മുഴുകി നിൽക്കുന്ന ഭൗതിക ലോകത്തോട് നടത്തിയ വേദനാ നിർഭരമായ വിലാപങ്ങൾ നാം കേട്ടു. വീണ്ടും അദ്ദേഹത്തിന്റെ ആത്മാർഥമായ വാക്കുകളിതാ:


*നമ്മുടെ സ്വർഗം നമ്മുടെ ദൈവമാകുന്നു. നമ്മുടെ ഉന്നത മായ ആനന്ദാനുഭൂതികളത്രയും നമ്മുടെ ദൈവത്തിലാകുന്നു. എന്തെന്നാൽ നാം അവനെ കാണുകയും എല്ലാ സൗന്ദര്യങ്ങ ളും അവനിൽ ദർശിക്കുകയും ചെയ്തിരിക്കുന്നു. ജീവൻ കള ഞ്ഞിട്ടും സ്വായത്തമാക്കേണ്ട അമൂല്യ നിധിയാണത്. സർവവും നഷ്ടപ്പെടുത്തിയിട്ടും വിലക്കെടു ക്കേണ്ട മാണിക്യമാണത്. അല്ലയോ നിർഭാഗ്യരെ ഇതാ ഈ നീരുറവ യിലേക്ക് ഓടി വരുവീൻ! നിങ്ങൾക്കിത് ദാഹശമനം വരു ത്തും. ഇത് നിങ്ങൾക്ക് രക്ഷയാകു ന്ന ജീവസ്റോതസ്സാകുന്നു ഞാനെന്തു ചെയ്യാൻ! എങ്ങനെ ഞാൻ ഈ സന്തോഷ വാർത്ത നിങ്ങളുടെ ഹൃദയത്തിലെത്തി ക്കണം? ഏതു ചെണ്ട കൊട്ടിയാണ് ഇതാ, നിങ്ങളുടെ ദൈവം എന്ന് വിളംബരം ഞാൻ നടത്തേണ്ടത്. ജനങ്ങൾ കേൾക്കുമാറാകാൻ ഏത് ഔഷധമാണ് ഞാൻ പ്രയോഗിക്കേ ണ്ടത്. അവർ ശ്രദ്ധിക്കുമാറാ കാൻ! (കിശ്തീയെ നൂഹ്)*

ഇക്കാലത്ത് ദൈവത്തിൽ നിന്നും നിയുക്തനായ ഒരു ദൂതന്റെ മനുഷ്യവംശത്തോടുള്ള അഗാധ മായ അനുകമ്പ സ്ഫുരിക്കുന്ന വചനങ്ങളാണിവ. സത്യവിശ്വാസം കാർത്തിക നക്ഷത്രത്തിലേക്ക് കരേറിപ്പോകുന്ന കാലത്ത് അതിനെ ഭൂമിയിലേക്ക് പ്രത്യാനയിക്കുമെന്ന് (ബുഖാരി, മുസ്‌ലിം) തിരുമേനി (സ) അരുളിയത് അദ്ദേഹത്തെ പറ്റിയ ത്രെ. ഈ കാലഘട്ടത്തിന്റെ പ്രകാശമാണദ്ദേഹം. തിരുമേനി (സ) സ്നേഹാതിരേകത്താൽ നമ്മുടെ മഹ്ദി എന്ന് വിളിക്കുകയും അദ്ദേഹം പ്രത്യക്ഷനായാൽ തന്റെ അമൂല്യമായ സമാധാനാശംസകൾ അറിയിക്കാൻ ഏൽപ്പിക്കുകയും ചെയ്തിട്ടുള്ള മഹാനാണ് അദ്ദേഹം. അദ്ദേഹത്തിന്റെ സത്യതയിലേക്ക് സൂര്യനും ചന്ദ്രനും സാക്ഷ്യം വഹിക്കുകയുണ്ടായി.

**11. വാഗ്ദത്ത മസീഹിന്റെ സത്യ പ്രസ്താവന**

താൻ ദൈവദൂതനാണെന്നും ചന്ദ്രനും സൂര്യനും തനിക്ക് വേണ്ടി സാക്ഷ്യം വഹിക്കുന്നുവെന്നും വാഗ്ദത്ത മസീഹ് (അ) സത്യ പ്രഖ്യാപനം നടത്തുകയുണ്ടായി. അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു:

*എന്റെ കാലഘട്ടത്തിൽ മാത്രമാണ് റമദാൻ മാസത്തിൽ ചന്ദ്രഗ്രഹണം ദൃശ്യമായത്. തിരുനബി(സ)യുടേയും ഖുർആന്റെയും പൂർവിക ഗ്രന്ഥ ങ്ങളുടേയും പ്രവചന പ്രകാരം എന്റെ കാലഘട്ടത്തിൽ ഈ രാജ്യം മുഴുക്കേ പ്ലേഗ് സംഹാരനൃത്തമാടി. എന്റെ ഈ കാലഘട്ടത്തിൽ മാത്ര മാണ് ആധുനികമായ ഗതാഗത മാർഗമായി തീവണ്ടിയുടെ അവി ർഭാവമുണ്ടായത്. എന്റെ പ്രവചന പ്രകാരം ശക്തിമത്തായ ഭൂകമ്പങ്ങൾ സംഭവിച്ചു. എന്നെ നിഷേധി ക്കുന്നതിൽ ധാർഷ്ട്യം കാണിക്കരു തെന്ന് സാത്വികത നിർബന്ധിക്കു ന്നില്ലേ? നോക്കൂ. സർവശക്തനായ ദൈവത്തെ സത്യം ചെയ്ത് ഞാൻ*



*പറയുന്നു. ആയിരക്കണക്കിന് തെളിവുകൾ എന്റെ സത്യത്തിന് സാക്ഷ്യമായി വെളിപ്പെട്ടിരിക്കുന്നു. ഭാവിയിലും വെളിപ്പെടുന്നതാണ്. ഇത് മനുഷ്യന്റെ ആസൂത്രണമായി രുന്നുവെങ്കിൽ ഇത്തരം പിന്തുണ എവിടെ നിന്ന് ലഭ്യമാകും. (ഹഖീഖത്തുൽ വഹ്‌യ്)*

അവിടുന്ന് തുടരുന്നു: *ഞാൻ ദൈവത്തെ സത്യം ചെയ്ത് പറയുന്നു. ഞാൻ തന്നെയാണ് വാഗ്ദത്ത മസീഹ്. പ്രവാചകന്മാർ ദീർഘ ദർശനം ചെയ്ത അതേ വ്യക്തി ഞാൻ തന്നെയാണ്. എന്നെ പറ്റിയും എന്റെ കാലത്തെ പറ്റിയും തൗറാത്തിലും സുവിശേഷങ്ങളിലും വിശുദ്ധ ഖുർആനി ലും സുവാർത്തകളുണ്ട്. ആകാശ ത്ത് ഗ്രഹണവും ഭൂമിയിൽ പ്ലേഗും നടമാടുമെന്നും പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. (ദാഫി ഉൽ ബലാ)*

വാഗ്ദത്ത മസീഹ് ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി:

*ആരുടെ ഹസ്തങ്ങളിലാണോ എന്റെ ജീവനിരിക്കുന്നത് ആ സത്യദൈവത്തെ പിടിച്ച് കൊണ്ട് ആണയിട്ട് ഞാൻ പ്രഖ്യാപിക്കുന്നു: ആകാശത്ത് ദൃശ്യമായ ഈ അടയാളം എന്റെ സത്യതക്കുള്ള സാക്ഷ്യമാകുന്നു. മൗലവിമാർ എന്നെ ദജ്ജാലെന്ന് വിളിക്കുന്നു. പെരുങ്കള്ളനെന്നും കടുത്ത കാഫിറെന്നും അവിശ്വാസിയെന്നും ആക്രോശിക്കുന്ന സന്ദർഭത്തിലാണ് ഈ ദൃഷ്ടാന്തം എനിക്ക് വേണ്ടി വെളിപ്പെട്ടത്. ഇരുപത് വർഷ ങ്ങൾക്ക് മുമ്പ് ബറാഹീനെ അഹ്മദിയ്യായിൽ ഞാൻ ദീർഘ ദർശനം ചെയ്ത അതേ അടയാളം.*

*അവരോട് പറയുക, നിങ്ങൾ വിശ്വസിച്ചാലും അവിശ്വസിച്ചാലും ശരി എന്റെ പക്കൽ അല്ലാഹുവിന്റെ സാക്ഷ്യങ്ങളുണ്ട്. എന്റെ സത്യത ബലപ്പെടുത്താൻ ദൈവത്തിൽ നിന്ന് അനേകം തെളിവുകൾ വെളിപ്പെട്ടിട്ടുണ്ടെങ്കിലും ലക്ഷക്കണക്കിനാളുകൾ സാക്ഷ്യം വഹിച്ച് നൂറുക്കണക്കിന് പ്രവചന ങ്ങൾ പുലരുകയുണ്ടായെങ്കിലും ആദം നബി തൊട്ട് ഇങ്ങോട്ട് മറ്റാർക്കും ഇത്തരം അടയാളം നൽകപ്പെട്ടിട്ടുണ്ടായിരുന്നില്ല എന്ന് ഈ വെളിപാടിൽ പ്രത്യേകമായി പരാമർശിക്കപ്പെട്ടിട്ടുണ്ട് എന്ന് ഓർക്കേണ്ടതാണ്. വിശുദ്ധ കഅ്ബ യുടെ മുന്നിൽ വെച്ച് പോലും ഈ അടയാളം എന്റെ സത്യത്തെ സാക്ഷ്യപ്പെടുത്തുന്നതാണെന്ന് സത്യം ചെയ്ത് പറയാൻ ഞാൻ സന്നദ്ധനാണ്. (ദാഫിഉൽ ബലാ)*

മറ്റൊരിടത്ത് വാഗ്ദത്ത മസീഹ് (അ) പറയുന്നു:

*രക്തം ചൊരിയുന്ന മഹ്ദി വരുമെന്ന് നിരൂപിക്കുകയും അവിശ്വാസികളെ നിഗ്രഹിച്ച് മതത്തെ പുഷ്ക്കലമാക്കുമെന്ന് കരുതുകയും ചെയ്യുക എന്നത്, അല്ലയോ അൽപ്പന്മാരെ, തികച്ചും തെറ്റാകുന്നു! ഇതെല്ലാം അസംബ ന്ധങ്ങളും അടിസ്ഥാന രഹിതങ്ങളുമാണ്. അതൊന്നും വളർച്ച കൊള്ളില്ല. അല്ലയോ എന്റെ മിത്ര ങ്ങളെ, വരാനുള്ളവൻ വന്നു കഴിഞ്ഞു. ചന്ദ്രനും സൂര്യനും ഈ രഹസ്യം വെളിപ്പെടുത്തിക്കഴിഞ്ഞു. (ദുർറെ സമീൻ)*

വാഗ്ദത്ത മസീഹ് (അ) മറ്റൊരിടത്ത് പറയുന്നു: എനിക്ക് ശേഷം ആരെയാണ് നിങ്ങൾ കാത്തിരിക്കുന്നത്? പശ്ചാത്തപിച്ചു കൊള്ളുക. ഒരാൾ എത്രകാലം ജീവിച്ചിരിക്കുമെന്നാർക്കറിയാം! (ദുർറെ സമീൻ)

അല്ലാഹുവേ നിന്റെ അനുഗ്രഹ വർഷങ്ങൾ മുഹമ്മദ്(സ) യിൽ ചൊരിയേണമേ അവിടത്തെ സന്തതി പരമ്പരയിലും!

ഉപസംഹരിക്കട്ടെ! സർവ്വലോക രക്ഷിതാവിനത്രെ സർവ്വസ്തുതിയും എന്നതാണ് നമ്മുടെ അവസാന വാക്ക്.

## ലൈലത്തുൽ ഖദർ

ഇബ്നു ഉമറിൽ നിന്നും നിവേദനം. നബി (സ) യുടെ ചില സ്വഹാബാക്കളിൽ കുറേ പേർ ലൈലത്തുൽ ഖദർ റമദാനിലെ ഒടുവിലത്തെ ആഴ്ച്ചയിൽ വരുന്നതായി സ്വപ്നം കണ്ടു. അപ്പോൾ നബി (സ) പറഞ്ഞു: നിങ്ങളുടെയെല്ലാം സ്വ്പനങ്ങൾ റമദാനിലെ അവസാനത്തെ ഏഴ് ദിവസങ്ങളിൽ ഒത്ത് ചേരുന്നതായി കാണുന്നു അത് കൊണ്ട് ആരെങ്കിലും ലൈലത്തുൽ ഖദർ അന്വേഷിക്കന്നുണ്ടെങ്കിൽ അവർ റമദാനിലെ ഒടുവിലത്തെ ആഴ്ച്ചകളിൽ അന്വേഷിക്കട്ടെ (ബുഖാരി)

# മുഹമ്മദ് നബി(സ)യും ബഹുഭാര്യാത്വവും – 2

ഇസ്‌ലാമിൽ ബഹുഭാര്യാത്വം സാർവത്രിക നിയമമല്ല.കർശനമായ ഉപാധികകളോടെയുള്ള അനുവാദം മാത്രമാണ്. മുഖ്യമായും വിധവകളുടേയും അനാഥകളുടേയും ക്ഷേമം ലക്ഷ്യമാക്കി ആവിഷ്ക്കരിച്ച ബഹുഭാര്യാത്വത്തിന്റെ ദുരുപയോഗം ഇസ്‌ലാമിന് ചീത്തപ്പേരുണ്ടാക്കുന്നത്.

എ. എം. മുഹമ്മദ് സലീം

**ബഹുഭാര്യാത്വവും സാർവ്വത്രിക നിയമമല്ല. ഉപാധികളുള്ള അനുവാദം മാത്രമാണ്.**

സാധാരണ നിയമം പറയുമ്പോൾ അതിന്റെ പൊതുനിയമമാണ് പറയുക. പൊതു നിയമം എന്ന നിലക്ക് ഏകഭാര്യയെ വേൾക്കാനാണ് ഖുർആന്റെ കൽപ്പന. മാത്രമല്ല ഏക ഭാര്യയെ മാത്രമേ വേൾക്കാൻ പാടുള്ളൂ എന്ന നിശ്ക്കർശിച്ചു പറഞ്ഞ ഏക മതഗ്രന്ഥവും ഖുർആൻ മാത്രമാണ്. ബഹുഭാര്യാത്വം എന്നത് ഇസ്‌ലാമിൽ കർശനമായ ഉപാധികളോടെ ഖുർആൻ ശുപാർശ ചെയ്ത പ്രത്യേക വിവാഹമാണ് എന്ന് നാം ഓർക്കണം. ഇസ്‌ലാമിക കർമ ശാസ്ത്രത്തിൽ വൈയക്തികവും സാമൂഹികവുമായ പ്രത്യേകം ആവശ്യങ്ങൾ നിറവേറ്റാൻ നിബന്ധനകൾ ഉപാധിയാക്കിയുള്ള ഒരു അനുവാദമായിട്ടാണ് ബഹുഭാര്യാത്വം അനുവദിക്കപ്പെട്ടിട്ടുള്ളത്. ഇസ്‌ലാമിക ശരീഅത്തിൽ വിധിവിലക്കുകൾ 5 വിധത്തിലുണ്ട്.

1. ഫർള് / വാജിബ് –നിർബന്ധം
2. മുസ്തഹാബ് / സുന്നത്ത് – നിർബന്ധമല്ലെങ്കിലും പ്രോത്സാഹിപ്പിക്കേണ്ടത്.
3. മുബാഹ് – അനുവദനീയം
4. മക്റൂഹ് – അനുവദനീയമെങ്കിലും നിരുത്സാഹപ്പെടുത്തേണ്ടത്.
5. ഹറാം – നിഷിദ്ധം

ഇതിൽ മദ്ധ്യത്തിലുള്ള മുബാഹ് ഇനത്തിലാണ് ബഹുഭാര്യാത്വം ഉൾപ്പെടുത്തിയിട്ടുള്ളത്. ആവശ്യങ്ങളെ മുൻനിർത്തി ഉപാധികളോടെ മാത്രം അനുവദിക്കപ്പെട്ടത് എന്നർഥം. സാർവത്രിക നിയമത്തിന് അപവാദമായി ഒറ്റപെട്ട കാര്യം എന്ന് വിവക്ഷ. (The exception that proves the existence of the rule.)

അന്നിസാഅ് സൂറത്തിൽ അനാഥ സംരക്ഷണത്തെ പറ്റി ഖുർആൻ പ്രതിപാദിക്കുന്നിടത്താണ് ബഹുഭാര്യാത്വത്തെ പറ്റി പറയുന്നത്. ഈ ആയത്തിന്റെ അവതരണ പശ്ചാത്തലവും ശ്രദ്ധേയമാണ്. ഉഹ്ദ് യുദ്ധത്തിന് തൊട്ട് പിറകെ മദീനയിലാണ് ബഹുഭാര്യാത്വത്തെ സംബന്ധിച്ച ആയത്ത് അവതരിച്ചത്. മക്കയിൽ ശത്രുക്കളുടെ കടുത്ത എതിർപ്പുകൾ മുസ്‌ലിംകളുടെ ജീവിതം ദുസ്സഹമാക്കിയപ്പോൾ റസൂൽ തിരുമേനി(സ)യും അനുചരന്മാരും മദീനയിലേക്ക് ഹിജ്റ പോകുകയാണുണ്ടായത്. അവിടെ വെച്ച് ഹിജ്റ 2–ാം വർഷത്തിലാണ് ബദർ യുദ്ധമുണ്ടായത്. ഒരു വർഷത്തിന് ശേഷം ഉഹ്ദ് യുദ്ധവും. ഈ യുദ്ധം മുസ്‌ലിം ജനസംഖ്യ ഗണ്യമായി കുറച്ചു. 700 മുസ്‌ലിം പുരുഷന്മാർ അണിനിരന്ന യുദ്ധത്തിൽ 70 പേർ രക്തസാക്ഷികളായി. ഇസ്‌ലാമിനെ നശിപ്പിക്കാൻ ശത്രുക്കളുടെ ശ്രമം മുസ്‌ലികൾക്കുണ്ടാക്കിയ ആൾനഷ്ടവും പ്രയാസങ്ങളും വിവരണാതീതമാണ്. ചെറിയ മുസ്‌ലിം ജനസംഖ്യയിൽ നിരവധി പേർ വിധവകളും അനാഥകളുമായി. ബഹുഭാര്യാത്വത്തെകുറിച്ചുള്ള ഖുർആൻ വചനം ഇറങ്ങിയത് ഈ പശ്ചാത്തലത്തിലാണ്. യുദ്ധമല്ലാത്ത സാഹചര്യങ്ങളിലും സമൂഹത്തിൽ അനാഥകളും വിധവകളും ദരിദ്രരും ഉണ്ടാവുന്നു. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും സമൂഹ ക്ഷേമത്തിനും സുരക്ഷക്കും വേണ്ടിയും ബഹുഭാര്യാത്വം വിവേചനപൂർവം ഉപയോഗിക്കാവുന്നതാണ്.

ഖുർആൻ വചനം ഇങ്ങനെയാണ്:

***അനാഥകൾക്ക് അവരുടെ ധനം വിട്ടുകൊടുക്കുക. നിങ്ങൾ നല്ലതിന് പകരം ചീത്തയെ എടുക്കരുത്. അവരുടെ ധനം നിങ്ങളുടെ ധനവുമായി കൂട്ടി ചേർത്ത് ഭക്ഷിക്കയുമരുത്. നിശ്ചയമായും അത് വലിയ പാപമാണ്.***

***അനാഥകളുടെ കാര്യത്തിൽ***

*നിങ്ങൾക്ക് നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുന്ന പക്ഷം നിങ്ങൾക്ക് നന്നായി തോന്നുന്ന മറ്റു സ്ത്രീകളിൽ നിന്നും ഒന്നോ രണ്ടോ മൂന്നോ നാലോ വിവാഹം ചെയ്തു കൊള്ളുക. എന്നാൽ നിങ്ങൾക്ക് നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ ഒരു സ്ത്രീയെ മാത്രം (വിവാഹം ചെയ്യുക) അല്ലെങ്കിൽ നിങ്ങളുടെ ഉടമയിലുള്ള അധീന സ്ത്രീകളിൽ നിന്ന് (വിവാഹം ചെയ്തു കൊള്ളുക.) നീതി പാലനത്തിൽ നിന്നും വ്യതിചലിക്കാതിരിക്കാനുള്ള ഏറ്റവും ഉത്തമ മാർഗമാണിത്. (4:3,4)*

അനാഥ സംരക്ഷണത്തെയും അവരോട് നീതി പാലിക്കേണ്ടതിനെക്കുറിച്ചും പറഞ്ഞുകൊണ്ടാണ് ഈ ആയത്ത് ആരംഭിക്കുന്നത്. അനാഥകളുടെ നിസ്സഹായാവസ്ഥ പരിഗണിച്ച് അവരെ തങ്ങളുടെ ഭാര്യയായോ, രണ്ടാം ഭാര്യയായോ സ്വീകരിക്കാനാഗ്രഹിക്കുന്നവർ കർശനമായ നീതി തത്ത്വങ്ങൾ പാലിച്ചിരിക്കണം. നീതിപാലനം എന്ന കർശനമായ ഉപാധി പാലിച്ചെങ്കിൽ മാത്രമേ രണ്ടാം വിവാഹത്തിനും തുടർന്നുള്ള വിവാഹങ്ങൾക്കും അനുമതിയുള്ളൂ. അല്ലാത്തപക്ഷം സാധാരണ പോലെ ഏക ഭാര്യയെ മാത്രമേ വേൾക്കാൻ പാടുള്ളൂ.

*‘ഫഇൻ ഖിഫ്തും അല്ലാ തഅ്ദിലൂ ഫ വാഹിദത്തൻ’*

*എന്നാൽ നിങ്ങൾക്ക് നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ ഒരു സ്ത്രീയെ മാത്രം (വിവാഹം ചെയ്യുക)* ഇങ്ങനെ ഒരു സ്ത്രീയെ മാത്രമേ വിവാഹം ചെയ്യാൻ പാടുള്ളൂ എന്ന നിശ്ക്കർശ വിശുദ്ധ ഖുർആനിൽ മാത്രമെ കാണാൻ കഴിയൂ എന്ന കാര്യവും ശ്രദ്ധേയമാണ്. ബഹുഭാര്യാത്വത്തെ ഒന്നുകൂടി പരിമിതപ്പെടുത്തുന്ന വിധം അതേ സൂറത്തിൽ 130 ാം വചനത്തിൽ മറ്റൊരു പ്രതിപാദനം കാണാം.

*നിങ്ങൾ എത്ര തന്നെ ആഗ്രഹിച്ചാലും സ്ത്രീകൾക്കിടയിൽ നിങ്ങൾക്ക് നീതി പുലർത്താനാവുകയില്ല. അതിനാൽ നിങ്ങൾ (ഒരുത്തിയുടെ ഭാഗത്തേക്ക്) മുഴുവനായും ചാഞ്ഞുപോകരുത് (അതിന്റെ ഫലം) മറ്റവളെ നിങ്ങൾ ബന്ധിക്കപ്പെട്ട വസ്തുവിനെ പോലെ വിടുകയായിരിക്കും. നിങ്ങൾ പരസ്പരം രഞ്ജിപ്പുണ്ടാക്കുകയും ദോഷബാധയെ സൂക്ഷിക്കുകയും ചെയ്യുന്നതായാൽ (ഓർക്കുക). തീർച്ചയായും അല്ലാഹു വളരെയധികം പൊറുക്കുന്നവനും കരുണാമയനുമാണ്. (4:130)*

വ്യക്തികളും സമൂഹവും നീതിപീഠങ്ങളും ഭരണകൂടങ്ങളും ഖുർആന്റെ ഈ കൽപ്പനകൾ പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്. രണ്ടോ മൂന്നോ നാലോ ഭാര്യമാരെ സ്വീകരിക്കുന്ന ഭർത്താക്കന്മാർ ഒന്നിൽ നിന്നും രണ്ടിലേക്കും മൂന്നിലേക്കും നാലിലേക്കും പോകുമ്പോൾ നീതിയുടെ ഉത്തരവാദിത്വങ്ങളും അത്രകണ്ട് വർധിക്കുന്നുണ്ട് എന്ന കാര്യം പ്രത്യേകം ഓർക്കണം. ബഹുഭാര്യമാരെ സ്വീകരിക്കുവാൻ പോവുന്ന ഭർത്താക്കന്മാർ അത്തരം ഭാരിച്ച ഉത്തരവാദിത്തങ്ങൾ നിറവേറ്റാൻ കെൽപ്പുള്ളവരാണോ എന്ന് ഭരണകൂടങ്ങളും നീതിപീഠങ്ങളും അധികാര സ്ഥാപനങ്ങളും ഉറപ്പ് വരുത്തേണ്ടതാണ്. ഖുർആന്റെ ഈ കൽപ്പന നടപ്പിൽ വരുത്താൻ ശക്തവും അനുയോജ്യവുമായ നിയമ നിർമാണങ്ങൾ കാലാകാലങ്ങളിൽ നടത്താനുള്ള ആഹ്വാനമാണ് വിശുദ്ധ ഖുർആന്റെ മേൽ വചനങ്ങൾ നൽകുന്ന സൂചന. അത്തരം ഭാര്യമാരുടെ പരാതികൾക്ക് പരിഹാരമുണ്ടാക്കാനും അവരുടെ ജീവിതക്ഷേമം ഉറപ്പ് വരുത്താനും ബഹുഭാര്യാത്വം അനുവദിച്ച നാടുകളിലെ അധികാര സ്ഥാപനങ്ങൾക്ക് ബാദ്ധ്യതയുണ്ട്.

## ബഹുഭാര്യാത്വം ദുർബലരുടെ ജീവിത ക്ഷേമത്തിന്

അനാഥകളും വിധവകളും ദരിദ്രരുമായ സമൂഹത്തിലെ ഏറ്റവും ദുർബലരായ സ്ത്രീകളുടെ ജീവിതക്ഷേമത്തിന് വേണ്ടിയാണ് മുഖ്യമായും ബഹുഭാര്യാത്വം ഇസ്‌ലാം വിഭാവന ചെയ്തത്. ഹിജ്റ കഴിഞ്ഞ് മൂന്ന് വർഷത്തിനുള്ളിൽ മദീനയിൽ ബദർ, ഉഹ്ദ് എന്നീ രണ്ട് യുദ്ധങ്ങൾ മുസ്‌ലിംകളിൽ അടിച്ചേൽപ്പിക്കപ്പെടുകയുണ്ടായി. ഈ യുദ്ധങ്ങളിൽ മുസ്‌ലിം പുരുഷന്മാർ ഗണ്യമായി കുറയുകയും അനാഥകളും വിധവകളും ഗണ്യമായി വർധിക്കുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് ബഹുഭാര്യാത്വം ഇസ്‌ലാം അംഗീകരിക്കുന്നത് എന്ന് പറഞ്ഞുവല്ലോ. അറേബ്യയിൽ അന്ന് നിലവിലുണ്ടായിരുന്ന അനിയന്ത്രിതമായ ബഹുഭാര്യാത്വം ഇസ്‌ലാം നിയന്ത്രിതവും സോദ്ദേശപരവും നീതിപൂർവകവുമാക്കി. ഇസ്‌ലാമിന്റെ ഈ മാതൃക സാർവകാലിക പ്രസക്തിയുള്ളതാണ്.

ഒറ്റപ്പെട്ടതും സാമൂഹികവുമായ അത്തരം ജീവിതാവസ്ഥകൾ മനുഷ്യ സമൂഹത്തിൽ സുലഭമായി കാണപ്പെടുന്നു. നീതിബോധമുള്ള ആളുകൾ പ്രത്യേകിച്ച് ധനികരായവർ നിരാലംബരും അനാഥകളും വിധവകളുമായ അത്തരം സ്ത്രീകളെ ഭാര്യാപദവിയിലേക്ക് സ്വീകരിക്കുകയാണെങ്കിൽ അത് അവർക്ക് ജീവിതസുരക്ഷയും ആശ്വാസവും അതുവഴി സമൂഹ ക്ഷേമവും നൽകുന്നതായിരിക്കും എന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. അത്തരം അനാഥരും അഗതികളുമായ സ്ത്രീകൾക്ക് സമൂഹവും ഭരണകൂടങ്ങളും എത്ര മാത്രം സാമ്പത്തിക സഹായങ്ങൾ നൽകിയാലും പെൻഷൻ കൊടുത്താലും ഒരാൾ വിവാഹം ചെയ്ത് ഭർത്താവായികൊണ്ട് അവളുടെ ജീവിതത്തിന് സംരക്ഷണം നൽകുന്നതിന് പകര

മാവില്ല. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് ആശ്വാസമരുളാൻ ഇത്രമാത്രം യാഥാർഥ്യ ബോധവും കാര്യക്ഷമവും മാനവീയവുമായ മറ്റൊരു ജീവിത പരിഹാര പദ്ധതി യുമില്ല എന്നതാണ് വാസ്തവം. അനാഥകളുടേയും വിധവകളുടേ യും സംരക്ഷണത്തെ മുൻനിർത്തി ഒരാളുടെ രണ്ടാം വിവാഹത്തിന് നിലവിലുള്ള ഭാര്യയുടെ സമ്മതവും സഹകരണവുമുണ്ടെങ്കിൽ ഈ സംവിധാനം സ്വർഗീയവും അനുഗ്ര ഹപൂർണമായ ഒരു മാതൃകയുമായി മാറും. സ്ത്രീകളുടെ ഉദാരമനസ്ക്ക തയും നിസ്വാർഥതയും സഹജീവി സ്നേഹവുമാണ് ഇവിടെ പ്രകടമാ വേണ്ടത്. ഭർത്താവിന്റെ സ്നേഹം പങ്കുവെക്കപ്പെടുമെന്നും നിലവിലു ള്ള ഭാര്യയുടെ സ്ഥാനത്തേയും അവരുടെ സുഖജീവിതത്തേയും അത് ബാധിക്കുമെന്ന ഭീതിയും ആശങ്കയും ഒന്നാം ഭാര്യക്കു ണ്ടാകുമെന്നത് സ്വാഭാവികമാണ്. ഇത്തരം നീതിഹത്യകളൊന്നും തന്നെ ബഹുഭാര്യാത്വവിഷയത്തിൽ സംഭവിച്ചു കൂടാ എന്നത് ഖുർആൻ പറഞ്ഞ നീതിപാലനവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. സ്ത്രീ കളുടെ അത്തരത്തിലുള്ള ആശങ്ക കളും അകറ്റപ്പെടേണ്ടതുണ്ട്. ബഹുഭാര്യാത്വം അനുഗ്രഹ പൂർണമാകണമെങ്കിൽ സ്ത്രീകളു ടെ ഭാഗത്ത് നിന്നുള്ള സമ്മതവും ത്യാഗവും സന്നദ്ധതയും സഹകര ണവും തന്നെയാണ് വേണ്ടത്.

ബഹുഭാര്യാത്വം വർജ്യവും മ്ലേച്ഛവും സ്ത്രീകൾക്ക് എതിരും അവരുടെ സ്വാതന്ത്ര്യത്തെ ഹനിക്കു ന്നതുമാണെന്ന വ്യാപകമായ ധാരണക്ക് കാരണം നാം ജീവിക്കു ന്ന സമൂഹത്തിന്റെ സാമൂഹികവും മതപരവുമായ വീക്ഷണങ്ങളും ആധുനിക ഫെമിനിസ്റ്റുകളുടെ സ്ത്രീസ്വാതന്ത്ര്യത്തെ കുറിച്ചുള്ള സങ്കൽപ്പങ്ങളുമാണ്. പതിതയായ മറ്റൊരു സ്ത്രീയെ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്താനാണ് ഭർത്താവ് മറ്റൊരു വിവാഹം ചെയ്യുന്നത് എന്ന തിരിച്ചറിവിൽ ഒരു ഭാര്യ ഇസ്‌ലാമികമായി അനുവദിക്ക പ്പെട്ട ഈ അനുവാദത്തിന് സമ്മതി ക്കുകയാണെങ്കിൽ ബഹുഭാര്യാത്വ സമ്പ്രദായം ഉദാത്തമായ ഒരു മാതൃകയായി മാറും.

## ബഹുഭാര്യാത്വം വെറുക്കപ്പെടാനുള്ള മുഖ്യകാരണം.

ബഹുഭാര്യാത്വം വെറുക്കപ്പെടാ നും എതിർക്കപ്പെടാനുമുള്ള പ്രധാന കാരണം ഇസ്‌ലാം ബഹു ഭാര്യാത്വം കൊണ്ട് ഉദ്ദേശിക്കുന്നതെ ന്താണോ അതിന് നേർവിപരീത മായ കാര്യങ്ങളാണ് മുസ്‌ലിം സമൂഹത്തിൽ സംഭവിച്ചു കൊണ്ടി രിക്കുന്നത്. അതുകൊണ്ടാണ് ബഹുഭാര്യാത്വം സമൂഹത്തിന് മുമ്പിൽ പരിഹാസ്യവും ആക്ഷേ പാർഹവുമായ ഒരു ദുരന്തമായി മാറുന്നത്. ഇസ്‌ലാമിൽ ബഹുഭാര്യാ ത്വത്തിന്റെ ആനുകൂല്യം ഉപയോഗി ക്കുന്നവർ മിക്കവാറും തങ്ങളുടെ സ്വാർഥപരവും സ്ത്രീധനം പോലെ യുള്ള സാമ്പത്തിക ലാഭത്തിനും, ദൈഹികമായ ഇച്ഛകൾ നിറവേറ്റാൻ വേണ്ടിയുമാണ് ബഹുഭാര്യമാരെ വേൾക്കുന്നത്. ഭാര്യാപദത്തിലുള്ള എല്ലാ പത്നിമാരോടും പക്ഷപാതി ത്വമില്ലാതെ സമഭാവനയോടെയുള്ള നീതി പാലനം വിശുദ്ധ ഖുർആൻ വളരെ കർശനമായി പാലിക്കാൻ ആജ്ഞാപിക്കപ്പെട്ട ഒരുപാധിയാ ണ്. എന്നാൽ ദാമ്പത്യബന്ധത്തിലുട നീളം അനീതിയോടെയും മറ്റുഭാര്യ മാരെ തിരിഞ്ഞുനോക്കാത്ത പക്ഷ പാതിത്വത്തോടുകൂടി പെരുമാറുന്ന വരും ദുസ്സ്വഭാവികളുമായ ഭർത്താ ക്കന്മാരും കുഴപ്പക്കാരുമാണ് ഇസ്‌ലാമിലെ ബഹുഭാര്യാത്വ സമ്പ്രദായത്തെ അധിക്ഷേപാർഹ മാക്കിമാറ്റിയത്. ഭാര്യമാരെ പരിപാലി ക്കാനുള്ള ധനസ്ഥിതിയില്ലാത്ത ദരിദ്രരും സ്നേഹശൂന്യമായി പെരുമാറുന്നവരും ക്രിമിനൽ പശ്ചാത്തലമുള്ളവർക്ക് പോലും രണ്ടാം ഭാര്യയേയും മൂന്നാം ഭാര്യയേയും നിർബാധം വിവാഹം കഴിക്കാൻ സാധിക്കുന്ന സമൂഹ ത്തിൽ ബഹുഭാര്യമാരുമായുള്ള ജീവിതം സംഘർഷഭരിതവും കലഹപൂർണവും വഴക്കും വക്കാണവും കൂടികലർന്നതായി തീരുന്നു. നീതിക്ക് വേണ്ടി കോടതി വരാന്തകളിൽ കൈക്കുഞ്ഞുങ്ങളു മായി അലയുന്ന മുസ്‌ലിം സ്ത്രീകളുടെ ദയനീയ ചിത്രം പലപ്പോഴും ബഹുഭാര്യാത്വത്തിന്റെ ഒരു ഉപോൽപ്പന്നമാണ്. ചുരുക്ക ത്തിൽ ബഹുഭാര്യാത്വത്തിന് അർഹതയില്ലാത്ത, നീതിപാലിക്കാൻ ശേഷിയില്ലാത്തവരും അവർക്ക് ചിലവിന് കൊടുക്കാൻ ഗതിയില്ലാ ത്തവരും പക്ഷപാതിത്വത്തോടെ പെരുമാറുന്നവരുമായ പുരുഷന്മാ രാണ് ബഹുഭാര്യാത്വത്തെ പൊതു സമൂഹത്തിന് മുമ്പിൽ പരിഹാസ്യ വും വികൃതവുമാക്കുന്നത്.

ഇത്തരത്തിലുള്ള ദുരുപയോഗം കൊണ്ട് തുർക്കിയും യമനും ബഹുഭാര്യാത്വം നിരോധിക്കുകയു ണ്ടായി. ഇന്ത്യ, ഇറാൻ, ഇറാഖ്, ബംഗ്ലാദേശ്, അൾജീരിയ, മൊറോ ക്കോ, ജോർദാൻ, കുവൈത്ത് എന്നീ രാജ്യങ്ങളിൽ വിവാഹാവ സരത്തിൽ മറ്റൊരു ഭാര്യയെ വേൾക്കാൻ പാടില്ല എന്ന ഉപാധി വിവാഹക്കരാറിൽ എഴുതി ചേർക്കാ നുള്ള വ്യവസ്ഥയുണ്ട്. അതു പോലെ ആദ്യഭാര്യയുടെ സമ്മതം ലഭിച്ചെങ്കിൽ മാത്രമേ ഈജിപ്തിലും ഇറാനിലും രണ്ടാം വിവാഹം കഴി ക്കാൻ അനുവാദം ലഭിക്കുകയുള്ളൂ.

ആണുങ്ങൾക്ക് ബഹുഭാര്യാത്വം വും സ്ത്രീകൾക്ക് ഏക ഭാര്യാത്വ വും എന്നത് ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന ലിംഗസമത്വ ത്തിന് എതിരാണ് എന്ന വാദം ഇന്ത്യയിലെ സുപ്രീം കോടതി തള്ളിക്കളഞ്ഞിട്ടുണ്ട്. (ഡോ. കൗസർ എടപ്പകത്ത് സത്യദൂതൻ 2014 ജനുവരി ബഹുഭാര്യാത്വം സാർവത്രിക നിയമമോ സോപാ ധിക അനുവാദമോ? എന്ന ലേഖനം വായിക്കുക.).

സംഘർഷഭരിതമായ ആധുനിക

ലോകത്ത് വിവാഹ മോചനങ്ങൾ വർധിച്ചു വരികയാണ്. വിവാഹ മോചനം ഇസ്‌ലാമൊഴികെ മറ്റു മതങ്ങൾ അംഗീകരിക്കുന്നില്ല. വിവാഹം അലംഘനീയമായ വിശുദ്ധ ബന്ധമാണെന്നും ദൈവം കൂട്ടി ചേർത്തതിനെ മനുഷ്യന് വേർപെടുത്താൻ അവകാശമില്ല എന്നുമാണ് മറ്റു മതങ്ങളുടെ നിലപാട്. എന്നാൽ ഇസ്‌ലാം വിവാഹത്തെ ബലവത്തായ ഒരു കരാറായിട്ടാണ് കാണുന്നത്. കരാറായതിനാൽ ദാമ്പത്യ പങ്കാളികൾക്ക് ദാമ്പത്യ ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്ത വിധം ദുസ്സഹവും ചേർച്ചയില്ലാത്തതുമാണെങ്കിൽ തമ്മിൽ വേർപിരിയാൻ ഇസ്‌ലാമിൽ അനുവാദമുണ്ട്. ആധുനിക നീതി പീഠങ്ങൾ അംഗീകരിക്കുന്ന അങ്ങേയറ്റം പുരോഗമന പരമായ നിലപാടാണിത്. അങ്ങനെ വിവാഹ മുക്തയായ സ്ത്രീയുടെ പുനർവിവാഹം ബഹുഭാര്യാത്വത്തിലൂടെ പരിഹരിക്കാൻ എളുപ്പത്തിൽ സാധിക്കും.

## ഫെമിനിസവും ബഹുഭാര്യാത്വവും

ബഹുഭാര്യാത്വത്തിന്നെതിരെ രൂക്ഷമായ എതിർപ്പ് ഉയരുന്നത് ഫെമിനിസത്തിൽ നിന്നാണ്. യൂറോപ്യൻ രാജ്യങ്ങൾ മതത്തിനും ഭരണകൂടങ്ങൾക്കും സമൂഹത്തിനും ദീർഘകാലത്തെ സ്ത്രീ വിരുദ്ധതയുടെ ചരിത്രമുള്ളവരാണ്. ഇതിനെതിരെ സ്ത്രീപക്ഷത്ത് നിന്ന് ആധുനിക കാലത്ത് യൂറോപ്പിലുണ്ടായ പ്രക്ഷോഭമാണ് ഫെമിനിസം. ലിംഗസമത്വത്തിന് വേണ്ടി ആരംഭിച്ച ഫെമിനിസം പ്രകൃതിപരവും മതപരവുമായ എല്ലാ അതിർവരമ്പുകളും ലംഘിച്ച് ലിംഗസമത്വത്തിന്റെ മൗലിക വാദമുയർത്തുകയാണ്. അതിന്റെ പ്രതിധ്വനികൾ ലോകം മുഴുവനും അലയടിക്കുകയാണ്. അതായത് ഗർഭം ചുമക്കുന്നത് സ്ത്രീയായത് കൊണ്ട് ഏകപക്ഷീയമായ ഗർഭഛിദ്രത്തിനുള്ള അവകാശം സ്ത്രീക്ക് നൽകണമെന്നും ഭാര്യയുടെ സമ്മതമില്ലാതെ കിടപ്പറയിൽ ഭർത്താവ് ലൈംഗിക ബന്ധത്തിന് ശ്രമിച്ചാൽ അത് ബലാൽസംഗവും ക്രിമിനൽ കുറ്റവുമായി കാണണമെന്നും സ്വവർഗ വിവാഹം നിയമ വിധേയമാക്കണമെന്നുമുള്ള വാദങ്ങൾ താരതമ്യേന യാഥാസ്ഥിതികമായ ഇന്ത്യൻ സമൂഹത്തിലെ നിയമവൃത്തങ്ങളിൽ പോലും ചർച്ച ചെയ്തു കൊണ്ടിരിക്കുകയും കോടതി വിധികളിൽ അത് പ്രതിഫലിക്കുകയും ചെയ്യുന്നു. പരമ്പരാഗതമായ കുടുംബവ്യവസ്ഥക്ക് ഇത്തരം അതിരു കടന്ന വാദങ്ങൾ ഉയർത്തുന്ന വെല്ലുവിളിയുടെ പശ്ചാത്തലത്തിൽ ഇസ്‌ലാം യഥാർഥത്തിൽ വിഭാവന ചെയ്യുന്ന ബഹുഭാര്യാത്വവും അതിന്റെ സാഹചര്യങ്ങളും നന്മകളും മനസ്സിലാക്കപ്പെടുകയോ വിശകലനം ചെയ്യപ്പെടുകയോ ചെയ്യാറില്ല. സ്വാഭാവികമായും സ്ത്രീകളുടെ ഭാഗത്ത് നിന്നും ബഹുഭാര്യത്വത്തിന് പിന്തുണ ലഭിക്കുക പ്രയാസകരവുമാണ്. പാശ്ചാത്യ സമൂഹമായാലും ഇന്ത്യൻ സമൂഹമായാലും പരമ്പരാഗതവും മതപരവുമായ കുടുംബ ജീവിതത്തിൽ സ്ത്രീകളുടെ സ്ഥാനം പൊളിച്ചെഴുതണമെന്ന് വാദിക്കുന്നവരാണ്. ബഹുഭാര്യാത്വത്തെ നിശിതമായി വിമർശിക്കുന്ന ഫെമിനിസത്തിന്റെ ആത്യന്തിക സ്വാതന്ത്ര്യ വാദത്തിന്റെയും ലിംഗ സമത്വത്തിന്റെയും ഈ പോക്ക് യൂറോപ്പിൽ ഇന്ന് കാണുന്ന കുടുംബങ്ങളുടെ തകർച്ചയിലേക്കാണ് എത്തിച്ചേരുക എന്ന യാഥാർഥ്യവും നാം പരിഗണിക്കേണ്ടതാണ്. ബഹു ഭാര്യാത്വത്തെ എതിർക്കുന്ന യൂറോപ്പിലെ പെർമിസീവ് സൊസൈറ്റിയിൽ ലൈംഗിക ശമനത്തിനായി നിരവധി മാർഗങ്ങളുണ്ട്. വളരെ അയഞ്ഞ അവരുടെ സദാചാര രംഗം അതിനെല്ലാം ഒരുവിലക്കും കൽപ്പിക്കുന്നില്ല. അത് ഒരു ഭാഗത്ത് നിൽക്കുമ്പോഴാണ് ഏകപത്നീവ്രതം ചമഞ്ഞ് ഇസ്‌ലാമിന്റെ ബഹുഭാര്യാത്വത്തിനെതിരെ അവർ വിമർശിക്കുകയും പരിഹസിക്കുകയും ചെയ്യുന്നത്.

## ബഹുഭാര്യാത്വം കാമപൂരണത്തിനോ?

ബഹുഭാര്യാത്വം കാമപൂരണത്തിനാണ് എന്നതാണ് മറ്റൊരാരോപണം. ഈ ആരോപണം റസൂൽ തിരുമേനി(സ)യുടെ കാര്യത്തിൽ യാതൊരു വിധത്തിലും ഉന്നയിക്കാൻ സാദ്ധ്യമല്ല എന്ന് വളരെ സ്പഷ്ടമാണ്. ബഹുഭാര്യാത്വം ദേഹേച്ഛകളുടെ ശമനത്തിനും കാമപൂരണത്തിനുമല്ല, അനാഥകളും വിധവകളുമായ ഗതിയറ്റ സ്ത്രീകളുടെ സംരക്ഷണമാണ് മുഖ്യമായും അതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടത് എന്ന് ഖുർആൻ ആയത്ത് വ്യക്തമാക്കുന്നു.*(4:3,4)* ഈ ആക്ഷേപത്തിന് മറുപടി പറയാൻ റഫറൻസ് പുസ്തകങ്ങളോ ചരിത്ര പുസ്തകങ്ങളോ സിദ്ധാന്തങ്ങളോ മറ്റു സ്റോതസ്സുകളെയോ ആശ്രയിക്കേണ്ടതില്ല. വിവാഹിതരായവരുടെ അനുഭവ സാക്ഷ്യങ്ങൾ മാത്രം മതി. നമ്മിൽ പ്രായപൂർത്തിയായവർ മിക്കവാറും വിവാഹിതരാണ്. അവർ വിവാഹിതരായത് കാമശമനത്തിന് വേണ്ടി മാത്രമാണോ എന്ന് അവരോട് തന്നെ ആരായുക. തീർച്ചയായും അല്ല എന്ന ഉത്തരമായിരിക്കും ലഭിക്കുക. ബഹുഭാര്യാത്വത്തെ സംബന്ധിച്ച് മുൻവിധിയുള്ള വിമർശകരുടെ അയുക്തികവും അപഹാസ്യവുമായ വാദമാണിത്. വാസ്തവത്തിൽ വിവാഹം വിനോദമോ കേവലം ലൈംഗികാസ്വാദനമോ അല്ല എന്ന് വിവാഹിതരായ യുക്തിവാദികളടക്കം എല്ലാവരും ഒന്നടങ്കം സാക്ഷ്യം പറയുന്നതാണ്. സാർവത്രികമായ സത്യം ഇതാണെങ്കിലും ബഹുഭാര്യാത്വത്തിന്റെ കാര്യം വരുമ്പോൾ ഇസ്‌ലാം വിമർശകർ കളം മാറ്റിചവിട്ടും. അവർക്കപ്പോൾ വിവാഹം കാമപൂരണത്തിന് മാത്രമുള്ള കേളിയായി മാറും.

യഥാർഥത്തിൽ വിവാഹത്തോടു കൂടി ഒരാൾ മൂന്ന് ഭാരിച്ച ഉത്തരവാദിത്വങ്ങളാണ് തലയിൽ കയറ്റി വെക്കുന്നത്. ഒന്നാമതായി അയാൾ ഒരു ഭർത്താവായിത്തീരുന്നു. രണ്ടാമതായി അയാൾ ഒരു കുടുംബനാഥനായി തീരുന്നു. മൂന്നാമതായി അയാൾ ഒരു പിതാവായിത്തീരുന്നു. സാധാരണ ഒരാൾ വിവാഹിതനാവുമ്പോൾ ഈ മൂന്നു പദവികളാണ് അയാളെ കാത്തുനിൽക്കുന്നത്. ഒന്നാം വിവാഹം ഇത്രയും ഭാരിച്ച ഒരു ഉത്തരവാദിത്വം ഒരാളുടെ തലയിൽ കെട്ടിവെക്കുമ്പോൾ ബഹുഭാര്യമാരെ ഒരാൾ വേൾക്കുമ്പോൾ അയാളുടെ ഉത്തരവാദിത്വങ്ങൾ അത്രയും ഇരട്ടിയായി വർധിക്കുകയാണ് ചെയ്യുന്നത്. ഖുർആൻ ബഹുപത്നിമാരെ സ്വീകരിക്കുന്നവരോട് കർശനമായി കൽപ്പിച്ച തുല്യ നീതിപാലനത്തിന്റെ അദ്ധ്യാപനങ്ങളുള്ളപ്പോൾ ഇസ്‌ലാമിൽ ബഹുഭാര്യാത്വം അങ്ങേയറ്റം ഉത്തരവാദിത്വബോധവും കാര്യശേഷിയും ഉള്ളവർക്ക് മാത്രം ചെയ്യാൻ അനുവാദമുള്ള ഒന്നായി മാറുന്നു. ആളുകളുടെ ഇസ്മാലിക നീതിയെ കുറിച്ചുള്ള അവബോധമില്ലായ്മയും ധാർമികമായ അപചയവും നിയമത്തിന്റെ പോരായ്മയും സർവോപരി സമൂഹത്തിന്റെ ജാഗ്രതക്കുറവും ബഹുഭാര്യാത്വത്തെ മറ്റൊന്നാക്കി തീർത്തിരിക്കുന്നു എന്നത് ശരിതന്നെ. എങ്കിലും ബഹുഭാര്യാത്വ സംവിധാനത്തിന്റെ പ്രസക്തി നശിക്കുന്നില്ല.

## സ്ത്രീകളുടെ ആധിക്യവും ബഹുഭാര്യാത്വവും

സ്ത്രീകളുടെ ആധിക്യമുണ്ടായാൽ ബഹുഭാര്യാത്വം ഏറ്റവും നല്ല ഇസ്‌ലാമിക പരിഹാരമായി പറയുമ്പോൾ, പുരുഷന്മാർ അധികമായാൽ ബഹുഭർത്തൃത്വം അനുവദനീയമാവുമോ എന്ന് വിമർശകന്മാർ മറുവാദം ഉന്നയിക്കാറുണ്ട്. ഇതൊരു അപ്രസക്തമായ സാങ്കൽപ്പിക ചോദ്യമാണ്. സാധാരണ ഗതിയിൽ സ്ത്രീകളുടേയും പുരുഷന്മാരുടേയും ജനസംഖ്യ ഏറേകുറേ തുല്യമായിട്ടാണ് പ്രകൃതിയിൽ കാണപ്പെടുന്നത് എന്നാണ് റൊണാൾഡ് ഫിഷറിന്റെ ജനസംഖ്യാനുപാതം സംബന്ധിച്ച ഫിഷേഴ്സ് തിയറി (Fisher's principle) പറയുന്നത്. പ്രകൃതിയുടെ നിയമം അതാണ്. പക്ഷേ സ്ത്രീകൾ പെട്ടെന്ന് അധികമാവുന്ന ഒരുപാട് ചരിത്ര സന്ദർഭങ്ങൾക്ക് ലോകം സാക്ഷ്യം വഹിച്ചിട്ടുണ്ട് എന്നത് ഒരു യാഥാർഥ്യമാണ്. യുദ്ധങ്ങളാണ് ഈ പുരുഷശോഷണവും സ്ത്രീകളുടെ ആധിക്യവും സൃഷ്ടിക്കുന്നതിന് കാരണം. യുദ്ധഭടന്മാർ മിക്കവാറും പുരുഷന്മാരായിരിക്കുമല്ലോ. യുദ്ധാനന്തരം ജേതാക്കളും പരാജിതരുമായ രാജ്യങ്ങളിൽ പുരുഷന്മാരുടെ കുറവ് പെട്ടെന്ന് അനുഭവപ്പെടുന്നു. ഇത് ചരിത്രത്തിൽ നിരവധി തവണ ആവർത്തിക്കപ്പെട്ട പ്രതിഭാസമാണ്. പെട്ടെന്നുണ്ടാകുന്ന ഈ പ്രതിഭാസം പരിഹരിക്കാൻ ബഹുഭാര്യാത്വമല്ലാതെ മറ്റൊരു വഴിയുമില്ല. മറിച്ച് ഏറെകുറെ സമതുലിതമായ സ്ത്രീപുരുഷാനുപാതം വൻതോതിൽ ഇടിഞ്ഞ് പുരുഷ ജനസംഖ്യ അസാധാരണമായ തോതിൽ ഉയർന്ന ഒരു ചരിത്ര സന്ദർഭവും ഉണ്ടായിട്ടില്ല. അങ്ങനെ ഒരവസ്ഥ സംജാതമാവുന്ന യുക്തിസഹമായ ഒരു കാരണവും ഉന്നയിക്കാതെ ബഹുഭാര്യത്വത്തെയും ഇസ്‌ലാമിനെയും വിമർശിക്കാൻ എതിരാളികൾ ഉയർത്തുന്ന ഒരു സാങ്കൽപ്പിക വാദമാണ് പുരുഷന്മാരുടെ ക്രമാതീതമായ ആധിക്യാവസ്ഥ.

യൂറോപ്പിനെ പിടിച്ചു കുലുക്കിയ യുദ്ധമായിരുന്നു തെർട്ടി ഇയേർസ് വാർ (Thirty Years' War 30 സംവത്സര യുദ്ധം) 1618 മുതൽ 1648 വരെ യൂറോപ്പിലെ പ്രൊട്ടസ്റ്റന്റ് രാജ്യങ്ങളും കത്തോലിക്കാ രാജ്യങ്ങളും തമ്മിൽ നടത്തിയ യുദ്ധമായിരുന്നു അത്. യുദ്ധാനന്തരം വമ്പിച്ചതോതിൽ പല രാജ്യങ്ങളിലുമെന്നപോലെ ജർമനിയിലും പുരുഷന്മാരുടെ എണ്ണം കുറഞ്ഞു. സ്ത്രീകളുടെ ആധിക്യം അപരിഹാര്യമായ ഒരു പ്രശ്നമായി പാർലമെന്റിന്റെ മുമ്പിൽ വന്നു. അവസാനം 1650 ഫെബ്രവരി 14 ന് ജർമനിയിലെ ന്യൂറം ബർഗ് പാർലമെന്റിൽ 10 സ്ത്രീകളെവരെ വിവാഹം കഴിക്കാൻ അനുവദിക്കാമെന്ന് നിയമം കൊണ്ട് വരികയുണ്ടായി. ബഹുഭാര്യമാരെ വേൾക്കുന്ന ഭർത്താക്കന്മാരോട് എല്ലാ ഭാര്യമാരോടും നീതിയോടെയും മാന്യമായും പെരുമാറണമെന്നും ഗവൺമെന്റ് നിയമം കൊണ്ട്വന്നു. അതുപോലെ 60 വയസ്സിന് ശേഷം മാത്രമേ സന്യാസി മഠങ്ങളിൽ പുരുഷന്മാരെ ചേർക്കാനും അനുവദിച്ചിരുന്നുള്ളു. കുറച്ചു വർഷങ്ങളെടുത്തു കൊണ്ടാണ് ഈ ജനസംഖ്യാ പ്രശ്നം പരിഹരിക്കപ്പെട്ടത്. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം വീണ്ടും ഈ അവസ്ഥ ജർമനിയിലുണ്ടായി. പുരുഷന്മരെക്കാൾ 73,00,000 അധികം സ്ത്രീകൾ ജർമനിയിൽ ഉണ്ടായിരുന്നു. (അതിൽ 33 ലക്ഷവും വിധവകളായിരുന്നു.) അതായത് 20–30 പ്രായത്തിലുള്ള 167 സ്ത്രീകൾക്ക് 100 പുരുഷന്മാർ മാത്രമെ ഉണ്ടായിരുന്നുള്ളൂ. (vUte Frevert, Women in German History: from Bourgeois Emancipation to Sexual Liberation (New York: Berg Publishers, 1988) pp. 263-264.) ഈ ഘട്ടത്തിൽ ബഹുഭാര്യാത്വം നിയമവിധേയമാക്കാനുള്ള നിർദേശമുണ്ടായി. പക്ഷേ ക്രിസ്ത്യൻ ചർച്ചിന്റെ രൂക്ഷമായ എതിർപ്പ് മൂലം ആ നിർദേശം നിരാകരിക്കപ്പെട്ടു. പകരം വ്യഭിചാരം നിയമ വിധേയമാക്കി. ഒരു തൊഴിൽ എന്ന നിലക്കുള്ള പരിഗണനയും സംരക്ഷണവും നൽകി. വ്യഭിചാരം യുവാക്കളെ വീണ്ടും അവിവാഹിതരായി തുടരാൻ പ്രേരിപ്പിക്കുകയാണുണ്ടായത്. 2013 മാർച്ച് റോയൽ

എകണോമിക് സൊസൈറ്റിയുടെ എകണോമിക്സ് ജേർണലിൽ പ്രസിദ്ധീകരിച്ച ഒരു ഗവേഷണ ലേഖനത്തിൽ ജർമനിയിൽ യുദ്ധത്തിന് മുമ്പ് വിവാഹേതര ബന്ധത്തിൽ 10 ശതമാനം കുട്ടികളായിരുന്നു ജനിച്ചിരുന്നതെങ്കിൽ യുദ്ധാനന്തരം അത് 16 ശതമാനമായി വർധിച്ചു എന്ന് കാണുന്നു.' (World War II, Missing Men and Out of Wedlock Childbearing' by Dirk Bethmann and Michael Kvasnicka is published in the March 2013 issue of the Economic Journal.)

രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ജർമനിയിലുണ്ടായ ഈ അവസ്ഥയെപറ്റി അഹ്മദിയ്യാ ഖലീഫയായിരുന്ന ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)എഴുതുന്നു:

***ഈ പ്രശ്നം പരിഹരിക്കാൻ ജർമനിയിൽ ഒരു മാർഗവുമുണ്ടായിരുന്നില്ല. കർശനമായ ഏകപത്നീവ്രതം പാലിക്കാൻ നിർദേശിക്കുന്ന ക്രിസ്തുമതത്തിന് ഈ അവസ്ഥക്ക് ഒരു പരിഹാരവും മുന്നോട്ടുവെക്കാനില്ലായിരുന്നു. ഈ അസന്തുലിതാവസ്ഥയു ടെ പരിണിത ഫലം ജർമൻ ജനത അനുഭവിക്കേണ്ടി വന്നു. വിവാഹം കഴിക്കാനാകാതെ വളരെയധികം കന്യകകളും വിഷാദവതികളായ വൃദ്ധകന്യകമാരും യുവ വിധവമാരും അവിടെ ഉണ്ടായിരുന്നു.***

***വിശാലമായ യൂറോപ്യൻ ഭൂഖണ്ഡത്തിൽ ഇത്തരത്തിൽ അത്യന്തം അപകടകരവും അമ്പരപ്പിക്കുന്നതുമായ അനുപാതത്തിലാണ് സാമൂഹിക പ്രശ്നങ്ങൾ അനുഭവപ്പെട്ടത്. ജർമനി എന്ന ഒരു രാജ്യത്ത് മാത്രമായിരുന്നില്ല. യുദ്ധാനന്തരമുള്ള ജർമനിയിൽ ധാർമികാപചയത്തിന്റെയും അരാചകത്വത്തിന്റേയും വൻ സുനാമിയെ തടഞ്ഞു നിർത്തുക എന്നത് വമ്പിച്ച ഒരു വെല്ലുവിളിയായിരുന്നു. അത് സ്വാഭാവികമായുള്ളതും നിലവിലുള്ള അസന്തുലിതത്വത്തെ എല്ലാ അതിരുകളെയും ഭേദിച്ചു വലുതാക്കുന്നതുമായിരുന്നു.***

***സങ്കീർണമായ ഇത്തരം എല്ലാ പ്രശ്നങ്ങൾക്കും ഒരേയൊരു ഉത്തരം ഒരു പുരുഷനെ ഒന്നിലധികം സ്ത്രീകളെ വിവാഹം കഴിക്കാൻ അനുവദിക്കുക എന്നതാണെന്ന് നിഷ്പക്ഷബുദ്ധിയുള്ള ഏതൊരാൾക്കും കാണാൻ സാധിക്കും. ഈ നിർദേശം അവരുടെ കാമാസക്തിയെ ശമിപ്പിക്കുവാനുള്ളതായിരുന്നില്ല. വലിയതോതിൽ സ്ത്രീകളുടെ യഥാർഥ പ്രശ്നങ്ങളുടെ പരിഹാരമായിരുന്നു. യുക്തിപരവും യാഥാർഥ്യ ബോധത്തോട് കൂടിയുള്ളതുമായ പരിഹാരം നിരാകരിക്കപ്പെടുമ്പോൾ സമൂഹത്തിൽ പിന്നെ ബദലായി അവശേഷിക്കുന്നത് അപഭ്രംശത്തിലേക്കും ലൈംഗിക അരാജകത്വത്തിലേക്കും ദ്രുതഗതിയിൽ അധഃപതിക്കുന്ന ഒരു സമൂഹമായിരിക്കും. കഷ്ടമെന്ന് പറയട്ടെ ഈ ഒരു മാർഗമാണ് പാശ്ചാത്യ ലോകം സ്വീകരിച്ചത്. (ഇസ്‌ലാമും സമകാലീന പ്രശ്നങ്ങളും ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്, പേ. 127)***

ബഹുഭാര്യാത്വത്തിന് ജന്തുക്കളിൽ ജനിതകപരമായ അടിസ്ഥാനമുണ്ടെന്ന് ചില പാശ്ചാത്യ നരവംശ ശാസ്ത്രജ്ഞന്മാർ പറയുന്നു. അവർ അതിന് ഉദാഹരണമായി ചൂണ്ടികാട്ടുന്നത് കുറെ പെൺ സിംഹങ്ങളെ അധീനമാക്കിവെക്കുന്ന സിംഹകേസരിയുടെ ഉദാഹരണമാണ്.

## അമേരിക്കയിലെ മോർമൻ കക്ഷിയും ബഹുഭാര്യാത്വവും

1820 ൽ അമേരിക്കയിലെ യുഗാന്ത്യ വിശുദ്ധരുടെ പ്രസ്ഥാന (Latter Day Saint movement of Restorationist Christianity(LDS Movement) ത്തിന്റെ സ്ഥാപകൻ ജോസഫ് സ്മിത്ത് സ്ഥാപിച്ചതാണ് മോർമോണിസം എന്ന ക്രിസ്തീയ മതവിഭാഗം. നഷ്ടപ്പെട്ട ക്രൈസ്തവ മൂല്യങ്ങൾ വീണ്ടെടുക്കാൻ അവസാന കാലത്ത് ദൈവം തന്നെ നിയോഗിച്ചതാണെന്നായിരുന്നു ജോസഫ് സ്മിത്തിന്റെ വാദം. അമേരിക്കയിൽ പുരാതന കാലം മുതൽ മോസസിന്റെ യഹൂദ മതം ഉണ്ടായിരുന്നു എന്നാണ് സ്മിത്തിന്റെ വാദം. ബാബിലോൺ പ്രവാസത്തിന് മുമ്പ് ജെറുസെലേമിൽ നിന്നും അമേരിക്കയിലേക്ക് കുടിയേറിയ ഒരു യഹൂദ കുടുംബം (ബി. സി. 6-ാം നൂറ്റാണ്ടിനും 4-ാം നൂറ്റാണ്ടിനുമിടക്ക്) പുരാതന അമേരിക്കയിൽ ഒരു യഹൂദ ഭരണം സ്ഥാപിച്ചുവെന്നും മോസസിന്റെ നിയമങ്ങൾ പുരാതന അമേരിക്കയിൽ നടപ്പാക്കിയിട്ടുണ്ടെന്നും അവസാനകാലത്ത് യഹൂദമതത്തിൽ നിന്നും ഉദ്ഭവിച്ച ക്രിസ്തുമതം തന്നിലൂടെ അ മേരിക്കയിൽ പുനസ്ഥാപിക്കപ്പെടും എന്നൊക്കെയായിരുന്നു സ്മിത്തിന്റെ അവകാശവാദം. 1844 ജൂൺ 27 മോർമൻ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ ജോസഫ് സ്മിത്തിനെ ജനക്കൂട്ടം അക്രമിച്ച് വധിക്കുകയാണുണ്ടായത്. ഇദ്ദേഹത്തിന്റെ മോർമൻ എന്ന ക്രിസ്തുമത പ്രസ്ഥാനമാണ് അമേരിക്കയിൽ ഏറ്റവും തീവ്രമായി ബഹുഭാര്യാത്വത്തിന് വേണ്ടി വാദിക്കുന്നത്. അമേരിക്കൻ പാർലമെന്റിന്റെയും സുപ്രീം കോടതിയുടെയും ശക്തമായ ഇടപെടൽ കാരണം ബഹുഭാര്യാത്വം അമേരിക്കയിൽ നിരോധിച്ചതിനാൽ ബഹുഭാര്യാത്വം മോർമൻ കക്ഷിക്കാർ തൽക്കാലം നിർത്തിവെച്ചിരിക്കയാണ്. സാഹചര്യമനുകൂലമായാൽ ബഹുഭാര്യാത്വം അമേരിക്കയിൽ വീണ്ടും ആരംഭിക്കുമെന്നാണ് മോർമൻ കക്ഷിക്കാർ പറയുന്നത്. 1958 ൽ അവർ പുറത്തിറക്കിയ **'മോർമൻ ഡോക്ട്രിൻ'** എന്ന പുസ്തകത്തിൽ യേശുവിന്റെ രണ്ടാം വരവിന് ശേഷം ബഹുഭാര്യാത്വം വളരെ വ്യക്തമായ നിലയിൽ

പുനരാരംഭിക്കുമെന്ന് പറയുന്നു. അമേരിക്കയിൽ മോർമൻകാർ 61 ലക്ഷവും ലോകത്താകമാനം ഒന്നര ക്കോടിയോളവുമുണ്ട്.

## വെപ്പാട്ടിമാരും ബഹുഭാര്യാത്വവും

റസൂൽ തിരുമേനി(സ) യുടെ ധർമപത്നിമാരെയും ഇസ്‌ലാമിലെ ബഹുഭാര്യാത്വ സമ്പ്രദായത്തെയും നിർദയം രൂക്ഷമായി എതിർക്കുന്ന വരാണ് പശ്ചാത്യ ക്രിസ്തീയ ലോകം. ക്രിസ്ത്യൻ ചർച്ചും മിക്ക ക്രിസ്ത്യൻ രാജ്യങ്ങളും സമൂഹ ങ്ങളും അവർക്ക് മത നേതൃത്വം നൽകുന്ന പേപ്പസിയുടെ ചരിത്രം പരിശോധിച്ചാൽ പറയാൻ കൊള്ള രുതാത്ത വിധം അവിശുദ്ധമായ കഥകൾ നിറഞ്ഞവയാണ് അവയെ ല്ലാമെന്ന് കാണാം. പോപ്പുമാരിൽ ചിലർ വിവാഹിതരായവരും വെപ്പാട്ടികളെ (Concubines) വെച്ചു പുലർത്തിയവരും അവിഹിത സന്താനങ്ങളുള്ളവരു മായിരുന്നു എന്നത് പരക്കെ അറിയപ്പെട്ട സത്യമാണ്.

**വിവാഹിതരായ പോപ്പുമാർ ഇവരാണ്**: പോപ്പ് ഹോമിസ്ഡസ് (514–523), പോപ്പ് അദ്രിയാൻ (867 –872), പോപ്പ് ജോൺ XVII (1003), പോപ്പ് ക്ലമന്റ് (1265–1268), **അവിഹിത സന്താനങ്ങളുള്ള പോപ്പുമാർ**: പോപ്പ് പീയൂസ് II (1458–1464), പോപ്പ് ഇന്നസെന്റ് VIII (1484–1492), പോപ്പ് ക്ലമന്റ് VII (1523 –1534), പോപ്പ് ജൂലിയസ് (1503–1513), പോപ്പ് പോൾ III (1534–1549), പോപ്പ് ഗ്രിഗറി (1572–1585), പോപ്പ് ലിയോ XII (1823–1828), പോപ്പ് സെർജൂസ (904–911) പോപ്പ് ജോൺ X (914–928), പോപ്പ് ജോൺ XII (955–963), പോപ്പ് ബെനഡിക്റ്റ് (1032 –1048), പോപ്പ് പോൾ (1464–1471), പോപ്പ് സിക്സ്റ്റസ് (1471–1484), പോപ്പ് അലക്സാണ്ടർ (1492–1503), പോപ്പ് ലിയോ X (1513–1521), പോപ്പ് ജൂലിയസ് (1550–1555) എന്നിങ്ങനെ പോകുന്നു മാർപ്പാപ്പമാരുടെ പേരുകൾ. (https://en.wikipedia.org/wiki/List_of_sexually_active_popes)

ഇംഗ്ലീഷിൽ സ്വജനപക്ഷപാതം എന്ന അർഥത്തിൽ ഉപയോഗിക്കു ന്ന നെപ്പോട്ടിസം (Nepotism) എന്ന ഒരു പദമുണ്ട്. അതായത് നെപ്യൂസിന് (Nephews = അനന്തര വന്ന്) വേണ്ടി അന്യായമായി ചെയ്തു കൊടുക്കുന്ന ആനുകൂല്യ ങ്ങൾ എന്നാണ് ആ പദത്തിന്റെ ഭാഷാർഥം. അങ്ങിനെ അന്യായ മായി സ്വജനങ്ങൾക്ക് ആനുകൂല്യ ങ്ങൾ ചെയ്തുകൊടുക്കുന്നതിനെ യാണ് നെപ്പോട്ടിസം എന്ന പദത്തിന്റെ അർഥം. മദ്ധ്യകാല ഘട്ടത്തിൽ പോപ്പുമാർക്ക് അവരുടെ വെപ്പാട്ടിമാരുമായുണ്ടായ അവിഹിതബന്ധത്തിൽ ജനിച്ച കുട്ടികളെയാണ് Nephews അഥവാ Nephews of Pope എന്ന് വിളിക്കുന്നത്. ചാരിത്ര പ്രതിജ്ഞയു ള്ളതിനാൽ നിയമപരമായി അവരെ സന്താനം എന്ന് പറയാൻ കഴിയാ ത്തത് കൊണ്ടാണ് അനന്തരവൻ എന്ന അർഥത്തിൽ Nephew എന്ന് വിളിക്കുന്നത്. ഇറ്റാലിയൻ ഭാഷയിൽ നിന്ന് ഇംഗ്ലീഷ് ഭാഷയിലേക്ക് കുടിയേറിയ ഈ പദം, മദ്ധ്യകാലഘട്ടത്തിൽ പേപ്പസിയുടെ കുത്തഴിഞ്ഞ ലൈംഗിക ജീവതത്തി ലേക്ക് വിരൽ ചൂണ്ടുന്ന അവശേഷി പ്പാണ് ഇംഗ്ലീഷ് ഭാഷയിലെ ഈ പദം. റസൂൽ തിരുമേനി(സ)യുടെ ധാർമിക ബദ്ധമായ പരിശുദ്ധ വിവാഹ ജീവിതത്തെ വിമർശിക്കു ന്നവർ ഇംഗ്ലീഷിലെ ആധികാരിക നിഘണ്ടുവായ Oxford Dictionary (Language Maters) മറിച്ചു നോക്കൂ. അതിൽ നെപ്പോട്ടിസ ത്തിന്റെ അർഥം ഇങ്ങനെയാണ് പറയുന്നത്. Mid 17th century: from French népotisme, from Italian nepotismo, from nipote 'nephew' (with reference to privileges bestowed on the ‘nephews’ of popes, who were in many cases their illegitimate sons).

Chambers Dictionary യിൽ പറഞ്ഞ മറ്റൊരു പരമർശം ഉദ്ദരിച്ചു കൊണ്ടുള്ള ലേഖനത്തിൽ നിന്ന് The word "nepotism" is defined as "undue favouritism to one's relations and close friends, originally by a pope" (Chambers Dictionary, 9th edition). The word comes from the Latin "nepos, nepotis" meaning a grandson or nephew, and originated when popes justified conferring position and/or title on their illegitimate offspring by calling them nephews. (http://clergyabuseaustralia.org/litrefs.htm)

വെപ്പാട്ടി സമ്പ്രദായം ബൈബിളി ൽ പല പുണ്യവാളന്മാരോടും ബന്ധപ്പെടുത്തി കാണാം. അബ്രഹാമിന് ഒന്നിലധികം വെപ്പാട്ടിമാരും, കിംങ്ങ് ഡേവിഡിന് പത്തും (2 ശമുവേൽ 15:36,) കിംങ്ങ് സോളമന് 700 ഭാര്യമാരും 300 വെപ്പാട്ടിമാരുമുണ്ടായിരുന്നു. (1 രാജക്കന്മാർ 11:3) ജോസഫിന്റെ മകൻ മനേശ, ഈശാഊ മുതലായ പുണ്യാത്മാക്കൾക്കും വെപ്പാട്ടി മാരുള്ളതായി പറയുന്നു. വെപ്പാട്ടി മാരുമായി (കോൺക്യുബിൻ - Concubine) അത്തരം വിവാഹേ തര ബന്ധം നിയമ പരമായിരുന്നു. എന്ന് ബൈബിളിൽ നിന്നും മനസ്സിലാക്കാം. സാമൂഹികമായി അത്തരം സ്ത്രീകളുടെ താഴ്ന്ന സ്ഥാനം ഉന്നതരുമായുള്ള സാധാര ണ വിവാഹത്തിന് തടസ്സമായി രുന്നു. വെപ്പാട്ടികളുമായുള്ള ബന്ധത്തിന് മതപരമോ കുടുംബ പരമോ ആയി യാതൊരു തടസ്സവും ഉണ്ടായിരുന്നില്ല. പുരാതനമായ ചില സ്ത്രീകളുടെ കല്ലറകളിൽ പോലും പരേത വെപ്പാട്ടിയായിരുന്നു എന്ന് കൊത്തിവെച്ചിട്ടുണ്ട്. പുരാതന റോമിലും ഗ്രീക്കിലും പിന്നീട് ക്രിസ്തീയ രാജ്യങ്ങളിൽ അവർക്ക് ഈ ബന്ധത്തിൽ സന്താനങ്ങളുണ്ടാ യാൽ പിതാവിന്റെ അനന്തരാവ

കാശം ലഭിച്ചിരുന്നില്ല. അവർക്ക് സാധാരണ പൗരന്റെ അവകാശങ്ങൾ പോലും ലഭിച്ചിരുന്നില്ല. ഭാര്യയോടൊപ്പം വീട്ടിൽ വെപ്പാട്ടിമാരെ താമസിപ്പിക്കാനും അനുവാദമില്ലായിരുന്നു. അത് സമൂഹം അപമാനമായി കരുതിയിരുന്നു. ഇസ്‌ലാം അത് ഉത്ഭവിക്കുന്നതിന് മുമ്പ് തന്നെ അറേബ്യയിൽ വെപ്പാട്ടി സമ്പ്രദായം ഉണ്ടായിരുന്നു. വെപ്പാട്ടി സമ്പ്രദായം വ്യാപകമായ ഒരു സാമൂഹിക യഥാർഥ്യം എന്ന നിലക്ക് ഇസ്‌ലാം ഈ സമ്പ്രദായത്തിന്റെ വിപാടനം ലക്ഷ്യമാക്കി നിയന്ത്രണങ്ങളും പരിഷ്ക്കരണങ്ങളും ഉണ്ടാക്കി. ഇസ്‌ലാമികേതര സമ്പ്രദായത്തിൽ വെപ്പാട്ടിമാർ അഥവാ കോൺകുബിൻ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇത്തരം അധീന സ്ത്രീകൾ മറ്റൊരു പേരിലാണ് അറിയപ്പെടുന്നത്. അവർ ഇസ്‌ലാമിൽ **വലംകൈക്ക് ഉടമയാക്കപ്പെട്ടവർ** (മാമലക്കത്ത് അയ്മാനിക്കും) എന്ന സാങ്കേതിക പദം കൊണ്ടാണ്. വിശേഷിപ്പിക്കപ്പെടുന്നത്. ബൈബിളിലെ വെപ്പാട്ടി സമ്പ്രദായവുമായി ഇതിന് പേരിലും വിശദാംശങ്ങളിലും വിവക്ഷയിലും വളരെയേറെ വ്യത്യാസമുണ്ട്. ഇസ്‌ലാമിൽ അവരെ വിവാഹ കരാർ കൂടാതെ ലൈംഗികമായി ഉപയോഗിക്കാൻ അനുവാദമില്ല. വലം കൈക്ക് ഉടമയാക്കപ്പെട്ടവരിൽ സന്താനങ്ങൾ ജനിച്ചാൽ വെപ്പാട്ടി സമ്പ്രദായത്തിൽ നിന്നും ഭിന്നമായി ആ സ്ത്രീ സമ്പൂർണ്ണ ഭാര്യാപദവിയിൽ വരികയും സാധാരണ സന്താനങ്ങൾക്ക് ലഭിക്കുന്ന എല്ലാവിധ അനന്തരാവകാശത്തിനും അർഹരായിത്തീരുകയും ചെയ്യുന്നു. ഇസ്‌ലാമിന്റെ ആവിർഭാവ കാലത്ത് വലംകൈക്ക് ഉടമയാക്കപ്പെട്ടവർ അധികവും യുദ്ധം മുഖേന ലഭിച്ച അധീന സ്ത്രീകളായിരുന്നു. യുദ്ധാർജിതർ എന്ന നിലക്ക് സ്വാഭാവികമായും അവരുടെ സ്വാതന്ത്ര്യങ്ങൾക്ക് പരിമിതികളുണ്ട്. എന്നിട്ടും ഇസ്‌ലാം സാധാരണ സ്ത്രീകളോടെന്ന പോലെ ഉദാരവും ആദരണീയവുമായ രീതിയിലാണ് ഈ അധീന സ്ത്രീകളോട് പോലും പെരുമാറുന്നത് എന്നും നാം ഓർക്കണം. സൂക്ഷ്മമായി പരിശോധിച്ചാൽ ഇസ്‌ലാമിന് മുമ്പുണ്ടായിരുന്ന വെപ്പാട്ടി സമ്പ്രദായത്തെ അടിമത്തം പോലെ വിപാടനം ചെയ്യാനായിരുന്നു ഇസ്‌ലാം ശ്രമിച്ചത് എന്ന് കാണാം.

### ഉപസംഹാരം

റഹ്മത്തുൽ ലിൽ ആലമീനായ (പ്രപഞ്ചത്തിന് മുഴുവൻ കാരുണ്യം) റസൂൽ തിരുമേനി(സ) കൊണ്ടുവന്ന ഇസ്‌ലാമിലെ എല്ലാ നിയമങ്ങളും അനുവാദങ്ങളും നിരോധനങ്ങളും മനുഷ്യസ്നേഹപരവും ജീവകാരുണ്യാത്മകവും പുരോഗമനാത്മകവും പാവങ്ങളോട് അനുകമ്പ നിറഞ്ഞതുമാണ്. ആരുടെ അവകാശങ്ങളേയും അത് ഹനിക്കുകയോ ആരേയും വേദനിപ്പിക്കുകയോ ചെയ്യുന്നില്ല. സ്ത്രീ സമൂഹത്തോട് അവിടുന്ന് കാണിച്ച അനുകമ്പയും ലിംഗസമത്വത്തിനും തുല്യനീതിക്കും വേണ്ടി ആവിഷ്ക്കരിച്ച നടപടികളും വിശുദ്ധ ഖുർആനിലും അവിടുത്തെ കർമങ്ങളിലും (സുന്നത്ത്) വചനങ്ങളിലും (ഹദീസ്) ഇസ്‌ലാമിക ചരിത്രത്തിലും രേഖപ്പെട്ടു കിടക്കുന്നു. ബഹുഭാര്യാത്വം ഒരിക്കലും സ്ത്രീകളുടെ അവകാശം ധ്വസിക്കുകയോ അവുടെ അഭിമാനവും അന്തസ്സും സ്വാതന്ത്ര്യവും കവരുകയോ അവർക്ക് ആശങ്കകളുണ്ടാക്കുകയോ ചെയ്യുന്നില്ല. മറിച്ച് അവർക്ക് സംരക്ഷണവും സുരക്ഷയും കുടുംബ ജീവിതവും നൽകുകയും ദാമ്പത്യ ബന്ധങ്ങളിൽ നീതി ഉറപ്പു വരുത്തുകയുമാണ് ചെയ്യുന്നത്. ●

## നോമ്പുതുറക്കുമ്പോഴുള്ള പ്രാർത്ഥന

ഹദ്‌റത്ത് മുആദ് ബിൻ സുഹ്‌റ (റ) നിവേദനം ചെയ്യുന്നു: നബി (സ) നോമ്പ് തുറക്കുമ്പോൾ ഇങ്ങനെ ദുആ ചെയ്യുമായിരുന്നു: ***അല്ലാഹുമ്മ ലക്ക സുംതും വഅലാ റിസ്ഖിക അഫ്ത്വർത്തു*** അല്ലാഹുവേ ഞാൻ നിന്റെ പ്രീതി പ്രതീക്ഷിച്ചുകൊണ്ട് നൊമ്പൊടുക്കുകയും നീ തന്നനുഗ്രഹിച്ച ഭക്ഷണ സാധനം കൊണ്ട് നോമ്പ് തുറക്കുകയും ചെയ്യുന്നു. (അബൂദാവൂദ്)



# വധശിക്ഷ തൂക്കിലേറ്റപ്പെടുമ്പോൾ

ഡോ.കൗസർ എടപ്പകത്ത്

കൊലപാതകത്തിനുള്ള വധശിക്ഷയെപറ്റി എന്നും വിവാദങ്ങൾ നിലനിന്നിട്ടുണ്ട്. വധശിക്ഷ നിർത്തലാക്കണമെന്നുള്ള അഭിപ്രായത്തിന് മുൻതൂക്കം ലഭിച്ചുവരുന്നുവെന്നുള്ളത് ഒരു യാഥാർഥ്യമാണ്. വധശിക്ഷ ക്രൂരവും പ്രാകൃതവുമാണെന്ന മുറവിളികൾ പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ തുടങ്ങിയതാണെങ്കിലും ഏറ്റവുമൊടുവിൽ അഫ്സൽ ഗുരുവിന്റെയും യാകൂബ് മാമന്റെയും വധശിക്ഷയെ തുടർന്നുള്ള വിവാദങ്ങൾ കൂടുതൽ ഗൗരവമുള്ള ചർച്ചകൾക്ക് വഴിവെച്ചിരിക്കുന്നു. പരിഷ്കൃത ലോകത്തിന് നിരക്കാത്തതാണ് വധശിക്ഷയെന്ന വാദം ശക്തിപ്പെടുകയും ഇതിനെതിരെ കൂട്ടായ്മകൾ രൂപം കൊള്ളുകയും ചെയ്യുന്നുമുണ്ട്.

വധശിക്ഷക്കെതിരെ ഇപ്പോൾ ശക്തമായി മുന്നോട്ട് വന്നവരിൽ മനുഷ്യാവകാശ പ്രവർത്തകർ, നിയമജ്ഞർ, എഴുത്തുകാർ, സാംസ്കാരിക പ്രവർത്തകർ, ചിന്തകർ, ആക്ടിവിസ്റ്റുകൾ എന്നിങ്ങനെ സിവിൽ സമൂഹത്തെ പ്രതിനിധാനം ചെയ്യുന്ന ധാരാളം ആളുകൾ മുതൽ ഫ്രാൻസിസ് മാർപാപ്പ വരെ ഉൾപ്പെടുന്നു. അലഞ്ഞുതിരിയുന്ന പട്ടികളെപോലും കൊല്ലാൻ പാടില്ലെന്നും വന്ധ്യംകരിച്ച് വിട്ടാൽ മതിയെന്നും നിയമം അനുശാനിക്കുന്ന നമ്മുടെ രാജ്യത്ത്, അഹിംസയും അക്രമരാഹിത്യവും ഉയർത്തിപ്പിടിക്കുന്ന ബുദ്ധന്റെയും അശോകന്റെയും, ഗാന്ധിജിയുടെയും നാട്ടിൽ വധശിക്ഷ തുടരുന്നത് ഭൂഷണമല്ല എന്ന് ഇക്കൂട്ടർ വാദിക്കുന്നു. ജ: വി. ആർ. കൃഷ്ണയ്യർ, ജ: ഭഗവതി, ജ: ഗാംഗുലി, ജ:എ.പി.ഷാ തുടങ്ങിയ മുൻ ന്യായാധിപർ വധശിക്ഷ നിർത്തലാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. വി.ആർ കൃഷ്ണയ്യർ വധശിക്ഷയെ ഭരണകൂട കൊലപാതകം എന്നാണ് വശേഷിപ്പിച്ചത്. മുൻ രാഷ്ട്രപതി എ.പി.ജെ അബ്ദുൽ കലാം 2015 ജൂലൈ മാസം മരണശിക്ഷാ കൺട്ടൾട്ടേറ്റീവ് കമ്മിറ്റി മുമ്പാകെ വധശിക്ഷ പാടില്ലെന്ന് അഭിപ്രായപ്പെട്ടിരുന്നു. യുണൈറ്റഡ് സ്റ്റേറ്റിൽ ആദ്യമായി സന്ദർശത്തിനെത്തിയ മാർപ്പാപ്പ ഇക്കഴിഞ്ഞ സെപ്തംബറിൽ യു.എസ് കോൺഗ്രസ്സിനെ അഭിസംബോധന ചെയ്യവെ വധശിക്ഷ ലോകവ്യാപകമായി നിരോധിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ഏറ്റവും ഒടുവിലായി വധശിക്ഷ നിശ്ഫല ശിക്ഷയാണെന്നും അതിനാൽ അവസാനിപ്പിക്കണമെന്നും ഇന്ത്യൻ ലോ കമ്മീഷനും ശുപാർശ ചെയ്തിരിക്കുന്നു. ഭീകരവാദം, രാജ്യദ്രോഹം എന്നീ കുറ്റകൃത്യങ്ങൾ ഒഴികെ മറ്റ് കുറ്റങ്ങൾക്ക് വധശിക്ഷ ഒഴിവാക്കണമെന്നാണ് കമ്മീഷന്റെ ശുപാർശ. വധശിക്ഷയെക്കുറിച്ചുള്ള നിയമപരവും സാമൂഹികവുമായ കാഴ്ചപ്പാടുകൾ സമഗ്രമായി പരിശോധിച്ചും നിയമവിദഗ്ദരുടെയും ഗവേഷകരുടെയും അഭിപ്രായങ്ങൾ കണക്കിലെടുത്തും തയ്യാറാക്കിയ ലോ കമ്മീഷന്റെ റിപ്പോർട്ടിൽ ഭീകരവാദം ഉൾപ്പെടാത്ത കുറ്റങ്ങൾക്ക് കുറ്റകൃത്യം തടയുക എന്ന ലക്ഷ്യം നേടുന്നതിൽ ജീവപര്യന്തം തടവിൽ കവിഞ്ഞ ഒന്നും തന്നെ വധശിക്ഷയ്ക്ക് നിറവേറ്റാനില്ലെന്ന് പ്രസ്താവിക്കുന്നു.

സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ വധശിക്ഷ മഹാത്മാഗാന്ധി വധക്കേസിലെ പ്രതി നാഥുറാം വിനായക് ഗോഡ്സെയുടെതാണ്. അവസാനത്തേത് യാകൂബ് മാമന്റെതും. ഔദ്യോഗിക സ്ഥിതി വിവര കണക്കനുസരിച്ച് സ്വതന്ത്ര ഇന്ത്യയിൽ നടപ്പാക്കിയ 58-ാം മത്തെ വധശിക്ഷയാണ് മേമന്റെത്. എന്നാൽ ചില അന്താരാഷ്ട്ര മനുഷ്യവകാശ പ്രസ്ഥാനങ്ങളുടെ പഠനങ്ങളനുസരിച്ച് സ്വാതന്ത്ര്യം കിട്ടിയ ശേഷം ഇന്ത്യയിൽ നടപ്പാക്കിയ വധശിക്ഷയുടെ എണ്ണം 172 ആണത്രെ.

ലോകത്ത് 70% രാജ്യങ്ങൾ (ഏതാണ്ട് 140 എണ്ണം) വധശിക്ഷ നിർത്തലാക്കി കഴിഞ്ഞു. വധശിക്ഷ നിയമപരമായി ഒഴിവാക്കിയി

ട്ടില്ലാത്ത പല രാജ്യങ്ങളിലും ഫല ത്തിൽ അത് പ്രയോഗത്തിൽ നിർത്തിയിട്ടുണ്ട്. യൂറോപ്പിൽ ബെലോറസ് ഒഴിച്ച് എല്ലാ രാജ്യ ങ്ങളും ആഫ്രിക്കയിൽ 36 രാജ്യ ങ്ങളും അമേരിക്കയിൽ 16 സംസ്ഥാ നങ്ങളും വധശിക്ഷ ഒഴിവാക്കിയിട്ടു ണ്ട്. ഏഷ്യയിൽ നേപ്പാളും ബൂട്ടാനും വധശിക്ഷ നിരോധിച്ചു. ശ്രീലങ്കയും മാലിയും അത് പ്രയോ ഗിക്കുന്നില്ല. ലോകത്ത് ഇന്ത്യ അടക്കം 59 രാജ്യങ്ങളിൽ മാത്രമാണ് ഇന്ന വധശിക്ഷ സമ്പ്രദായം നിലവി ലുള്ളതെങ്കിലും ലോകജനസം ഖ്യയുടെ 50% വരുന്ന ജനങ്ങൾ ഈ രാജ്യത്താണ് വസിക്കുന്നത്.

### കുറ്റവും ശിക്ഷയും

നിരോധിച്ചത് ചെയ്യലോ കൽപി ച്ചത് ചെയ്യാതിരിക്കലോ ആണ് ആധുനിക നിയമത്തിന്റെ ഭാഷയിൽ കുറ്റകൃത്യം. ഇന്ത്യൻ പീനൽ കോഡ് രചിച്ച മെക്കോളെ പ്രഭു വിന്റെ അഭിപ്രായത്തിൽ കുറ്റം വ്യക്തിയുടെ ഭാഗത്തുനിന്ന് സമൂഹ ത്തിന് നേരെയുള്ള കയ്യേറ്റമാകു ന്നു. മനഃശാസ്ത്രപരമായ വീക്ഷ ണത്തിൽ കുറ്റവാളിയുടെ മാനസി കാധഃപതനത്തിന്റെ ബഹിർസ്ഫുര ണമാണ് കുറ്റകൃത്യം. ദൈവം ശിക്ഷാർഹമാക്കിയ നിയമവിരുദ്ധ മായ പ്രവർത്തികൾക്കാണ് ശരീഅ ത്തിന്റെ ഭാഷയിൽ കുറ്റകൃത്യങ്ങൾ എന്നു പറയുന്നത്.

കുറ്റവാളിയെ സംസ്ക്കരി ക്കാനോ അവന്റെ ബാധ സമൂഹ ത്തിന് ഏൽക്കാതിരിക്കാനോ ഉള്ള ഒരു പ്രതിരോധ നടപടിയാണ് ശിക്ഷ. കുറ്റം ചെയ്യുന്നവരെ ശിക്ഷി ക്കുന്നതിലുപരി കുറ്റങ്ങൾ ഇല്ലാതാ ക്കാൻ പരിശ്രമിച്ചുകൊണ്ട് സമാധാ നപരമായ സാമൂഹ്യജീവിതം സാദ്ധ്യമാക്കുകയെന്നതാണ് ശിക്ഷാ നിയമങ്ങളുടെ ലക്ഷ്യം. കുറ്റം ചെയ്യാൻ ഇടയുള്ളവരെ കുറ്റ കൃത്യം ചെയ്യുന്നതിൽ നിന്നും പിന്തി രിപ്പിക്കുകയെന്നത് ശിക്ഷയുടെ ഏറ്റവും വലിയ ധർമ്മമാണ്. ശിക്ഷി ക്കപ്പെടുന്ന കുറ്റവാളി കുറ്റവാസന യുള്ള ഏവർക്കും മാതൃകയാവണ മെന്നത് അടിസ്ഥാനമാക്കിയാണ് നിവാരണപരമായി ശിക്ഷാരീതി നമ്മുടെ രാജ്യത്ത് സ്വീകരിച്ചുപോ രുന്നത്. കുറ്റവാളി രണ്ടാമതൊരു കുറ്റം ചെയ്യാനുള്ള സാദ്ധ്യതയെ ഇല്ലാതാക്കാൻ നിയമം പലപ്പോഴും ശ്രമിക്കുന്നു. വധശിക്ഷയുടെ കാര്യ ത്തിൽ ഘാതകനെ തൂക്കിക്കൊല്ലു ന്നത് മറ്റുള്ളവരിൽ ഭയം ജനിപ്പി ക്കാൻ മാത്രമല്ല അതൊരു സാമൂഹ്യ വിരുദ്ധനെ നീക്കംചെയ്യൽ കൂടിയാ ണെന്നാണ് നിരോധപരമായ ശിക്ഷാ രീതി സ്വീകരിക്കുന്നതിൽ നിന്നും ക്രിമിനൽ നീതിന്യായ വ്യവസ്ഥ അർഥമാക്കുന്നത്.

ഒരു കാര്യം ചെയ്യലോ ചെയ്യാതി രിക്കലോ കുറ്റമായി ഗണിക്കണമെ ങ്കിൽ അത് ശിക്ഷാർഹമായിരിക്കണ മെന്ന് എല്ലാ നിയമങ്ങളും സിദ്ധാന്തി ക്കുന്നു. എന്നാൽ പ്രകൃതിദത്ത വാദികളും (Natuaralist) മനശാ സ്ത്രാപഗ്രഥരും(Pshycho Analist) കുറ്റവാളികളെ കുറ്റം ചെയ്തതിന് ശിക്ഷിക്കരുതെന്ന് വാദിക്കുന്നു. അവരുടെ അഭിപ്രായത്തിൽ മനു ഷ്യനിയന്ത്രണത്തിനതീതമായ സമൂഹവും പരിതസ്ഥിതികളുമാണ് കുറ്റകൃത്യങ്ങൾക്കുത്തരവാദികൾ. സമൂഹം വ്യക്തികളുടെ മേൽ നിയ ന്ത്രണങ്ങളും നിഗ്രഹങ്ങളും അടി ച്ചേൽപ്പിക്കുന്നതിനാൽ അവരുടെ കുറ്റങ്ങൾക്ക് സമൂഹം തന്നെയാണ് ഉത്തരവാദിയെന്നും അതിനാൽ ശിക്ഷക്ക് ന്യായീകരണമില്ലെന്നും അവർ സമർഥിക്കുന്നു. കുറ്റവാളി കൾ യഥാർഥത്തിൽ ശിക്ഷിക്കപ്പെ ടാനല്ല നഷ്ടപരിഹാരം നൽകപ്പെടാ നാണ് കൂടുതൽ അർഹരെന്നും വാദിക്കപ്പെടുന്നു. പ്രശസ്ത മനഃ ശാസ്ത്രാപഗ്രഥ വിദഗ്ധൻ ഫ്രോയ്ഡിന്റെ അഭിപ്രായത്തിൽ മുഴുവൻ കുറ്റങ്ങളുടേയും പ്രഭവ കേന്ദ്രം ലൈംഗികവികാരത്തിന്റെ അടിച്ചമർത്തലാണ്. സമൂഹം, മതം, ധാർമികത, പാരമ്പര്യങ്ങൾ തുട ങ്ങിയ ശക്തികൾ മനുഷ്യന്റെ ലൈംഗിക വികാരങ്ങൾ അമർച്ച ചെയ്യുന്നുവെന്നും അതിൽ നിന്നു ണ്ടാകുന്ന മാനസിക വൈകല്യങ്ങ ളാണ് കുറ്റത്തിന് പ്രേരണ നൽകു

---

കുറ്റം ചെയ്യാൻ മനുഷ്യനെ പ്രേരിപ്പിക്കുന്ന ഏറ്റവും പ്രധാന ഘടകം ലൈംഗീക സ്വാതന്ത്ര്യ ത്തിന്മേലുള്ള സമൂഹത്തിന്റെ കടിഞ്ഞാണാണെന്ന ഫ്രോയിഡൻ ചിന്താഗതിയോടോ സമൂ ഹത്തിലെ സാമ്പത്തിക മാറ്റങ്ങൾ മാത്രമാണ് വ്യക്തിയുടെ അഹംബോധത്തേയും മൂല്യങ്ങ ളെയുമെല്ലാം നിശ്ചയിക്കുന്നതെന്ന മാർക്സിയൻ വീക്ഷണത്തോടോ ഇസ്‌ലാം പൊരുത്ത പ്പെടുന്നില്ല. ഇസ്‌ലാമിക വീക്ഷണപ്രകാരം സ്വാതന്ത്ര്യവും ബുദ്ധിശക്തിയുള്ളവനുമായ മനു ഷ്യന് നന്മയും തിന്മയും തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യവും കഴിവുമുണ്ട്. ആയതിനാൽ കുറ്റകൃത്യങ്ങൾക്ക് ഉത്തരവാദി വ്യക്തി തന്നെയാണ്.

ന്നതെന്നുമാണ് ഫ്രോയിഡിയൻ മനഃശാസ്ത്രത്തിന്റെ കാതൽ. മനുഷ്യൻ ഇച്ഛാ സ്വാതന്ത്ര്യമോ പ്രവർത്തന സ്വാതന്ത്ര്യമോ ഇല്ലാത്തതിനാൽ അവൻ ചെയ്യുന്ന കുറ്റത്തിന് അവൻ ഉത്തരവാദിയല്ല എന്ന ചിന്താഗതിയാണ് ഈ മനഃശാസ്ത്ര വിശകലനം ഉയർത്തിവിട്ടത്. കമ്മ്യൂണിസ്റ്റ് വീക്ഷണ പ്രകാരം കുറ്റങ്ങൾ ഉണ്ടാകുന്നത് സാമ്പത്തിക കാരണങ്ങളാലാണ്. ലൈംഗിക മനഃശാസ്ത്ര പരമായതോ ആയ കാരണങ്ങളാലല്ല. സാമ്പത്തിക വീക്ഷണത്തിൽ സമൂഹം സമതുലിതമല്ലാത്തിടത്തോളം കുറ്റങ്ങൾ ഉത്ഭവിക്കുകയേ നിവർത്തിയുള്ളൂ. അതിനാൽ മുതലാളിത്ത രാജ്യങ്ങളിൽ കുറ്റങ്ങൾ ഉണ്ടാകുന്നത് സ്വാഭാവികമാണെന്നും അവയെ പ്രതിരോധിക്കുകയോ ശിക്ഷാമുറകൾ അടിച്ചേൽപ്പിക്കുകയോ ചെയ്യുന്നത് നീതിയല്ലെന്നും കമ്മ്യൂണിസം സിദ്ധാന്തിക്കുന്നു.

കുറ്റവും ശിക്ഷയും സംബന്ധിച്ച് ഇതര സിദ്ധാന്തങ്ങളിൽ നിന്നും വ്യത്യസ്തമായ വീക്ഷണമാണ് ഇസ്‌ലാമിനുള്ളത്. കുറ്റങ്ങളിലേക്ക് നയിക്കുന്ന സാഹചര്യം ഇല്ലായ്മ ചെയ്ത്, തെറ്റ് ചെയ്യാൻ ഇടവരാത്ത വിധമുള്ള സാമൂഹിക വ്യവസ്ഥിതി സംജാതമാക്കുന്നതോടൊപ്പം ദൈവഭയവും പരലോക വിശ്വാസവും മനുഷ്യനിലുണ്ടാക്കിക്കൊണ്ട് അവരെ തെറ്റുകളിൽ നിന്ന് അകറ്റി നിർത്തുക എന്നതാണ്. ഇസ്‌ലാമിന്റെ കാഴ്ചപ്പാട്, കുറ്റം ചെയ്യാൻ മനുഷ്യനെ പ്രേരിപ്പിക്കുന്ന ഏറ്റവും പ്രധാന ഘടകം ലൈംഗീക സ്വാതന്ത്ര്യത്തിന്മേലുള്ള സമൂഹത്തിന്റെ കടിഞ്ഞാണാണെന്ന ഫ്രോയിഡൻ ചിന്താഗതിയോടോ സമൂഹത്തിലെ സാമ്പത്തിക മാറ്റങ്ങൾ മാത്രമാണ് വ്യക്തിയുടെ അഹംബോധത്തേയും മൂല്യങ്ങളെയുമെല്ലാം നിശ്ചയിക്കുന്നതെന്ന മാർക്സിയൻ വീക്ഷണത്തോടോ ഇസ്‌ലാം പൊരുത്തപ്പെടുന്നില്ല. ഇസ്‌ലാമിക വീക്ഷണപ്രകാരം സ്വാതന്ത്ര്യവും ബുദ്ധിശക്തിയുള്ളവനുമായ മനുഷ്യന് നന്മയും തിന്മയും തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യവും കഴിവുമുണ്ട്. ആയതിനാൽ കുറ്റകൃത്യങ്ങൾക്ക് ഉത്തരവാദി വ്യക്തി തന്നെയാണ്. സാമൂഹ്യ താൽപര്യങ്ങളുടെ സംരക്ഷണത്തിനും പൊതു വ്യവസ്ഥയുടെ സുരക്ഷിതത്വത്തിനും വേണ്ടി അംഗീകരിക്കപ്പെട്ട ദണ്ഡന നടപടികളാണ് ശരീഅത്തിലെ ശിക്ഷകൾ.

### വധശിക്ഷ: ഇന്ത്യൻ നിയമത്തിലും ഇസ്‌ലാമിലും.

ദൈവീകവും മനുഷ്യനിർമ്മിതവുമായ എല്ലാ നിയമങ്ങളുടെയും ലക്ഷ്യം ജീവൻ, ബുദ്ധി, സ്വത്ത്, സന്താനം, അഭിമാനം എന്നീ അഞ്ച് മൗലീക താൽപര്യങ്ങളുടെ സംരക്ഷണമാണ്. ഇവയുടെ നേർക്കുള്ള കൈയേറ്റം കലഹത്തിനും രക്തച്ചൊരിച്ചിലിനും സമാധാന ഭംഗത്തിനും കാരണമാകുന്നു. സമാധാന ഭംഗമുണ്ടാകുകയും സമൂഹത്തിന് ഹാനികരമാകുകയും ചെയ്യുന്ന കുറ്റങ്ങൾക്ക് ഇസ്‌ലാമും ആധുനിക സമൂഹവും ശിക്ഷയേർപ്പെടുത്തിയിട്ടുണ്ട് അതിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നതാണ് വധശിക്ഷ.

ഇന്ത്യൻ ശിക്ഷാ നിയമമനുസരിച്ച് മനപൂർവ്വമുള്ള കൊലപാതകം (വകുപ്പ്-302), കേന്ദ്ര ഗവൺമെന്റിനെതിരെ യുദ്ധം ചെയ്യൽ (വകുപ്പ് -121), പട്ടാളക്കാർ, നാവികർ, വൈമാനികർ എന്നിവരെ ലഹളക്ക് പ്രേരിപ്പിക്കലും തന്മൂലം ലഹള നടക്കാനിടയാകുകയും ചെയ്യൽ (വകുപ്പ്)-132), കള്ള തെളിവ് നിർമിച്ചോ നൽകിയോ ഒരു നിരപരാധിയെ വധശിക്ഷക്കിരയാക്കുക (വകുപ്പ് 194) മൈനറെയോ, ഭ്രാന്തനെയോ, ലഹരിമൂത്തവനേയോ ആത്മഹത്യക്ക് പ്രേരിപ്പിക്കൽ (വകുപ്പ്-305), കൊലപാതകത്തോടുകൂടിയുള്ള കൂട്ടക്കവർച്ച ചെയ്യൽ (വകുപ്പ്-396) ജീവപര്യന്തം ശിക്ഷക്ക് വിധിക്കപ്പെട്ടവൻ കൊല നടത്താൻ ശ്രമിക്കുകയും തന്മൂലം വധശ്രമത്തിന് വിധേയനായ ആൾക്ക് ശാരീരികമായ ഉപദ്രവം നേരിടുകയും ചെയ്യുക (വകുപ്പ്-307) എന്നീ കുറ്റങ്ങൾക്ക് വധ ശിക്ഷ നൽകാവുന്നതാണ്.

അന്യായമായി മനുഷ്യജീവൻ ഹനിക്കുന്നവർക്കും ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നവർക്കുമാണ് ഖുർആൻ വധശിക്ഷ വിധിച്ചിരിക്കുന്നത്. (അൽബഖറ-179,180) ഖുർആനിക വീക്ഷണത്തിൽ മറ്റൊരു കുറ്റവും വധശിക്ഷക്കുള്ള കാരണമേയല്ല. മതപരിത്യാഗത്തിനും വ്യഭിചാരത്തിനും വധശിക്ഷ നിഷ്കർഷിക്കുന്നുണ്ടെന്ന് ചിലർ വാദിക്കുന്നുണ്ട്. ഖുർആന്റെ അടിസ്ഥാനത്തിൽ അത് ഒരിക്കലും തെളിയിക്കുക സാധ്യവുമല്ല. മറ്റുചില ദുർബലവും ആധികാരികവുമല്ലാത്ത പ്രമാണങ്ങൾ അടിസ്ഥാനമാക്കിയാണ് യാഥാസ്ഥിതിക മതപണ്ഡിതന്മാർ വ്യഭിചാരത്തിനും മതപരിത്യാഗത്തിനും വധശിക്ഷ നിഷ്ക്കർശിക്കുന്നത്. എന്നാൽ ആ വീക്ഷണത്തോട് ഭൂരിപക്ഷം ആധുനിക മുസ്‌ലിം നിയമ പണ്ഢിതന്മാരും യോജിക്കുന്നില്ല. മതപരിത്യാഗത്തിന് പ്രവാചകൻ ശിക്ഷ നടപ്പാക്കിയതിന് തെളിവില്ല. ഖുർആനിക വിധി അവതരിക്കുന്നതിന് മുമ്പ് തോറ നിയപ്രകാരമായിരുന്നു വ്യഭിചാരകുറ്റത്തിന് എറിഞ്ഞ് കൊല്ലൽ ശിക്ഷ നടപ്പാക്കിയത് എന്ന് വ്യക്തവുമാണ്. അതും രക്ഷപ്പെടാനുള്ള എല്ലാ പഴുതുകളും പ്രവാചകൻ നൽകിയിട്ടും കുറ്റം ചെയ്ത വ്യക്തി പരസ്യമായി കുറ്റം ഏറ്റുപറഞ്ഞ്, പരലോക ശിക്ഷയെ ഭയന്ന് ഭൂമിയിൽ വച്ചു തന്നെ ശിക്ഷവേണമെന്ന് ശഠിച്ചത്കൊണ്ടുമാത്രം. കുറ്റം കൊലപാതകമാണെങ്കിൽ പോലും ആത്മാർഥമായി പശ്ചാത്തപിക്കുന്നുവെങ്കിൽ പ്രതി മാപ്പർഹിക്കുന്നുവെന്ന് ഖുർആൻ പറയുന്നു. (അൽ മാഇദ 32-34)

ഏതൊരു കുറ്റവും ശിക്ഷാർഹമാകണമെങ്കിൽ കുറ്റം ചെയ്യാനുള്ള ഉദ്ദേശ്യം (Mens Rea) കുറ്റവാളിക്കുണ്ടായിരിക്കണമെന്നുള്ള ആധുനിക നിയമ വ്യവസ്ഥയിലെ തത്ത്വം ഇസ്‌ലാമിക ശിക്ഷാനിയമങ്ങളിലും

അന്തർഭവിച്ചുകിടക്കുന്നത് കാണാം. മനഃപൂർവമുള്ള കൊലപാതകം മാത്രമാണ് ഇസ്‌ലാമിൽ ശിക്ഷാർഹമായിട്ടുള്ളത്. അബദ്ധത്തിൽ സംഭവിച്ചുപോവുന്ന കൊലപാതകങ്ങൾ കുറ്റകരമല്ല; പ്രായശ്ചിത്തം ചെയ്താൽ മതിയാകുമെന്ന് ഖുർആൻ നിശ്കർഷിക്കുന്നു. (അന്നിസാഅ്:93)

വിലപ്പെട്ട മനുഷ്യ ജീവൻ അന്യായമായി ഹനിക്കുന്നത് അല്ലാഹു അത്യധികം കോപിക്കുന്ന കുറ്റകൃത്യമാണെന്ന് വിശ്വാസിയെ ഖുർആൻ ഉണർത്തുന്നു. ഇനി ആരെങ്കിലും ഒരു സത്യവിശ്വാസിയെ മനഃപൂർവം വധിക്കുന്നതായാൽ അവനുള്ള ശിക്ഷ നരകമാണ്; അതിൽ അവൻ ദീർഘകാലം വസിക്കുന്നതാകുന്നു. അല്ലാഹു അവന്റെ നേരെ കോപിക്കുകയും ചെയ്യുന്നതാണ്. (അല്ലാഹു) അവന് വലിയ ശിക്ഷ ഒരുക്കിയിട്ടുമുണ്ട്. (അന്നിസാഅ്:94) കുറ്റകൃത്യങ്ങളെ തടയാൻ കർശനമായ ശിക്ഷകൾ വ്യവസ്ഥ ചെയ്യുന്ന ഖുർആൻ കുറ്റവാളിക്ക് പൊറുത്തു കൊടുക്കലിന്റെയും മാപ്പിന്റേയും മാർഗങ്ങൾ കൂടി പരാമർശിക്കുന്നുണ്ട്. ഇസ്‌ലാമിന്റെ സഹജമായ കാരുണ്യം കുറ്റവാളിയിൽ കൂടി ചെന്നെത്തുന്നുണ്ട് എന്ന സൂചനയാണ് ഇത് നൽകുന്നത്.

### ശിക്ഷയുടെ മാനദണ്ഡം

ഇന്ത്യയിൽ നിലവിലുള്ള നിയമമനുസരിച്ച് വിരളങ്ങളാൽ വിരളമായ (Rarest of Rare) കേസുകളിൽ മാത്രമേ വധശിക്ഷ വിധിക്കാവൂ. 1980 മെയ് 9 ന് ചരിത്ര പ്രസിദ്ധമായ ബച്ചൽ സിങ് കേസിൽ സുപ്രീംകോടതിയുടെ ഭരണഘടനാ ബെഞ്ച് വധശിക്ഷയുടെ ഭരണഘടനാപരമായ സാധുത ശരിവച്ചു. ഈ വിധി ഇപ്പോഴും അവലംബിക്കേണ്ട മാനദണ്ഡമാണ്. വധശിക്ഷയുടെ ഭരണഘടനാപരമായ പ്രസക്തിയും നിയമസാധുതയും ഉയർത്തിക്കാട്ടിയ പ്രസ്തുതവിധി കഴിഞ്ഞ 35 വർഷമായി അഭംഗുരം ഇന്ത്യയിൽ തുടരുന്നു. ഈ വിധിയനുസരിച്ച് വിരളങ്ങളിൽ വിരളങ്ങളായ കേസുകളിൽ മാത്രമേ വധശിക്ഷ പാടുള്ളൂ. കൂടാതെ വധശിക്ഷ നൽകണമെങ്കിൽ അതിനായി പ്രത്യേക കാരണവും കണ്ടെത്തി വിധിയിൽ രേഖപ്പെടുത്തേണ്ടതുണ്ട്. മറ്റുവഴികൾ ചോദ്യം ചെയ്യപ്പെടാത്ത വിധം അടഞ്ഞുകഴിഞ്ഞാൽ മാത്രം (When the alternate option is unquestionably foreclosed) നൽകുന്നതാണ് വധശിക്ഷ എന്നതാണ് ബച്ചൻ സിങ് കേസിലെ വിധിയുടെ മർമ്മം.

### ബ്ലഡ് മണി

കൊലകുറ്റത്തിന് വധശിക്ഷ കൂടിയേ തീരൂ എന്ന് ഇസ്‌ലാമും ശഠിക്കുന്നില്ല. ഘാതകനെ കൊല്ലണോ നഷ്ടപരിഹാരം സ്വീകരിച്ച് വിട്ടയക്കണോ എന്ന് തീരുമാനിക്കാൻ കൊല്ലപ്പെട്ടയാളിന്റെ അവകാശികൾക്ക് സ്വാതന്ത്ര്യമുണ്ട്. കൊലപാതകിയെ വധിക്കണം എന്ന് ഇവർക്ക് അപേക്ഷിക്കാം. വധിക്കപ്പെട്ട വ്യക്തിയുടെ അവകാശികൾ പ്രതിയെ പ്രതിക്രിയക്ക് വിധേയമാക്കണമെന്ന് ആവശ്യപ്പെടാതെ നഷ്ടപരിഹാരത്തുക ഈടാക്കാമെന്ന് ഖുർആൻ നിർദേശിക്കുന്നു. ഈ നഷ്ടപരിഹാരത്തെയാണ് ബ്ലഡ് മണി (Blood Money) എന്നു പറയാറുള്ളത് എന്നാൽ പ്രതിയെ മാപ്പുനൽകി വിട്ടയക്കുന്നത് ക്രമസമാധാനത്തിന് ഭീഷണിയാവുമെങ്കിൽ അധികാരികൾക്ക് യുക്തമായ മറ്റു ശിക്ഷാ നടപടികൾ സ്വീകരിക്കാവുന്നതും ജയിൽ ശിക്ഷ നൽകാവുന്നതുമാണ്.

ഇന്ത്യൻ ഭരണഘടനയുടെ 72, 161 അനുച്ഛേദനങ്ങളനുസരിച്ച് കൊലപാതകിക്കോ, ബന്ധുക്കൾക്കോ, രാഷ്ട്രപതിക്കോ, ഗവർണർക്കോ ദയാഹർജി സമർപ്പിക്കാൻ അവകാശമുണ്ട്. അങ്ങനെ ദയാഹർജി സമർപ്പിക്കപ്പെട്ടാൽ പ്രതിയുടെ അവസ്ഥയും കുറ്റം ആവർത്തിക്കാതിരിക്കാനുള്ള സാദ്ധ്യതയും മറ്റും പരിഗണിച്ച് വേണമെങ്കിൽ ശിക്ഷ ഇളവു ചെയ്ത് ജയിൽ ശിക്ഷയാക്കി മാറ്റുവാനുള്ള അധികാരം രാഷ്ട്രപതിയിലും ഗവർണറിലും നിക്ഷിപ്തമാണ്. മന്ത്രിസഭയുമായി കൂടിയാലോചിച്ചാണ് രാഷ്ട്രപതിയും ഗവർണറും തീരുമാനമെടുക്കേണ്ടത്. എന്നാൽ വധിക്കപ്പെട്ട വ്യക്തിയുടെ അവകാശികളോടോ ബന്ധുക്കളോടോ കൂടിയാലോചിക്കുകയോ അഭിപ്രായമാരായുകയോ ചെയ്യുന്നില്ല. ഇസ്‌ലാമിക നിയമപ്രകാരം കൊലപാതകിയെ വെറുതെ വിടാനാണ് ബന്ധുക്കളുടെ തീരുമാനമെങ്കിൽ അതിന് എതിര് നിൽക്കാൻ കോടതിക്ക് അധികാരമില്ല. ഇന്ത്യയിലാണെങ്കിൽ ബന്ധുക്കളുടെ തീരുമാനത്തിന് യാതൊരു വിലയുമില്ല. അതുകൊണ്ടാണല്ലോ രാജീവ് ഗാന്ധി വധക്കേസിലെ പ്രതി നളിനിയുടെ വധശിക്ഷ ഇളവുചെയ്തുകൊണ്ട് അവർക്ക് മാപ്പ് നൽകണമെന്ന് സോണിയാഗാന്ധിയുടെ അപേക്ഷ രാഷ്ട്രപതി പരിഗണിക്കാതിരുന്നത്. കൊല്ലപ്പെട്ടയാളുടെ ബന്ധുക്കൾക്ക് സമ്മതമാണെങ്കിൽ നഷ്ടപരിഹാരം വാങ്ങി ഘാതകനെ വെറുതെ വിടുക വഴി മാനുഷിക മൂല്യങ്ങളുടെയും സാഹോദര്യത്തിന്റെയും ഉദാത്തമായ മാതൃകയാണ് ഇസ്‌ലാം ഉയർത്തിക്കാട്ടുന്നത്.

നാഷണൽ ലോ യൂണിവേഴ്സിറ്റി നടത്തിയ പഠനമനുസരിച്ച് വധശിക്ഷ ലഭിച്ച 75% പേരും പാവങ്ങളാണ്. മാത്രമല്ല ഇതിൽ 75% പിന്നോക്കക്കാരും ദളിതരും ന്യൂനപക്ഷങ്ങളുമാണ്.

### വാദവും പ്രതിവാദവും

ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെടരുത് എന്നത് നീതിന്യായ സമ്പ്രദായത്തിന്റെ അടിസ്ഥാനതത്ത്വമാണ്. നടപ്പാക്കിക്കഴിഞ്ഞാൽ പിൻവലിക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ട് വധശിക്ഷയുടെ കാര്യത്തിൽ ഈ തത്ത്വം കണിശമായി പാലിക്കേണ്ടതുണ്ട്. നിരപരാധികളുടെ ജീവൻ വധശിക്ഷയിലൂടെ അപഹരിക്കപ്പെട്ടതിനു ശേഷം പിന്നീട് യഥാർഥ കുറ്റക്കാരെ പിടികൂടിയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അമേരിക്കയിൽ വധശിക്ഷക്ക് വിധിക്കപ്പെട്ട 150 ഓളം പേരെ ഡി.എൻ.എ പരിശോധനക്ക് വിധേയമാക്കിയപ്പോൾ കുറ്റക്കാരല്ലെന്ന് കണ്ട് മോചിപ്പിച്ചിട്ടുണ്ട്. വധശിക്ഷയുടെ കാര്യത്തിൽ ഇന്ത്യയിൽ സമീപകാലത്ത് നിരവധിതവണ തെറ്റുപറ്റിയിട്ടുണ്ടെന്ന് ഉന്നത നീതിപീഠങ്ങളിലെ ന്യായാധിപർ തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. 13 പ്രതികളെ അബദ്ധത്തിൽ വധശിക്ഷയ്ക്ക് വിധിച്ചുപോയെന്നും ആ ശിക്ഷ രാഷ്ട്രപതി ദയാഹർജിയായി പരിഗണിച്ച് ജീവപര്യന്തമായി ഇളവുചെയ്യണമെന്നും 14 റിട്ടയർ ചെയ്ത ന്യായാധിപന്മാർ എഴുതി ഒപ്പിട്ട് രാഷ്ട്രപതി പ്രണബ് മുഖർജിക്ക് നൽകിയ നിവേദനത്തിൽ പറയുന്നുണ്ട്. രണ്ട് കൊല്ലം മുമ്പ് ആംനസ്റ്റി ഇന്റർനാഷണലും പി.യു.സി.എ ല്ലും ചേർന്ന് നടത്തിയ ഇന്ത്യൻ റിപ്പബ്ലിക്കിലെ വധശിക്ഷാ വിധികളുടെ പഠനത്തിൽ കണ്ടെത്തിയ ഏറ്റവും വലിയ പോരായ്മ നീതിപീഠങ്ങളുടെ ഇക്കാര്യത്തിലുള്ള ചാഞ്ചല്യമുള്ള കാഴ്ചപ്പാടുകളാണ്. രാഷ്ട്രപതി മുമ്പാകെ പരിഗണനയ്ക്ക് വരുന്ന ദയാഹർജികളുടെ ഗതിയും മറിച്ചല്ലെന്ന് ഇവർ ചൂണ്ടിക്കാട്ടുന്നു. 2008 ജൂലൈയിൽ സ്വാമി ശ്രദ്ധാനന്ദയുടെ വധശിക്ഷാ കേസിൽ വാദം കേട്ട സുപ്രീം കോടതിയുടെ മൂന്നംഗ ബെഞ്ചും വധശിക്ഷ വിധികളുടെ പ്രകടമായിട്ടുള്ള അവ്യക്തത നിയമരംഗത്തെ കുഴക്കുന്നുണ്ടെന്ന് അഭിപ്രായപ്പെട്ടിരുന്നു. ന്യായാധിപന്മാരുടെ വ്യക്തിപരമായ നിലപാടുകളാണ് വധശിക്ഷയുടെ അടിസ്ഥാനമായി മാറുന്നതെന്ന് സുപ്രീകോടതി സന്തോഷ്കുമാർ ബരിയാറിന്റെ കേസിൽ പറഞ്ഞു. നാഷണൽ ലോ യൂണിവേഴ്സിറ്റി നടത്തിയ പഠനമനുസരിച്ച് വധശിക്ഷ ലഭിച്ച 75% പേരും പാവങ്ങളാണ്. മാത്രമല്ല ഇതിൽ 75% പിന്നോക്കക്കാരും ദളിതരും ന്യൂനപക്ഷങ്ങളുമാണ്. ഡൽഹിയിലെ നിയമ സർവകലാശാലയുടെ വധശിക്ഷ പഠന വിഭാഗം നടത്തിയ ഗവേഷണത്തിൽ കണ്ടത് കഴിഞ്ഞ വർഷം വിചാരണ കോടതികൾ 1800 പേർക്ക് വധശിക്ഷ വിധിച്ചുവെങ്കിലും, ഇവയിൽ സുപ്രീം കോടതി ശരിവച്ചത് അഞ്ച് ശതമാനത്തിൽ താഴെ മാത്രമാണെന്നാണ്. ഭാരിച്ച ഫീസ് നൽകി അപ്പീൽ ഫയൽ ചെയ്യാൻ സാധിക്കാത്ത ദരിദ്രരായ പ്രതികൾക്ക് വിചാരണ കോടതിയുടെ വിധിയെ സ്വീകരിക്കുകയേ നിർവാഹമുള്ളൂ. ഈ വസ്തുതകൾ വധശിക്ഷ നിർത്തലാക്കണം എന്ന വാദത്തിന് ആക്കം കൂട്ടുന്നു.

അതേസമയം, സ്ത്രീകൾക്കെതിരായ ആക്രമണങ്ങൾക്കും പീഡനങ്ങൾക്കും കടുത്ത ശിക്ഷ വേണം, അതും വധശിക്ഷ തന്നെയായിരിക്കണമെന്ന വാദവും ശക്തിപ്പെട്ടുവരികയാണ്. ഡൽഹി മാനഭംഗക്കേസിനു ശേഷം രാജ്യത്തുടനീളം നടന്ന പ്രതിഷേധ പ്രകടനങ്ങളിൽ ബലാൽസംഗക്കേസിലെ പ്രതികളെ തൂക്കിലേറ്റണമെന്ന ആവശ്യമായിരുന്നു ലക്ഷങ്ങളിൽ നിന്നും മുഴങ്ങിയത്. വധശിക്ഷ അവസാനിപ്പിക്കണമെന്ന് മുറവിളികൂടിക്കൊണ്ടേയിരിക്കുന്ന സമൂഹത്തിൽ നിന്നാണ് വധശിക്ഷ അടിയന്തിരമായും നിർബന്ധമായും നടപ്പിൽ വരുത്തണമെന്ന ഈ അഭിപ്രായം ഉയർന്നുവന്നിരിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. കൊടുംകുറ്റവാളികളെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന സമൂഹത്തിന്റെ ശബ്ദമായിരുന്നു അത്. വധശിക്ഷയെ തൂക്കിലേറ്റും മുമ്പ് വധശിക്ഷക്കെതിരെ നിലപാടെടുത്തവർ നിരത്തുന്ന വാദമുഖങ്ങൾക്കൊപ്പം ഈ ശബ്ദവും ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്.

---


റഫറൻസ്

1.ഓൾ ഇന്ത്യ റിപ്പോർട്ടർ 1980 സുപ്രീം കോർട്ട് 895

2.കെ. രാമചന്ദ്രൻ, വധം ശിക്ഷയല്ല; കുറ്റം കുറയുന്നില്ല. മാതൃഭൂമി ആഴ്ചപതിപ്പ്, പുസ്തകം 93

ലക്കം 26 പേജ് 12

3.അഡ്വ. പി.എസ്. ശ്രീധരൻ പിള്ള, ഒഴിവാക്കാനാവില്ല. മാതൃഭൂമി ദിനപത്രം, 11 ആഗസ്റ്റ് 2015, പേജ് 4

4.അഡ്വ.കാളീശ്വരം രാജ്, യാക്കൂബിൽ നിന്ന് പഠിക്കാനുള്ളത്, മാതൃഭൂമി ദിനപത്രം,12 ആഗസ്റ്റ് 2015 പേജ് 4

5. കെ. രാമചന്ദ്രൻ, വധം ശിക്ഷയല്ല; കുറ്റം കുറയുന്നില്ല, മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം 93 ലക്കം 26 പേജ് 19


**റമദാൻ ആഗതമായാൽ സ്വർഗത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും നരക കവാടങ്ങൾ അടക്കപ്പെടുകയും ചെയ്യും. പിശാചിനെ ചങ്ങലകളിൽ ബന്ധനസ്ഥനാക്കുകയും ചെയ്യും. (ബുഖാരി)**

# ഹറം ഇമാം അറിയുവാൻ

ഇയ്യിടെ കേരളം സന്ദർശിച്ച മക്കയിലെ ഹറം ഇമാം മുസ്‌ലിം ലോകം വന്നു പെട്ടിരിക്കുന്ന നാനാവിധത്തിലുള്ള പ്രശ്നങ്ങളെ സംബന്ധിച്ചും ഭീകരവാദത്തിന്റെയും തീവ്രവാദത്തിന്റെയും കെടുതികളെക്കുറിച്ചും സംസാരിക്കുകയും അദ്ദേഹത്തിന്റെ ആശങ്കകളും വേദനകളും കേരള മുസ്‌ലിം സമൂഹവുമായി പങ്കുവെക്കുകയും ചെയ്തു. അല്ലാഹു അയച്ച വാഗ്ദത്ത മസീഹിന്റെ പരിഹാര നിർദേശങ്ങളിലൂടെ മാത്രമേ മുസ്‌ലിം സമൂഹത്തിന് രക്ഷപ്പെടുവാൻ സാദ്ധ്യമാകൂ എന്ന് ഹറം ഇമാം അറിയേണ്ടതുണ്ട്.


## അബ്ദുർറഹ്മാൻ, കൊടിയത്തൂർ


സഊദി അറേബ്യയിലെ പ്രമുഖ പണ്ഡിതനും മക്ക ഹറം പള്ളി ഇമാമുമായ ഡോ, ഷെയ്ഖ് സ്വാലിഹ് ബിൻ മുഹമ്മദ് ബിൻ ഇബ്രാഹിം ആലുത്വാലിബ് ഇയ്യിടെ നമ്മുടെ രാജ്യം സന്ദർക്കുകയുണ്ടായി. മടവൂർ വിഭാഗം മുജാഹിദുകൾ കോഴിക്കോട്ട് അന്താരാഷ്ട്ര സമാധാന സമ്മേളനം എന്ന പേരിൽ നടത്തിയ പരിപാടി ഉദ്ഘാടനം നിർവ്വഹിച്ചു കൊണ്ട് അദ്ദേഹം നടത്തിയ പ്രഭാഷണം ഒട്ടുമിക്ക പത്രങ്ങളും ഏറെ പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നു കൊണ്ടിരിക്കുന്ന ഭീകരതയുടെ പേരിൽ ഇസ്‌ലാമിനെതിരിൽ നടന്നു കൊണ്ടിരിക്കുന്ന പ്രചാരണങ്ങളെയെല്ലാം ഇമാം അവർകൾ പരാമർശിക്കുകയുണ്ടായി. അദ്ദേഹം പറയുന്നത് കാണുക:

ലോകത്ത് നടക്കുന്ന ഭീകര പ്രവർത്തനങ്ങൾ ഇസ്‌ലാമുമായി കൂട്ടിക്കുഴക്കരുതെന്നും അത്തരം നീക്കങ്ങളെ ഇസ്‌ലാമിക ലോകം തുടക്കം മുതലേ എതിർത്തു പോന്നതാണെന്നും, ഇസ്‌ലാമിന്റെ പേരിൽ ചിലർ നടത്തുന്ന ഭീകരത മൂലം അത്തരം പ്രദേശങ്ങളിലെ മുസ്‌ലിംകൾ അരക്ഷിതരായി തീരുകയാണെന്നും ലോകത്തിന്റെ ചില ഭാഗങ്ങളിൽ മുസ്‌ലിംകൾ തന്നെ ഭീകരതയുടെ ഇരകളായി തീരുകയാണെന്നും ഇസ്‌ലാമും ഭീകരതയും തമ്മിൽ യാതൊരു ബന്ധവുമില്ലെന്ന് ഇതിൽ നിന്ന് തന്നെ വ്യക്തമാണെന്നും അദ്ദേഹം പറഞ്ഞു; (ചന്ദ്രിക. 10.4.2016)

ഹറമിലെ ഇമാം എന്നല്ല സകലമാന മുസ്‌ലിം സംഘടനകളും അവരുടെ പണ്ഡിതന്മാരും ഈ അടുത്ത കാലത്തായി വിലപിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ തന്നെയാണ് മുകളിൽ കൊടുത്തിരിക്കുന്ന പ്രസ്താവനയിൽ അടങ്ങിയിരിക്കുന്നത്. എന്നാൽ മുസ്‌ലിം യുവാക്കളിൽ ഒരു വിഭാഗം, ലോകത്ത് പൊതുവേയും അറബ് രാജ്യങ്ങളിൽ പ്രത്യേകിച്ചും ജിഹാദിന്റെ പേരിൽ ഭീകര സംഘടനകളിൽ ചേർന്നു കൊണ്ടിരിക്കുകയാണെന്ന കാര്യം നിഷേധിക്കാൻ കഴിയാത്ത യാഥാർഥ്യമാണ്. മനുഷ്യ സമൂഹം നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി ഭീകര പ്രവർത്തനങ്ങളും അതിനെ നേരിടുവാൻ ഭരണകൂടങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്ന അടിച്ചമർത്തൽ നടപടികളും അതിന്റെ ഫലമായി നടന്നുകൊണ്ടിരിക്കുന്ന സമാനതകളില്ലാത്ത രക്തചൊരിച്ചിലുകളുമാണ്. തങ്ങളുടെ രാഷ്ട്രീയ ലക്ഷ്യങ്ങളും സ്വാർഥ താൽപര്യങ്ങളും നേടിയെടുക്കുന്നതിന്ന് ഭരണകൂടങ്ങൾക്കെതിരിൽ കലാപങ്ങളിൽ മുഴുകിയിട്ടുള്ള മുസ്‌ലിമേതര വിഭാഗങ്ങളും തങ്ങളുടെ വീക്ഷണമനുസരിച്ചുള്ള ജിഹാദിൽ തന്നെയാണ് ഏർപ്പെട്ടിരിക്കുന്നതെന്ന് കാണാവുന്നതാണ്. തമിഴ് ഈഴത്തിന് വേണ്ടി പോരാടിക്കൊണ്ടിരിക്കുന്ന എൽ ടി ടി ഇക്കാരിൽ വലിയൊരു വിഭാഗം ചാവേർ പോരാളികളായിരുന്നു. അവർ തങ്ങളുടെ രാഷ്ട്രീയ കാര്യങ്ങൾക്ക് വേണ്ടി മൃത്യുവരിക്കുന്നത് പുണ്യകർമമായി മനസ്സിലാക്കിയത് കൊണ്ട് തന്നെയായിരുന്നു അതിന് വേണ്ടി തയ്യാറായി നിന്നിരുന്നത്. എന്നാൽ ഈ പ്രവർത്തനങ്ങൾ ഇസ്‌ലാം മാത്രമല്ല മുഴുവൻ മതങ്ങളും വിലക്കിയിട്ടുള്ളതും ഏറ്റവും വലിയ പാതകമാണെന്ന് പഠിപ്പിച്ചിട്ടുള്ളതുമാണ്.

സർവ മതങ്ങളിലും സുവിശേഷമറിയിക്കപ്പെട്ടതനുസരിച്ച് ഈ കാലഘട്ടത്തിൽ ദൈവ നിയുക്തനായ മഹാത്മാവ് വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം

അഹ്മദ് (അ) ജിഹാദിന്റെ പേരിൽ നടന്ന് വരുന്ന ഈ തെറ്റായ പ്രവർത്തനത്തെ ശക്തിയുക്തം അപലപിക്കുകയും തന്റെ നിരവധി ഗ്രന്ഥങ്ങളിൽ അത് സംബന്ധിച്ച് എഴുതുകയുമുണ്ടായി. മതത്തിന് വേണ്ടി വാളെടുക്കുന്നത് ഈ കാലഘട്ടത്തിൽ തികച്ചും നിഷിദ്ധവും നിഷ്പ്രയോജനവുമാണെന്ന് അവിടുന്ന് സമർഥിക്കുകയുണ്ടായി. ജിഹാദിന്റെ യാഥാർഥ്യം വിവരിക്കുന്ന നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹം രചിക്കുകയുണ്ടായി. വാഗ്ദത്ത മസീഹിന്റെ കാലഘട്ടത്തിൽ യദഹുൽ ഹർബ് മതയുദ്ധങ്ങൾ നിർത്തുൽ ചെയ്യപ്പെടുമെന്ന് നബി (സ) അരുളുകയുണ്ടായി. ഇസ്‌ലാം യുദ്ധത്തിന് അനുമതി നൽകിയിയത്, വിശ്വസിച്ചു എന്ന കാരണത്താൽ മുസ്‌ലിംകളോട് യുദ്ധം ചെയ്യുകയും വിശ്വാസികളെ ബലാൽക്കാരമായി വിശ്വാസത്തിൽ നിന്ന് തടയുകയും അവരുടെ ജീവിതം നരകതുല്യമായി തീരുകയും ചെയ്ത സാഹചര്യത്തിലായിരുന്നു. നബി (സ) യുടെ കാലഘട്ടത്തിൽ മനുഷ്യന് സങ്കൽപ്പിക്കാൻ കഴിയാത്ത വിധത്തിലുള്ള ക്രൂരകൃത്യങ്ങൾക്ക് വിശ്വാസികൾ ഇരയാക്കപ്പെടുകയോ വിശ്വാസം ഉപേക്ഷിക്കാൻ നിർബന്ധം ചെലുത്തപ്പെടുകയോ ചെയ്ത സാഹചര്യത്തിലായിരുന്നു. പേനകൊണ്ടും നാവുകൊണ്ടുമാണ് ഈ കാലഘട്ടത്തിൽ ഇസ്‌ലാം ആക്രമിക്കപ്പെടുന്നത്. എതിരാളികൾ പേനയെടുക്കുമ്പോൾ നമ്മൾ വാളെടുക്കുന്നത് ബുദ്ധിശൂന്യവും ന്യായരഹിതവുമാണെന്ന് വാഗ്ദത്ത മസീഹ് സമർഥിക്കുകയുണ്ടായി.

ജിഹാദ് എന്നാൽ അങ്ങേയറ്റത്തെ പരിശ്രമം എന്നാണർത്ഥമെന്നും, ജിഹാദെ അക്ബർ (കഠിനമായ ആത്മ സംസ്ക്കരണത്തിന് വേണ്ടിയുള്ള പരിശ്രമം), ജിഹാദെ കബീർ (സത്യ സന്ദേശ പ്രചാരണത്തിന് വേണ്ടിയുള്ള പരിശ്രമം), ജിഹാദെ അസ്കർ (ശത്രുക്കളുടെ അക്രമണം പ്രതിരോധിക്കുന്നതിന് വേണ്ടിയുള്ള യുദ്ധം) എന്നിങ്ങനെ ഇസ്‌ലാമിക പ്രമാണങ്ങളിൽ വിവിധത്തിലുള്ള ജിഹാദിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ടെന്ന് ഹ: അഹ്മദ് (അ) വ്യക്തമാക്കുകയുണ്ടായി. ഇതിൽ പ്രതിരോധത്തിന് വേണ്ടിയുള്ള യുദ്ധം ഏറ്റവും അവസാന സ്ഥാനത്തുള്ളത് മാത്രമാണെന്ന് അവിടുന്ന് വ്യക്തമാക്കുകയുണ്ടായി. ഭരണകൂടത്തിനെതിരായ കലാപങ്ങളോ നിയമലംഘനങ്ങളോ ഒരിക്കലും ഇസ്‌ലാമികമല്ല എന്നും അവയെല്ലാം വിശുദ്ധ ഖുർആൻ വിവരിച്ച ഫിത്നയിൽപെട്ട കാര്യങ്ങളാണെന്നും അവിടുന്ന് ശക്തമായ നിലയിൽ താക്കീത് നൽകി. തന്റെ കാലഘട്ടത്തിൽ അതിർത്തി സംസ്ഥാനത്തിൽ പെട്ട പെഷവാറിൽ (ഇപ്പോഴത്തെ പാക്കിസ്താനിലെ അഫ്ഘാൻ അതിർത്തിയോട് ചേർന്ന് നിൽക്കുന്ന സ്വയം ഭരണ മേഖല, പാകിസ്താൻ താലിബാൻ കേന്ദ്രമാണിത്) ജിഹാദിന്റെ പേരിൽ അജ്ഞാതരായ ചില പഠാൻ വംശജർ നിരപരാധികളായ രണ്ട് അമുസ്‌ലിംകളെ വധിച്ചു കളഞ്ഞു. ഈ ദാരുണ സംഭവമുണ്ടായ പ്പോൾ അവിടുത്തെ ഹൃദയം അഗാധമായ വേദന അനുഭവിക്കുകയുണ്ടായി. ഈ സന്ദർഭത്തിൽ ജിഹാദ് എന്ന പേരിൽ ആ മഹാത്മാവ് ഒരു ഗ്രന്ഥം രചിക്കുകയുണ്ടായി. പ്രസ്തുത ഗ്രന്ഥത്തിൽ അഫ്ഘാനിസ്താൻ അമീറിനെ അഭിസംബോധന ചെയ്തുകൊണ്ട് അവിടുന്ന് എഴുതുന്നു:

***ജിഹാദ് എന്ന പേരിൽ മറ്റു മതക്കാരുടെ മേൽ ആക്രമണം നടത്തുകയെന്നത് മുസ്‌ലിംകളിൽ കാണപ്പെട്ടു വരുന്ന ഇന്നത്തെ പ്രവണത ശറഈ (നിയാമാനുസാരമുള്ളത്) ജിഹാദ് അല്ലെന്നും മറിച്ച് അല്ലാഹുവിന്റെയും റസൂലിന്റെയും കൽപ്പനകൾക്ക് വിരുദ്ധമായിവർത്തിക്കുകയും കടുത്ത പാതകവുമാകുന്നു. എന്നാൽ ഈ സമ്പ്രദായത്തിൽ പറ്റി പിടിച്ച് ചില ഇസ്‌ലാമിക രാഷ്ട്രങ്ങൾ ഇത് ഒരു പഴയ ശീലം ആക്കിക്കഴിഞ്ഞിരിക്കയാൽ അത് വേഗം ഉപേക്ഷിക്കുക സാദ്ധ്യമല്ല. എന്നാൽ അത്തരം ഉപദേശം നൽകുന്നവരെ തങ്ങളുടെ ശത്രുവായി കരുതുകയും അന്യമത വിശ്വാസികളോട് യുദ്ധം ചെയ്യുന്ന ആവേശത്തോടെ അയാളുടെ കഥകഴിക്കാൻ തയ്യാറാവുകയും ചെയ്തേക്കാം. എന്നാൽ ഞാൻ ആലോചിച്ചുകൊണ്ടിരിക്കയാണ് മുൻ അഫ്ഘാൻ അമീർമാരിൽ കാണപ്പെടാത്ത തരത്തിൽ അഫ്ഘാൻകാരിൽ പ്രഭാവം പുലർത്തിപോന്നിരുന്ന ഇപ്പോഴത്തെ കാബൂൾ അധിപനായ അമീർ പേര് കേട്ടപണ്ഡിതരെ വിളിച്ചു കൂട്ടി ഈ ജിഹാദ് പ്രശ്നത്തെ കുറിച്ച് ചർച്ചനടത്തുകയും പിന്നീട് ഉലമാക്കന്മാർ മുഖേന തന്നെ സാമാന്യ ജനങ്ങളെ അവരുടെ***

ജിഹാദ് എന്നാൽ അങ്ങേയറ്റത്തെ പരിശ്രമം എന്നാണർത്ഥമെന്നും, ജിഹാദെ അക്ബർ (കഠിനമായ ആത്മ സംസ്ക്കരണത്തിന് വേണ്ടിയുള്ള പരിശ്രമം), ജിഹാദെ കബീർ (സത്യ സന്ദേശ പ്രചാരണത്തിന് വേണ്ടിയുള്ള പരിശ്രമം), ജിഹാദെ അസ്കർ (ശത്രുക്കളുടെ അക്രമണം പ്രതിരോധിക്കുന്നതിന് വേണ്ടി യുള്ള യുദ്ധം) എന്നിങ്ങനെ ഇസ്‌ലാമിക പ്രമാണങ്ങളിൽ വിവിധത്തിലുള്ള ജിഹാദിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ടെന്ന് ഹ: അഹ്മദ് (അ) വ്യക്തമാക്കുക യുണ്ടായി.

***തെറ്റുകളെ കുറിച്ച് ഉണർത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. അതോടൊപ്പം ഈ രാജ്യങ്ങളിലെ ഉലമാക്കന്മാർ പുശ്തു ഭാഷയിൽ ചില പുസ്തകങ്ങൾ തയ്യാറാക്കി വിപുലമായ തരത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുകയുണ്ടായെങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ പൊതുജനങ്ങളിൽ സൽഫലങ്ങൾ സൃഷ്ടിക്കുമാറാകും. ഇത്രയും പ്രധാനപ്പെട്ട പരിഷ്ക്കരണ പരിപാടികളിലേക്ക് അമീർ അവർകൾ ശ്രദ്ധിക്കാത്ത പക്ഷം മുല്ലാമാരുടെ ഇത്തരം ഫത്വകൾക്ക് നേരെ നിശ്ശബ്ദത കൈകൊള്ളുന്നതിന്റെ അന്തിമ ഫലങ്ങൾ ഗവൺമെന്റിനു തന്നെ വലിയ കഷ്ട നഷ്ടങ്ങൾ വരുത്തി വച്ചേക്കും.*** (ജിഹാദ് പേ . 37 ഹ: അഹ്മദ് (അ) പ്രസ്തുത ഗ്രന്ഥത്തിൽ വളരെ വിശദമായി തന്നെ മുല്ലമാരുടെയും പാമരജനങ്ങളുടെയും ഈ തെറ്റായ ജിഹാദി സങ്കൽപ്പത്തിന്റെ ദൂഷ്യങ്ങളെ സംബന്ധിച്ച് വിവരിക്കുകയും ഇതിൽ നിന്ന് ജനങ്ങളെ പിന്തിരിപ്പിക്കാൻ അമീറിന്റെ ഭാഗത്ത് നിന്നും ശ്രമങ്ങളുണ്ടാകുന്നില്ല എങ്കിൽ അമീറിന് തന്നെയും അതിന്റെ ദുഷ്ഫലങ്ങൾ അനുഭവിക്കേണ്ടിവരുമെന്നും അവസാനം ഖിയാമത്തിന്റെ കാഴ്ച്ചകൾ കാണേണ്ടിവരുമെന്നും താക്കീത് ചെയ്യുകയുണ്ടായി. വാഗ്ദത്ത മസീഹിന്റെ നിരവധി ഗ്രന്ഥങ്ങളിൽ ജിഹാദിനെ സംബന്ധിച്ച് ഇസ്ലാമിക പാഠങ്ങൾ വിവരിക്കുകയും ജിഹാദിന്റെ പേരിൽ നടത്തികൊണ്ടിരിക്കുന്ന രക്ത ചൊരിച്ചിൽ അവസാനിപ്പിക്കാനും ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുകയുണ്ടായി.

ദുർറെസമീൻ എന്ന കവിതാ സമാഹാരത്തിൽ അവിടുന്ന് നൽകിയ അവസാന താക്കീത് ഇപ്രകാരമായിരുന്നു.

***എന്റെ ഈ ഉപദേശം ശ്രവിച്ച ശേഷവും യുദ്ധത്തിന് പോവുന്നവർക്ക് അവിശ്വാസികളുടെ കൈയിൽ നിന്ന് കഠിനതരമായ വേദന സഹിക്കേണ്ടിവരും. ഇത് എന്റെ ഒരു മുഅ്ജിസ (ദിവ്യാടയാളം) എന്ന നിലയിലുള്ള പ്രവചനമാണ്....നിങ്ങൾ അവർക്ക് മനസ്സിലാക്കിക്കൊടുക്കുക ഇത് മസീഹിന്റെ കാലമാണ് യുദ്ധത്തിന്റെ കാലമല്ല. ഇനിയും അവർ മനസ്സിലാക്കുന്നില്ല എങ്കിൽ അല്ലാഹു അവർക്ക് മനസ്സിലാക്കി കൊടുക്കുന്നതാണ്.*** ദുർറെ സമീൻ – ഹദ്റത്ത് അഹ്മദ്(അ)

ഇനി നമുക്ക് പരിശോധിക്കുവാനുള്ളത് മക്ക ഇമാമിനേയും മറ്റ് അറബ് നേതാക്കളെയും അസ്വസ്ഥപ്പെടുത്തികൊണ്ടിരിക്കുന്ന സമീപ കാല സംഭവ വികാസത്തെ കുറിച്ചാണ്. സിറിയയിലും ഇറാഖിലും രക്തപ്രളയും സൃഷ്ടിച്ച് മുന്നേറി ക്കൊണ്ടിരിക്കുന്ന ഐ എസ് ഉയർത്തുന്ന വെലുവിളികൾ, യമനിലെ ഹൂതികൾ സൃഷ്ടിക്കുന്ന ഭീഷണികൾ, ലിബിയയിലെ അരക്ഷിതാവസ്ഥ, ഈജിപ്തിലെ അടങ്ങാത്ത അസ്വസ്ഥതകൾ എന്നിവയെല്ലാം അറബ് വസന്തം, മുല്ലപ്പൂവിപ്ലവം എന്നീപേരുകളിലെല്ലാം കൊട്ടിഘോഷിക്കപ്പെട്ട പ്രക്ഷോഭങ്ങളുടെ ബാക്കി പത്രമാണെന്ന് കാണുവാൻ കഴിയും. ജമാഅത്തെ ഇസ്ലാമിയുടെ അറബ് പതിപ്പായ ഇഖ്വാനുൽ മുസ്ലിമീന്റെയും സമാന ചിന്താഗതിക്കാരുടെയും നേതൃത്വത്തിൽ നടമാടിയ പ്രക്ഷോഭങ്ങളുടെ അനന്തര ഫലമായാണ് ഇതെല്ലാം എന്ന് കാണാൻ കഴിയും. 2011–ൽ തുണീഷ്യയിൽ തുടക്കം കുറിച്ച ഭരണകൂടത്തിനെതിരായ പ്രക്ഷോഭമാണ് പിന്നീട് ഈജിപ്ത്, യമൻ, സിറിയ, ലിബിയ തുടങ്ങിയ രാജ്യങ്ങളിലേക്ക് പടർന്ന് കയറിയത്. അതാണ് അറബ് വസന്തമെന്ന പേരിൽ ലോകമാകെ കൊണ്ടാടപ്പെട്ടതും. തുടക്കത്തിൽ വിജയപ്രദമെന്ന് തോന്നിയ പ്രക്ഷോഭം പിന്നീട് പരാജയമായും വൻ ദുരന്തമായും പരിണ മിക്കുകയാണുണ്ടായത്. ഏകാധിപത്യത്തിന് അന്ത്യം കുറിക്കാൻ എന്ന പേരിൽ തുടക്കം കുറിച്ച പ്രക്ഷോഭം അരാജകത്വത്തിന് വഴിമാറുന്നതായാണ് ലോകം കണ്ടത്. ആദ്യഘട്ടത്തിൽ വിജയമെന്ന് തോന്നിക്കുന്ന ഭരണ മാറ്റങ്ങൾ സംഭവിച്ചപ്പോൾ ഇങ്ങ് കേരളക്കരയിൽ തങ്ങൾ നേടിയ മഹാവിജയമെന്ന നിലയിൽ ഇവിടുത്തെ ജമാഅത്തെ ഇസ്ലാമിക്കാരുടെ യുവവിദ്യാർഥി സംഘടനകളും കൊട്ടിഘോഷിക്കുകയും നാടാകെ സെമിനാറുകളും ഐക്യദാർഢ്യ പ്രകടനങ്ങളുമായി അരങ്ങുവാഴുകയുണ്ടായി. എന്നാൽ അല്ലാഹു നൽകിയ സവിശേഷമായ ഉൾക്കാഴ്ച്ചയും ദീർഘവീക്ഷണവും പ്രകാരം അഹ്മദിയ്യാ ജമാഅത്തിന്റെ അഞ്ചാം ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹു..) ഈ പ്രക്ഷോഭത്തിന്റെ അനിസ്ലാമികതയിലേക്കും പ്രക്ഷോഭത്തിന്റെ ഭയാനകമായ പര്യവസാനത്തെ പറ്റിയും മുന്നറിയിപ്പ് നൽകുകയുണ്ടായി. മനുഷ്യ സമൂഹത്തോട് വിശിഷ്യാ ഉമ്മത്തെ മുസ്ലിമിനോടുള്ള നിസ്സീമമായ അനുകമ്പയാൽ ഭൂമിയിലെ അല്ലാഹുവിന്റെ പ്രതിനിധി നടത്തിയ ഹൃദയഹാരിയായ അഭ്യർത്ഥന ജിഹാദിന്റെ ലഹരി തലക്ക് പിടിച്ച് ഇക്കൂട്ടർ ശ്രദ്ധിക്കാൻ കൂട്ടാക്കിയില്ല. പ്രസ്തുത ഖുത്ബയിൽ ഇസ്ലാമിക അദ്ധ്യാപനങ്ങളുടെ അടിസ്ഥനത്തിൽ ഭരണാധികാരികളും പ്രജകളും അനുവർത്തിക്കേണ്ട നിലപാടുകളെ അവിടുന്ന് വിവരിക്കുകയുണ്ടായി. ഭരണാധികാരികൾ പാലിക്കേണ്ട കർശനമായ നീതി തത്ത്വങ്ങളെ പറ്റി നബിതിരുമേനി(സ) പറഞ്ഞിട്ടുണ്ട്. ഇനി ഭരണാധികാരി പ്രജകളുടെ അവകാശങ്ങൾ നിഷേധിക്കുകയാണെങ്കിൽ തന്നെ നിയമലംഘനത്തിന്റേയും അക്രമത്തിന്റേയും മാർഗം സ്വീകരിക്കാൻ അവിടുന്ന് അനുവാദം നൽകിയിട്ടില്ല. അങ്ങനെ നൽകിയിട്ടുണ്ടെങ്കിൽ ഒരു കാലത്തും ഭൂമിയിൽ രക്തചൊരിച്ചിൽ അവസാനിക്കുകയില്ല എന്നതാണ് യഥാർഥ്യം.

എക്കാലത്തേക്കുമുള്ള ധിക്കാരികൾക്ക് പാഠമായി വിശുദ്ധ

ഖുർആൻ നമുക്ക് ഫിർഔന്റെ ഉദാഹരണം വ്യക്തമാക്കി തന്നിരിക്കുന്നു. ഇസ്രയേൽ ജനതയെ അരുംകൊല ചെയ്യുകയും അടിമകളാക്കി പിടിച്ചു വെക്കുകയും ചെയ്യുകയുണ്ടായി. ഇസ്റായേൽ ജനതയുടെ വിമോചകനായ മൂസാ നബി (അ) യേയും സഹോദരൻ ഹാറൂൻ നബി (അ) യേയും അഭിസംബോധന ചെയ്തുകൊണ്ട് അല്ലാഹു ഖുർആനിൽ പറയുന്നു: ഫിർഔൻ ഇതാ ധിക്കാരിയായി മാറിയിരിക്കുന്നു. നീയും നിന്റെ സഹോദരനും അവന്റെ അടുക്കലേക്ക് പോവുക. എന്നിട്ട് സൗമ്യവാക്ക് (ഖൗലൻ ലയ്യിന) പറയുക എന്നാണ്. അല്ലാതെ ഇസ് റായേൽ സന്തതികളെ മുൻനിർത്തി പ്രക്ഷോഭം സംഘടിപ്പിക്കാനും വിപ്ലവം നയിക്കാനുമല്ല ഫിർഔനോട് മൂസാ നബി (അ) യുടെ സമീപനം എന്ന് വിശുദ്ധ ഖുർആൻ വിവരിക്കുന്നു. അമീറുൽ മുഅ്മിനീൻ ഖുത്ബയിൽ താക്കീത് ചെയ്യുകയും ആശങ്കപ്പെടുകയും ചെയ്ത കാര്യങ്ങൾ തന്നെയാണ് പിന്നീട് ലോകം ദർശിച്ചത്. ഈജിപ്തിൽ മുർസിയുടെ നേതൃത്വത്തിൽ വിപ്ലവകാരികൾ അധികാരമേറ്റെങ്കിലും അധികം താമസിയാതെ ചില അറബ് രാജ്യങ്ങളുടെയും പാശ്ചാത്യ ശക്തികളുടെയും പിന്തുണയോടെ പട്ടാളം മുർസിയെ സ്ഥാന ഭ്രഷ്ടനാക്കുകയും വിപ്ലവകാരികൾ ജയിലിലടക്കപ്പെടുകയുമുണ്ടായി. ലിബിയയിൽ ഖദ്ദാഫിയെ അട്ടിമറിക്കുകയും ക്രൂരമായി കൊലപ്പെടുത്തുകയും ചെയ്തുവെങ്കിലും അവിടെ നിയാമനുസൃതമായ ഒരു ഭരണ കൂടംപോലും നിലവിലില്ലാത്ത സ്ഥിതിയാണ് വന്നുചേർന്നിട്ടുള്ളത്. യമനിൽ സഊദി അറേബ്യ ഉൾപ്പെടെയുള്ള രാജ്യങ്ങളുടെ ഇടപെടലുകൾ നടന്നുകൊണ്ടിരിക്കുമ്പോഴും മറുഭാഗത്ത് ആഭ്യന്തര സംഘർഷത്തിന് അയവ് വന്നിട്ടില്ല. സിറിയയിൽ 5 വർഷമായി തുടർന്ന് വരുന്ന ആഭ്യന്തര യുദ്ധം തുല്യതയില്ലാത്ത മനുഷ്യ ദുരന്തമായി പരിണമിച്ചിരിക്കുന്നു. മനുഷ്യർ അഭയം തേടി അലഞ്ഞുകൊണ്ടിരിക്കുന്ന ദയനീയമായ ദൃശ്യങ്ങൾ മനസ്സാക്ഷിയെ കിടിലം കൊള്ളിക്കുന്നതാണ്. ബശാറുൽ അസദും വിമതരും തമ്മിലുള്ള പോരാട്ടം ഐഎസിന്റെ രംഗപ്രവേശനത്തോടെ അതിസങ്കീർണമായ ഒരു പതനത്തിലെത്തി നിൽക്കുന്നു. ഒരു ഭാഗത്ത് ഐഎസിന്റെ ക്രൂരകൃത്യങ്ങൾ മറുഭാഗത്ത് വിമത സേനയുടെ അക്രമണങ്ങൾ ഈ രണ്ട് കൂട്ടർക്കുമെതിരെ എന്നപേരിൽ അസദിന്റെ സേനനടത്തിക്കൊണ്ടിരിക്കുന്ന ക്രൂരമായ പ്രത്യാക്രമണങ്ങൾ, ഇതിനൊക്കെ പുറമെ തീവ്രവാദികൾക്കെതിരെ എന്ന പേരിൽ അമേരിക്കയും റഷ്യയും നടത്തിക്കൊണ്ടിരിക്കുന്ന വിവേചന രഹിതമായ വ്യോമാക്രമണങ്ങൾ നിസ്സഹായരായ ഒരു ജനത അനുഭവിക്കുന്ന ദുരന്തങ്ങൾ വിവരിക്കാൻ ഒരു ഭാഷക്കും സാദ്ധ്യമല്ല ഒരു പേനക്കും അതിനുള്ള ശക്തിയില്ല. രണ്ടാം ലോക മഹായുദ്ധത്തിന്ന് ശേഷം ലോകം കണ്ട ഏറ്റവും വലിയ കൂട്ടപാലായനത്തിനാണ് അറബ് മുസ്‌ലിം ലോകം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. ആഫ്രോ ഏഷ്യൻ രാജ്യങ്ങളിൽ നിന്ന് കടൽ മാർഗം യൂറോപ്യൻ രാജ്യങ്ങളിലേക്ക് അഭയം തേടി പ്പോകുന്ന ആയിരക്കണക്കിന്ന് അഭയാർഥികൾ ബോട്ടുകൾ മുങ്ങി ആഴക്കടലിൽ ജീവൻ പൊലിഞ്ഞു പോവുന്ന ദാരുണ രംഗങ്ങൾ ദൃശ്യമാധ്യമങ്ങളിലൂടെ ദിവസവും നാം കണ്ടുകൊണ്ടിരിക്കുന്നു. ഈ ദുരന്തങ്ങൾ അവസാനിക്കാനുള്ള വിദൂര സാധ്യതകൾ പോലും തെളിഞ്ഞു വരുന്നില്ല എന്നതാണ് ഇപ്പോൾ മനസ്സിനെ ഞെരുക്കിക്കൊണ്ടിരിക്കുന്നത്.

മുസ്‌ലിം സമൂഹം ഭീകരതയുടെ ഇരകളായി കൊണ്ടിരിക്കുന്നുവെന്നും ഭീകരതക്ക് ഇസ്‌ലാം എതിരാണെന്നും ഇസ്‌ലാം എവിടേയും സമാധാനത്തിന്റെയും നീതിയുടെയും അധ്യാപനങ്ങളാണ് നൽകുന്നതെന്നും ഭീകരതക്ക് ഇസ്‌ലാം എതിരാണെന്നും പറയുന്ന ബഹുമാന്യനായ മക്ക ഹറം ഇമാം അവർകളുടെ വാക്കുകളെ നമുക്ക് ശരിവെക്കാം. എന്നാൽ ഇമാം സാഹിബിന്റെ സഊദി അറേബ്യയും വഹാബി പ്രസ്ഥാനവും ഇക്കാര്യങ്ങളിൽ സ്വീകരിക്കുന്ന നിലപാട് നീതി പൂർവകവും മനുഷ്യത്വപരവുമാണെന്ന് നമുക്ക് പറയുവാൻ സാദ്ധിക്കുമോ? ഒരു വശത്ത് തീവ്രവാദത്തെ അപലപിക്കുമ്പോൾ ബശാർ അസദിനെതിരെ യുദ്ധം നയിക്കുന്ന വിമത വിഭാഗത്തെ സഹായിച്ചുകൊണ്ടിരിക്കുന്ന സഊദി ഉൾപ്പെടെയുള്ള രാജ്യങ്ങളാണ്. മറുഭാഗത്ത് യമനിലെയും ബഹറൈനിലേയും സുന്നി ഭരണകൂടങ്ങൾക്കെതിരിൽ സമരം നയിക്കുന്ന ശിയാ മിലീഷ്യകളെ അടിച്ചമർത്താൻ സൈന്യത്തെ അയക്കുന്നതും സഊദിയുൾപ്പെടെയുള്ള രാജ്യങ്ങളാണ്. ഇറാനും ലബനാനിലെ ഹിസ്ബുല്ലയും യമനിലെയും ബഹറൈനിലേയും റിബലുകളും ആളും അർഥവും നൽകി സഹായിക്കുമ്പോൾ മറുഭാഗത്ത് സിറിയയിലെ പ്രക്ഷോഭകാരികളെ നിഷ്ഠൂരമായി അടിച്ചമർത്തുന്ന ബശാറുൽ അസദിന്റെ കിങ്കരന്മാർക്ക് ശക്തി പകരുകയാണ് ചെയ്യുന്നത്. ചുരുക്കത്തിൽ ഇസ്‌ലാമിക മൂല്യങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ട് നീതിയിലധിഷ്ഠിതമായ നിലപാട് സ്വീകരിക്കുവാൻ ഒരൊറ്റ മുസ്‌ലിം രാജ്യവും തയ്യാറാവുന്നില്ല. എന്നതാണ് സങ്കടകരമായിട്ടുള്ളത്. ജീവനു വേണ്ടി വിലപിച്ച് രക്ഷയുടെ തുരുത്ത് തേടി ദയനീയമായ നിലയിൽ ഉഴന്നു നടക്കുന്ന മുസ്‌ലിം സഹോദരങ്ങൾക്ക് വേണ്ടി കാരുണ്യത്തിന്റെ കവാടങ്ങൾ തുറന്നുകൊടുക്കാൻ വേണ്ടി സഊദി ഉൾപ്പെടെയുള്ള മിക്ക മുസ്‌ലിം രാജ്യങ്ങളും

തയ്യാറായിരുന്നെങ്കിൽ യൂറോപ്പിലേക്കുള്ള അഭയാർഥികളുടെ ഈ ഒഴുക്ക് നാം കാണേണ്ടി വരില്ലായിരുന്നു. സ്വന്തം സഹോദരന്മാരുടെ നേരെ കനിവ് തോന്നാത്ത ഇവരുടെ ഈമാൻ എന്ത് ഈമാനാണ്?! മതപ്രചാരണ സ്വാതന്ത്ര്യം അനുവദിക്കാത്ത സഊദി അറേബ്യയെ പ്രതിനിധീകരിക്കുന്ന ഇമാം അവർകൾക്ക് ഇസ്‌ലാമിന്റെ മഹത്വം പ്രസംഗിക്കാനുള്ള അർഹത യുണ്ടോ? മതംഉപേക്ഷിക്കുന്നവനെ വധിക്കണമെന്ന് പറയുന്നവർ എന്ത് സ്വാതന്ത്ര്യമാണ് വകവെച്ചു കൊടുക്കുക?

വിശുദ്ധ ഖുർആന്റെ പാഠങ്ങൾ ഉൾകൊള്ളുകയും വൈരുദ്ധ്യമില്ലാത്ത നിലപാട് സ്വീകരിക്കുകയും ചെയ്യുന്നവർ ഇന്ന് അഹ്മദികൾ മാത്രമാണെന്ന് ചിന്തിക്കുന്നവർക്ക് മനസ്സിലാകും. തങ്ങൾ ജീവിക്കുന്ന ഭരണകൂടത്തിനെതിരിൽ നിയമ ലംഘനങ്ങളോ കലാപങ്ങളോ നടത്താൻ പാടില്ല എന്ന അദ്ധ്യാപനത്തിനെതിരിൽ അഹ്മദിയ്യാ ജമാഅത്ത് പ്രവർത്തിച്ചതായി ഒരു സംഭവവും ഇത്‌വരെ ഉണ്ടായിട്ടില്ല. തങ്ങളുടെ പ്രാഥമികമായ അവകാശങ്ങൾ അതായത് ആരാധന നിർവഹിക്കാനും വിശ്വാസം പ്രഖ്യാപിക്കാനും കലിമ ചൊല്ലാനും വരെയുള്ള അവകാശം നിഷേധിച്ച പാകിസ്താൻ ഭരണകുടത്തിനെതിരെ അഹ്മദികൾ ഇന്ന് വരെ ഒരു പ്രക്ഷോഭം പോലും നടത്തിയിട്ടില്ല. തങ്ങളുടെ 94 സഹോദരന്മാരെ ലാഹോറിലെ പള്ളികളിൽ ശഹീദാക്കിയപ്പോഴും അവർ സഹനം കൈകൊള്ളുകയാണ് ചെയ്തത്. അഹ്മദികളുടെ ഈ സഹനം കണ്ടിട്ട് ലോകം വിസ്മയം കൊള്ളുകയുണ്ടായി. മക്കയിലെ മർദകരിൽ നിന്ന് രക്ഷനേടാൻ തിരുനബി (സ) മക്കത്ത് നിന്ന് മദീനയിലേക്ക് ഹിജ്റത്ത് ചെയ്തത് പോലെ, ഫറോവയുടെ കിരാത ഭരണത്തിൽ നിന്ന് രക്ഷ നേടാനായി മൂസാ നബി (അ) ഇസ്രയേലികളുമായി ഈജിപ്തിൽ നിന്ന് ഹിജ്റത്ത് ചെയ്തത് പോലെ അഹ്മദിയ്യ ഖലീഫയും സാധിക്കുന്ന അഹ്മദികളും മറ്റു രാജ്യങ്ങളിലേക്ക് കുടിയേറിയ തൊഴിച്ചാൽ മറ്റൊരു പ്രതിഷേധങ്ങളും അഹ്മദികൾ നടത്തിയിട്ടില്ല.

ഈ ലേഖനത്തിന്റെ ആദ്യ ഭാഗത്ത് പരാമർശിച്ച ഹദ്റത്ത് അഹ്മദ് (അ) ന്റെ വാക്കുകളിലേക്ക് വായനക്കാരുടെ ശ്രദ്ധ ഒന്നുകൂടി ക്ഷണിക്കുകയാണ്. ജിഹാദിനെ പറ്റിയുള്ള യഥാർത്ഥ പാഠങ്ങൾ തന്റെ നിരവധി ഗ്രന്ഥങ്ങളിൽ വിവരിച്ചതിന് ശേഷം അവിടുന്ന് പ്രവചിച്ചത് ഇപ്രകാരമായിരിന്നു.

***എന്റെ ഈ ഉപദേശം ശ്രവിച്ച ശേഷവും യുദ്ധത്തിന് പോവുന്നവർക്ക് അവിശ്വാസികളു ടെ കൈയിൽ നിന്ന് കഠിനതരമായ വേദന സഹിക്കേണ്ടിവരും. ഇത് എന്റെ ഒരു മുഅ്ജിസ (ദിവ്യാടയാളം) എന്ന നിലയിലുള്ള പ്രവചനമാണ്....നിങ്ങൾ അവർക്ക് മനസ്സിലാക്കിക്കൊടുക്കുക ഇത് മസീഹിന്റെ കാലമാണ് യുദ്ധത്തിന്റെ കാലമല്ല. ഇനിയും അവർ മനസ്സിലാക്കുന്നില്ല എങ്കിൽ അല്ലാഹു അവർക്ക് മനസ്സിലാക്കി കൊടുക്കുന്നതാണ്.***

(ദുർറെ സമീൻ ഹദ്റത്ത് അഹ്മദ്(അ))

വിശുദ്ധ ഖുർആന്റെ വ്യക്തമായ പാഠങ്ങളും തിരുനബി (സ) യുടെ അദ്ധ്യാപനങ്ങളും ഈ കാലഘട്ടത്തിൽ അല്ലാഹു നിയോഗിച്ച റസൂൽ തിരുമേനി (സ) യുടെ പ്രതിപുരുഷൻ വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് അഹ്മദ് (അ) ന്റെ ആത്മാർഥമായ ഉപദേശങ്ങളും അവഗണിച്ച് കൊണ്ട് തികച്ചും തെറ്റായ നിലയിലുള്ള ജിഹാദിന്റെ പിറകെ പേയതിന്റെ തിക്തഫലമണ് മുസ്‌ലിം ലോകം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. പാകിസ്താനും അഫ്ഘാനിസ്താനും ഇറാഖും സിറിയയും അങ്ങനെ അവസാനിക്കാത്ത പട്ടികയായി മാറിക്കൊണ്ടിരിക്കുന്നു. മറ്റൊരു ഭാഗത്ത് ശാക്തിക രാജ്യങ്ങളുടെ ആക്ര മണങ്ങൾക്കും അധിനിവേശത്തിനും മുസ്‌ലിം രാജ്യങ്ങൾ ഇരയായിക്കൊണ്ടിരിക്കുന്നു. മുസ്‌ലിം വേഷം ധരിച്ചവരേയും അറബി സംസാരിക്കുന്നവരേയും വിമാനത്തിൽ നിന്ന് പോലും ഇറക്കിവിടുന്നു. ഇസ്‌ലാമോ ഫോബിയ എന്ന പ്രയോഗം തന്നെ നിലവിൽ വന്നിരിക്കുന്നു. മുസ്‌ലിംകൾ സ്വന്തം നാട്ടിലും മറുനാട്ടിലും സുരക്ഷിതരല്ല എന്ന് വന്നിരിക്കുന്നു. ഈ കാലഘട്ടത്തിൽ വാഗ്ദത്ത മസീഹ് കാണിച്ചു തന്ന യഥാർഥ ഇസ്‌ലാമികാദ്ധ്യാപനങ്ങളിലേക്ക് തിരിച്ചുപോകുക എന്നത് മാത്രമാണ് മുസ്‌ലിം സമൂഹത്തിന് ഇനി കരണീയമായിട്ടുള്ളത്. ഈ കാര്യം മുസ്‌ലിം സമുദായത്തിന് മനസ്സിലാക്കിക്കൊടുക്കാൻ ഹറം ഇമാമിനെ പോലെയുള്ള പണ്ഡിതന്മാരും സഊദി അറേബ്യയെ പോലുള്ള മുസ്‌ലിം ഭരണകൂടങ്ങളും തയ്യാറുണ്ടോ എന്നതാണ് അറിയേണ്ടിയിരിക്കുന്നത്. ●

തങ്ങളുടെ പ്രാഥമികമായ അവകാശങ്ങൾ അതായത് ആരാധന നിർവഹിക്കാനും വിശ്വാസം പ്രഖ്യാപിക്കാനും കലിമ ചൊല്ലാനും വരെയുള്ള അവകാശം നിഷേധിച്ച പാകിസ്താൻ ഭരണകുടത്തിനെതിരെ അഹ്മദികൾ ഇന്ന് വരെ ഒരു പ്രക്ഷോഭം പോലും നടത്തിയിട്ടില്ല. തങ്ങളുടെ 94 സഹോദരന്മാരെ ലാഹോറിലെ പള്ളികളിൽ ശഹീദാക്കിയപ്പോഴും അവർ സഹനം കൈകൊള്ളുകയാണ് ചെയ്തത്. അഹ്മദികളുടെ ഈ സഹനം കണ്ടിട്ട് ലോകം വിസ്മയം കൊള്ളുകയുണ്ടായി.

കുറിപ്പുകൾ

മുസാഫിർ

# കേരളത്തിലെ നിയമസഭാ തിരഞ്ഞെടുപ്പ്



വളരെയേറെ സവിശേഷതകളുള്ള രാഷ്ട്രീയ പ്രബുദ്ധരായ കേരളീയ പൊതു സമൂഹം 14-ാം നിയമ സഭയിലേക്കുള്ള തിരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിനനുകൂലമായാണ് വിധിയെഴുതിയത്. മഞ്ചേശ്വരം മുതൽ നെയ്യാറ്റിൻകര വരെ രണ്ട് കോടി ജനങ്ങൾ പങ്കെടുത്ത 140 നിയോജക മണ്ഡലങ്ങളിലെ തിരഞ്ഞെടുപ്പിൽ 91 എണ്ണത്തിലും ഇടതുപക്ഷ സ്ഥാനാർഥികൾ വിജയിക്കുകയുണ്ടായി. യു ഡി എഫ്-47, ബി ജെ പി (ശ്രീ. രാജഗോപാൽ)-1, മറ്റുള്ളവർ( ശ്രീ പി. സി. ജോർജ്)-1. ഇടതുപക്ഷ മുന്നണിയുടെ മുഖ്യമന്ത്രിയായി ശ്രീ. പിണറായി വിജയൻ അധികാരമേറ്റിരിക്കുകയാണ്.

രാഷ്ട്രീയ പ്രബുദ്ധമായ കേരളത്തിലെ ജനവിധി ഇന്ത്യാമഹാരാജ്യം എന്നും പ്രാധാന്യത്തോടെ നോക്കിക്കാണുന്ന രാഷ്ട്രീയ പ്രക്രിയയാണ്. വിവിധ മതസ്ഥർ ഏകോദര സഹോദരന്മാരെ പോലെ ജീവിക്കുന്ന കേരളം സെക്കുലറിസത്തിന്റെ പ്രദർശന വേദികൂടിയാണ്. മതമൈത്രിയും മതസ്വാതന്ത്ര്യവും പുലരുന്ന നാടാണ്. 54.73% ഹിന്ദുക്കളും 26.56% മുസ്‌ലിംകളും 18.36% ക്രിസ്ത്യാനികളും 0.32 % മറ്റു മതസ്ഥരും സമാധാനത്തോടെ കഴിയുന്ന കേരളത്തിൽ മതാത്മക സംഘർഷങ്ങൾ ഇന്ത്യയിലെ മറ്റിടങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. സങ്കുചിത രാഷ്ട്രീയക്കാർ മത സംഘർഷങ്ങൾ ഉണ്ടാക്കി നേട്ടം കൊയ്യാൻ ശ്രമിക്കുന്നുവെങ്കിലും കേരളസമൂഹം പൂർണമായും അതിനോട് അനുകൂലമായി പ്രതികരിക്കാറില്ല. 2011-ലെ സെൻസസ് പ്രകാരം 93.9 ശതനമാനം സാക്ഷരത നേടി കൊണ്ട് ഇന്ത്യയിൽ കേരളം അക്കാര്യത്തിൽ മുന്നിൽ നിൽക്കുന്നു. 25 ലക്ഷം മലയാളികൾ കേരളത്തിന് പുറത്ത് പ്രവാസികളാണ്. അവർ ഇന്ത്യയിലേക്കയക്കുന്നത് 1 ലക്ഷം കോടി രൂപയാണ്. അതിൽ 88% ഗൾഫ് മേഖലയിൽ നിന്നുമാണ്. തൊഴിലില്ലായ്മ 2003 ൽ 19.1% മായിരുന്നത് 2011-ൽ എത്തുമ്പോൾ 4.2% ആയി കുറഞ്ഞു. Gulati Institute of Finance and Taxation എന്ന സ്ഥാപനം നടത്തിയ പഠനത്തിൽ 25 ലക്ഷം അന്യ സംസ്ഥാന തൊഴിലാളികളാണ് ഇപ്പോൾ കേരളത്തിലുള്ളത്. ആരോഗ്യ രംഗത്തും വിദ്യാഭ്യാസ രംഗത്തും കേരളം കൈവരിച്ച നേട്ടങ്ങൾ കേരള മോഡൽ എന്ന പേരിൽ പ്രസിദ്ധമാണ്. സാമൂഹ്യ

ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള യു ഡി എഫ് സർക്കാർ ഒരു പാട് ജനോപകാര പ്രദമായ നല്ല കാര്യങ്ങൾ ചെയ്തെങ്കിലും അതിന്റെ ശോഭകെടുത്തിക്കളയുന്ന രീതിയിലാണ് അഴിമതി ആരോപണങ്ങളുണ്ടായത്. മോശം പശ്ചാത്തലമുള്ളവരുമായി ഇടപാടുകളും ഇടപഴകലും ഇത്രപരസ്യ മായി ചർച്ചചെയ്യപ്പെട്ട മറ്റൊരു കാലവുമുണ്ടായിട്ടില്ല.

രംഗത്ത് ഇത്തരം സവിശേഷത കളുള്ള ഒരു സമൂഹത്തിന്റെ ജനവിധിയായത് കൊണ്ടാണ് ഇന്ത്യ യിലെ രാഷ്ട്രീയ പണ്ഡിറ്റുകൾ കേരള ജനവിധിയെ ശ്രദ്ധിക്കുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള യു ഡി എഫ് സർക്കാർ ഒരു പാട് ജനോപകാര പ്രദമായ നല്ല കാര്യങ്ങൾ ചെയ്തെങ്കിലും അതിന്റെ ശോഭകെടുത്തിക്കളയുന്ന രീതിയിലാണ് അഴിമതി ആരോപണങ്ങളുണ്ടായത്. മോശം പശ്ചാത്തലമുള്ളവരുമായി ഇടപാടുകളും ഇടപഴകലും ഇത്രപരസ്യമായി ചർച്ചചെയ്യപ്പെട്ട മറ്റൊരു കാലവുമുണ്ടായിട്ടില്ല. റവന്യൂഭൂമി പതിച്ചു നൽകൽ, മദ്യനിരോധനം, വിദ്യാഭ്യാസകച്ചവടം, ഉദ്യോഗസ്ഥന്മാരുടെ കെടുകാര്യസ്ഥത, കുറ്റകൃത്യങ്ങൾ, വിലക്കയറ്റം മുതലായ കാര്യങ്ങളെല്ലാം ആരോപണങ്ങൾക്ക് വിധേയമായി. ജീവനക്കാരുടെ ശമ്പളവും പെൻഷനും കൊടുക്കാൻ പോലും നിരന്തരം കടം വാങ്ങേണ്ടി വരുന്ന സർക്കാരിന്റെ ധനദുർവിനിയോഗവും, അഴിമതിയും ഭരിക്കുന്ന കോൺഗ്രസ്സ് പാർട്ടിയിലെയും മുന്നണിയിലേയും അനൈക്യവുമെല്ലാം പരാജയ കാരണമായി എന്ന് വിലയിരുത്തപ്പെടുന്നു. കൂടാതെ ഇന്ത്യ ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ഭീഷണിയായ വർഗ്ഗീയതയെ ഫലപ്രദമായി പ്രതിരോധിക്കുന്ന രീതിയിൽ കോൺഗ്രസ്സിന്റെ ഭാഗത്ത് നിന്നും പ്രസ്താവനകളുണ്ടാകാത്തത് ന്യൂനപക്ഷങ്ങളിൽ ആശങ്കകളുണ്ടാക്കുകയും അവർ ഇടത് പക്ഷത്തിനനുകൂലമായി വോട്ട് രേഖപ്പെടുത്തിയതുമാണ് ഇടത് മുന്നേറ്റത്തിന് കാരണമായി ചൂണ്ടികാണിക്കപ്പെടുന്നത്.

കേരളത്തിലെ മതാത്മക രാഷ്ട്രീയത്തിന്ന് ഇതുവരെ കാര്യമായ വേരോട്ടമുണ്ടായിട്ടില്ല. മത വിശ്വാസം കേരളീയ സമൂഹത്തിൽ പ്രബലമാണെങ്കിലും മതവും രാഷ്ട്രീയവും പരസ്പരം കൂട്ടികുഴക്കാത്ത സെക്കുലർ മനോഭാവമാണ് കേരളീയ സമൂഹം പൊതുവേ പുലർത്തിവന്നിരുന്നത്. ഇത്തവണത്തെ നിയസഭാ തിരഞ്ഞെടുപ്പിൽ കേരളത്തിൽ പതിവില്ലാത്ത വിധം വർഗീയ ധ്രുവീകരണവും അടിയൊഴുക്കുകളും ദൃശ്യമായി. ഹിന്ദുത്വ രാഷ്ട്രീയം കൈയാളുന്ന ബിജെപിയുടെ നേതൃത്വത്തിലുള്ള എൻഡിഎ സഖ്യത്തിന്റെ വൻ പ്രചാരണമാണ് അതിന് മുഖ്യ കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. വലിയ പ്രചാരണം നടത്തിയിട്ടും ഒരു സീറ്റ് മാത്രം നേടിയാണ് അവർക്ക് കേരളത്തിൽ അക്കൗണ്ട് തുറക്കാനായത്. 7 സ്ഥലങ്ങളിൽ രണ്ടാം സ്ഥാനത്തെത്താനും 60 മണ്ഡലങ്ങളിൽ 20,000 ത്തിലധികം വോട്ട് നേടാനും അവർക്ക് സാധിച്ചു. തെരഞ്ഞെടുപ്പ് കാലത്ത് മതകീയ രാഷ്ട്രീയത്തിന്റെയും മതത്തിനകത്തെ തന്നെ ജാതി രാഷ്ട്രീയത്തിന്റെയും അതിപ്രസരം വളരെ പ്രകടമായിരുന്നു. സർവ്വ മതത്തേയും ബഹുമാനിച്ചിരുന്ന കേരളത്തിന്റെ അഭിമാനമായിരുന്ന ശ്രീ നാരായണ ഗുരുവിന്റെ പാരമ്പര്യമുള്ള എസ് എൻ ഡി പി, ബി ഡി ജെ എസ് (ഭാരത് ധർമ ജന സേന) എന്ന സംഘടന രൂപീകരിച്ച് തിരഞ്ഞെടുപ്പ് കാലത്ത് നടത്തിയ കടുത്ത മതവിദ്വേഷ പ്രചാരണം കേരളീയർക്ക് കേൾക്കേണ്ടി വന്നത് ദൗർഭാഗ്യകരമായിരുന്നു. ഒരുപാട് കാലം കീഴാളരായി അയിത്താചരണത്തിന് വിധേയരായി ജീവിച്ച ഹിന്ദു മതത്തിലെ ഈഴവർക്ക് നവോത്ഥാനവും മതേതരമായ രാഷ്ട്രീയ കാഴ്ച്ചപാടും നൽകിയത് ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങളാണ്. ആ നന്മകളെ മുഴുവൻ നിഷ്ഫലമാക്കുന്ന രീതിയിൽ കടുത്ത വർഗ്ഗീയത പ്രചരിപ്പിച്ചാണ് എസ് എൻ ഡി പി യുടെ നേതാക്കന്മാർ തിരഞ്ഞെടുപ്പ് രംഗത്തിറങ്ങിയത്. ഹിന്ദുത്വത്തിന്റെ ഇത്രയധികം സന്നാഹങ്ങളൊരുക്കി പ്രചാരണം നടത്തിയിട്ടും എൻഡിഎ സഖ്യത്തിന് വേണ്ടത്ര വേരോട്ടമുണ്ടാക്കാൻ കഴിഞ്ഞില്ല എന്നത് മതവൈകാരിക രാഷ്ട്രീയ ത്തിലേക്ക് തിരിയാനുള്ള കേരള ത്തിന്റെ വിമുഖതയാണ് സൂചിപ്പി ക്കുന്നത്.

കേരള നിയമസഭാ തിരഞ്ഞെടുപ്പിൽ ആദ്യമായാണ് ജമാഅത്തെ ഇസ്‌ലാമി സ്പോൺസർ ചെയ്ത വെൽഫയർ പാർട്ടി എന്ന സംഘടന മത്സരിക്കുന്നത്. മുമ്പ് പഞ്ചായത്ത് തിരഞ്ഞെടുപ്പിലും അവർ മത്സരിച്ചിരുന്നു. മുസ്‌ലിം സമൂഹത്തിലെ മതരാഷ്ട്ര വാദമുയർത്തുന്ന പാർട്ടിയാണ് ജമാഅത്തെ ഇസ്‌ലാമി. വളരെ ചെറിയ കക്ഷിയാണെങ്കിലും തിരഞ്ഞെടുപ്പ് കാലത്ത് വേഷം മാറി സജീവമാകാറുള്ള ജമാഅത്തെ ഇസ്‌ലാമിയുടെ മതരാഷ്ട്ര വാദമുയർത്തുന്ന വിപത്ത് കേരളത്തിലെ മുസ്‌ലിം വോട്ടർമാർ തിരിച്ചറിയേണ്ടതുണ്ട്. ജമാഅത്തെ ഇസ്‌ലാമിയുടെ സൈദ്ധാന്തിക നിലപാടുകൾ പലതും ക്ലാസിക്കൽ മാർക്സിസത്തിന്റെ വിപ്ലവ സിദ്ധാന്തത്തോടും ഫാസിസത്തോടും ഹിന്ദു മതരാഷ്ട്ര വാദത്തോടും സാമ്യമുള്ളതാണ്. കേരളത്തിലെ കക്ഷിരാഷ്ട്രീയത്തിൽ പ്രബലമായ ഒരു മുസ്‌ലിം സാമുദായിക പാർട്ടിയായ മുസ്‌ലിം ലീഗും

> തികച്ചും മതരാഷ്ട്ര മൗലിക വാദം ഉയർത്തുന്ന സംഘടനയായ ജമാഅത്തെ ഇസ്‌ലാമിക്ക് രാഷ്ട്രീയ പ്രവർത്തനം നടത്താതിരിക്കാൻ സാദ്ധ്യമല്ല. അങ്ങനെയാണ് ഹുകൂമത്തെ ഇലാഹിയ്യ (അല്ലാഹുവിന്റെ ഭരണം) എന്ന അവരുടെ വിദൂരമായ ലക്ഷ്യത്തിന് വേണ്ടിയാണ് വെൽഫയർ പാർട്ടി എന്ന വേഷത്തിൽ ഒരു സംഘടന രൂപീകരിച്ചത്.

കേരളത്തിൽ രാഷ്ട്രിയത്തിലും ഭരണരംഗത്തും മറ്റേതൊരു മതവിഭാഗത്തേക്കാളും വിലപേശി വാങ്ങാനുള്ള സംഘടിത ശേഷിയും കരുത്തുമുള്ളവരാണ് ക്രിസ്ത്യാനികൾ. സ്വകാര്യ വിദ്യാഭ്യാസരംഗത്തും ആരോഗ്യ രംഗത്തും തൊഴിൽ ദാനരംഗത്തും കേരളത്തിലെ ക്രിസ്ത്യൻ സമൂഹത്തിന് ഗവൺമെന്റിന് സമാന്തരമായ ശ്യംഖലയുണ്ട്.

ജമാഅത്തെ ഇസ്ലാമിയും തമ്മിലുള്ള വ്യത്യാസം മറ്റുള്ളവർക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ സാദ്ധ്യമല്ല എന്ന് വരാം. മുസ്ലിം ലീഗ് ജനാധിപത്യം അംഗീകരിക്കുകയും സമുദായ ക്ഷേമത്തിന് വേണ്ടി മറ്റു രാഷ്ട്രീയ പാർട്ടികളോടൊപ്പം പ്രവർത്തിക്കുന്ന ഒരു പാർട്ടിയാണ്. എന്നാൽ ജമാഅത്തെ ഇസ്ലാമി ലീഗിനെ പോലെയല്ല. ഇസ്ലാം എന്നാൽ ഒരു രാഷ്ട്രമാണെന്നും, ഏത് വിധേനയെങ്കിലും അതിന്റെ സംസ്ഥാപനം അനിവാര്യമാണെന്നും അവർ വിശ്വസിക്കുന്നു. തികച്ചും മതരാഷ്ട്ര മൗലിക വാദം ഉയർത്തുന്ന സംഘടനയായ ജമാഅത്തെ ഇസ്ലാമിക്ക് രാഷ്ട്രീയ പ്രവർത്തനം നടത്താതിരിക്കാൻ സാദ്ധ്യമല്ല. അങ്ങനെയാണ് ഹുകൂമത്തെ ഇലാഹിയ്യ (അല്ലാഹുവിന്റെ ഭരണം) എന്ന അവരുടെ വിദൂരമായ ലക്ഷ്യത്തിന് വേണ്ടിയാണ് വെൽഫയർ പാർട്ടി എന്ന വേഷത്തിൽ ഒരു സംഘടന രൂപീകരിച്ചത്. ജനാധിപത്യ രാജ്യത്ത് ഒരു രാഷ്ട്രീയ പാർട്ടിയായി നിൽക്കാനല്ല ആത്യന്തികമായി ഒരു ഇസ്ലാമിക രാഷ്ട്രം തന്നെ നിർമിക്കുകയാണ് അവടെ ലക്ഷ്യം. ഇന്ത്യയെ പോലെ മുസ്ലിംകൾ ന്യൂനപക്ഷമായ ഒരു ബഹുസ്വര രാജ്യത്ത് ഈ വാദം പച്ചക്ക് ഉയർത്തിയാലുണ്ടാവുന്ന അപകടം ജമാഅത്തെ ഇസ്ലാമിക്കറിയാം. അതുകൊണ്ട് ജനങ്ങളുടെ തിരസ്ക്കാരം ഭയന്നാണ് അവർ വെൽഫെയർ പാർട്ടി എന്ന പേരിൽ മതേതരമട്ടിൽ ഒരു രാഷ്ട്രീയ പാർട്ടി രൂപീകരിച്ചത്. അങ്ങനെ വേഷം മാറുന്നതിനെല്ലാം അവർക്ക് അവരുടെതായ ന്യായങ്ങളുണ്ട്. പൊതു സ്വീകാര്യതക്ക് വേണ്ടി അവരുടെ നേതാവിനെയും അവരുടെ കമ്മ്യൂണിസ്റ്റ് വിപ്ലവ മോഡലിലുള്ള ജിഹാദീ സിദ്ധാന്തവും ഹുഖൂമത്തെ ഇലാഹി എന്ന പ്രഖ്യാപിത ലക്ഷ്യവും ആദർശവുമെല്ലാം താൽക്കാലികമായി അവർ മറച്ചു വെക്കുകയോ തള്ളിപറയുകയോ ചെയ്യാറുണ്ട്. പകരം സ്ത്രീ പക്ഷ രാഷ്ട്രീയം പരിസ്ഥിതിതിവാദം വികസനം എന്നീവിഷയങ്ങൾ ഉയർത്തിപിടിച്ച് അൾട്രാ മോഡേൺ പുരോഗമനവാദികളായാണ് അവർ പ്രവർത്തിക്കാറ്. പക്ഷേ ജമാഅത്തെ ഇസ്ലാമിയാണ് ഈ രാഷ്ട്രീയ പാർട്ടിയടെ പിന്നിൽ എന്നറിയുന്ന ജനം അവർക്ക് തിരഞ്ഞെടുപ്പിൽ നല്ല പ്രഹരം നൽകി വിടുകയാണ് ചെയ്തത്. ഇത്തവണ 41 സീറ്റുകളിൽ ഗ്യാസുകുറ്റി അടയാളത്തിലാണ് അവർ മത്സരിച്ചത്. എല്ലായിടത്തും കെട്ടിവെച്ച കാശ് പോയികിട്ടി. 80 സീറ്റുകളിൽ മത്സരിച്ച തീവ്ര നിലപാടുകളുള്ള മറ്റൊരു പാർട്ടിയാണ് എസ് ഡി പി ഐ. യുടെ സ്ഥിതിയും ഇത് തന്നെയാണ്.

അതു പോലെ കേരളത്തിൽ ഏറ്റവും ശക്തമായ സംഘടിത ശേഷിയുള്ളവരാണ് ക്രിസ്ത്യനികൾ. രണ്ട് നൂറ്റാണ്ടുകാലമായി ക്രിസ്ത്യൻ മിഷണറിമാർ ചെയ്ത സേവനം വിസ്മരിക്കാവുന്നതല്ല. ജാതിവ്യവസ്ഥയുടെ നീരാളിപ്പിടുത്തത്തിൽ അകപ്പെട്ട കേരളത്തിലെ ഭൂരിപക്ഷ സമൂഹത്തിന് ഇന്ന് കാണുന്ന വിദ്യാഭ്യാസ പുരോഗതിക്ക് ക്രിസ്ത്യൻ മിഷ്ണറി സംഘങ്ങളോട് കടപ്പെട്ടിരിക്കുന്നു എന്നത് ഒരു വസ്തുതയാണ്. കേരളത്തിൽ

കാന്തപുരം മുസ്ല്യാരെ പോലെയുള്ള സുന്നി പണ്ഡിതന്മാരും അവരുടെ സങ്കുചിത വിഭാഗീയ താൽപര്യങ്ങളുമായി തിരഞ്ഞെടുപ്പ കാലത്ത് രാഷ്ട്രീയത്തിൽ ഇടപെടാറുണ്ട്. പൊതുതാൽപര്യത്തിന്റെയും സമൂഹനന്മയേയും ലക്ഷ്യംവെച്ചു കൊണ്ടുള്ള സമ്മർദ്ദ ഗ്രൂപ്പുകളായി മതസംഘടനകൾ പ്രവർത്തിക്കുന്നതിൽ ജനാധിപത്യത്തിൽ തെറ്റൊന്നുമല്ല. മറിച്ച് അന്യായമായ അവകാശങ്ങൾ നേടാനും അഴിമതി നടത്താനും സങ്കുചിതമായ മതലക്ഷ്യങ്ങൾക്കും മതരഷ്ട്രവാദമുയർത്താനുമാണ് അത് ചെയ്യുന്നതെങ്കിൽ അത് തെറ്റാണ്.

രാഷ്ട്രിയത്തിലും ഭരണരംഗത്തും മറ്റേതൊരു മതവിഭാഗത്തേക്കാളും വിലപേശി വാങ്ങാനുള്ള സംഘടിത ശേഷിയും കരുത്തുമുള്ളവരാണ് ക്രിസ്ത്യാനികൾ. സ്വകാര്യ വിദ്യാഭ്യാസരംഗത്തും ആരോഗ്യ രംഗത്തും തൊഴിൽ ദാനരംഗത്തും കേരളത്തിലെ ക്രിസ്ത്യൻ സമൂഹ ത്തിന് ഗവൺമെന്റിന് സമാന്തര മായ ശൃംഖലയുണ്ട്. പലപ്പോഴും ക്രിസ്ത്യൻ ചർച്ച് പ്രത്യക്ഷമായും പരോക്ഷമായും നിർദേശിക്കുന്ന ആളുകളെ കേരളത്തിലെ പല രാഷ്ട്രീയ പാർട്ടികൾ സ്ഥാനാർഥി കളായും മന്ത്രിമാരായും നിയമി ക്കാറുണ്ട് എന്ന് പത്രങ്ങളിൽ വാർത്തകൾ കാണാം. ഈ തിരഞ്ഞെടുപ്പിലും അവരുടെ സ്വാധീനങ്ങൾ പ്രകടമാണ് എന്ന് ചൂണ്ടിക്കാണിക്കപെടുന്നു. കേരള ത്തിലെ സെക്കുലർ വീക്ഷണത്തെ കളങ്കപ്പെടുത്തുന്നതിൽ ക്രിസ്ത്യൻ ചർച്ചിന് ഗണ്യമായ ഒരു പങ്കാണു ള്ളത്. കാന്തപുരം മുസ്ല്യാരെ പോലെയുള്ള സുന്നി പണ്ഡിത ന്മാരും അവരുടെ സങ്കുചിത വിഭാഗീയ താൽപര്യങ്ങളുമായി തിരഞ്ഞെടുപ്പകാലത്ത് രാഷ്ട്രീയ ത്തിൽ ഇടപെടാറുണ്ട്. പൊതുതാൽ പര്യത്തിന്റെയും സമൂഹനന്മയേയും ലക്ഷ്യംവെച്ചു കൊണ്ടുള്ള സമ്മർദ ഗ്രൂപ്പുകളായി മതസംഘടനകൾ പ്രവർത്തിക്കുന്നതിൽ ജനാധിപത്യ ത്തിൽ തെറ്റൊന്നുമല്ല. മറിച്ച് അന്യായമായ അവകാശങ്ങൾ നേടാനും അഴിമതി നടത്താനും സങ്കുചിതമായ മതലക്ഷ്യങ്ങൾക്കും മതരഷ്ട്രവാദമുയർത്താനുമാണ് അത് ചെയ്യുന്നതെങ്കിൽ അത് തെറ്റാണ്. നിർഭാഗ്യവശാൽ പ്രബുദ്ധ കേരളത്തിൽ തെരഞ്ഞെടുപ്പ് കാലത്ത് പലപ്പോഴും അങ്ങനെ സംഭവിക്കാറുണ്ട്. അഹ്മദികൾ വ്യക്തിഗതമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ വോട്ട് ചെയ്തത്.

ഏതായാലും ഇന്ത്യയിൽ മറ്റെല്ലാ യിടത്തേക്കാളും വളരെയേറെ നന്മനിറഞ്ഞതും രാഷ്ട്രീയ സദാ ചാരം പുലർത്തുന്നവരും സെക്കു ലർ മനോഭാവമുള്ളവരുമാണ് കേരളത്തിലെ ഭൂരിപക്ഷ സമ്മതി ദായകർ. ആ നന്മ നീണാൾ വാഴട്ടെ എന്ന് പ്രാർഥിക്കുന്നതോടൊപ്പം ശ്രീ പിണറായി വിജയന്റെ ഇടതുപക്ഷ മന്ത്രിസഭക്ക് അവരുദ്ദേശിക്കുന്ന നല്ല കാര്യങ്ങൾ നിറവേറ്റാൻ ദൈവം സഹായിക്കട്ടെ എന്ന് പ്രാർഥിക്കു കയും ചെയ്യുന്നു.




മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ എറണാകുളം ജില്ലയും ലവ് ആന്റ് കെയർ എന്ന സംഘടനയും ചേർന്ന് നടത്തിയ അഗതികൾക്ക് ഭക്ഷണം എന്ന പദ്ധതിയുടെ ഉദ്ഘാടനം എറണാകുളം ജില്ല അമീർ പി.കെ. ശാഹുൽ ഹമീദ് സാഹിബ് ലവ് ആന്റ് കെയർ സംഘടനയുടെ പ്രവർത്തകക്ക് ഭക്ഷണ പൊതി നൽകി കൊണ്ട് നിർവഹിക്കുന്നു. ജില്ലാ ഖാഇദ് മുഹമ്മദ് സഫ്‌വാൻ, എറണാകുളം ജമാഅത്ത് പ്രസിഡന്റ് ബി.ബി. അഹ്മദ് കബീർ എന്നിവർ സമീപം.

## SSLC പരീക്ഷയിൽ A+ നേടി

**SSLC** പരീക്ഷയിൽ എല്ലാ വിഷയത്തിലും **A+** നേടിയ കണ്ണൂർ ടൗൺ ജമാഅത്തിലെ വിദ്യാർത്ഥി നികൾ.

1. നിഹാനാ നാസിർ
D/O നാസിർ അഹ്മദ് ഇ
സെന്റ് തെരാസസ് ഹയർ സെക്കണ്ടറി സ്കൂൾ, കണ്ണൂർ

2. റിശാ പർവീൻ
D/O ഷഫി അഹ്മദ് ബി
സെന്റ് തെരാസസ് ഹയർ സെക്കണ്ടറി സ്കൂൾ, കണ്ണൂർ

## തെഹ്‌രീക്ക് ജദീദ് റമദാനിൽ വാഗ്ദാനം

തെഹ്‌രീക്ക് ജദീദ് ഖലീഫ ത്തുൽ മസീഹ് സാനിയുടെ തിരുകരങ്ങളാൽ ആരംഭിച്ച ഒരു അനുഗ്രഹീത സാമ്പത്തിക പദ്ധതിയാണ്. ധന ത്യാഗത്തി ന്റെ മാസമായ പരിശുദ്ധ റമദാനുമായി തഹ്‌രീക്ക് ജദീദിന് പ്രത്യേക ബന്ധമുണ്ട്. റമദാനിൽ തന്നെ തഹ്‌രീക്ക് ജദീദ് വാഗ്ദാനം പൂർത്തി യാക്കുന്നതിൽ വമ്പിച്ച ബർക്കത്തുണ്ട് എന്ന മുസ്‌ലിഹ് മഊദിന്റെ ഉപദേശം ഓർക്കുക. തെഹ്‌രീക്ക് ജദീദ് വാഗ്ദാനം പൂർത്തിയാക്കിയവരുടെ പേര് വിവരം റമദാൻ 25 ന് മുമ്പായി ദുആക്കായി ഹുസൂർ തിരുമന സ്സിന്റെ സമക്ഷത്തിങ്കൽ സമർപ്പിക്കുന്നതാണ്. തെഹ്‌രീ ക്ക് ജദീദ് വാഗ്ദാന ശേഖരണ ത്തിന്നായി ഇൻസ്പെക്ടർ താങ്കളുടെ ജമാഅത്ത് സന്ദർശിക്കുന്നതാണ്.



## ഉന്നത വിജയം കരസ്ഥമാക്കി.

കോഴിക്കോട് ജമാഅത്തിലെ അബ്ദുൾ ലത്തീഫ് സാഹിബിന്റെ മകൻ സി.പി. ഫർഹാൻ ലത്തീഫ് സാഹിബിന് ചെന്നൈയിലെ ഇന്ത്യൻ മരിടൈം യൂണി വേഴ്സിറ്റിയിൽ നിന്നും ബിഎസ്സി നോട്ടിക്കൽ സയൻസിന് 2-ാം റാങ്ക് ലഭിച്ചു.

---

**അനുസ്മരണം:**



## എസ്. അക്ബർ അലി സാഹിബ്

കൊടുവായൂർ അഹ്മദിയ്യാ ജമാഅത്ത് അംഗമായ എസ് അക്ബർ അലി സാഹിബ് (56) 17.4 .2016 ന്ന് വഫാത്തായി. 2002 ലാണ് ബൈഅത്ത് ചെയ്തത്. അൻസാറുല്ലാഹ് സയിം ആയി പ്രവർത്തിച്ചിരുന്നു. ഭാര്യ ജരീന. മക്കൾ: സക്കീർ ഹുസൈൻ, നൗഷാദ്, സജ്ന, ഷംന. മരുമക്കൾ: മൗലവി നൗഷാദ് (മുഅല്ലിം), മൗലവി എം നസീം അഹ്മദ് (ഇൻസ്പെക്ടർ വഖ്ഫെ ജദീദ്), നിഷൈബ, ഷഫ്ന. അല്ലാഹു പരേതന് മഗ്ഫിറത്തും ജന്നത്തും നൽകട്ടെ - എച്ച് എസ്.




അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ യുവജന സംഘടന മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെയും ബാല സംഘടന അത്ഫാലുൽ അഹ്മദിയ്യായുടെയും എറണാകുളം ജില്ലാ ഇജ്തിമ ജില്ലാ അമീർ പി.കെ. ശാഹുൽ ഹമീദ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. ബി.ബി. അഹ്മദ് കബീർ, ഇ.എച്ച്. നജീബ്, മുഹമ്മദ് സഫ്വാൻ, മൗലവി സുൽത്താൻ നസീർ എന്നിവർ സമീപം.

---




അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ യുവജന സംഘടന മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പാലക്കാട് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആലത്തൂർ താലൂക്ക് ആശുപത്രിയിലും മിനി സിവിൽ സ്റ്റേഷനിലും സംഘടിപ്പിച്ച ശുചീകരണ യജ്ഞം ആലത്തൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ടി.ജി. ഗംഗാധരൻ ഉദ്ഘാടനം ചെയ്തു. അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് പാലക്കാട് ജില്ലാ അമീർ എച്ച്. സുലൈമാൻ സാഹിബ്, ആർ.ഡി.ഒ. ഡോ. മിനി ആർ നായർ, ജില്ലാ ഖാഇദ് വി.എം. ലിയാഖത്ത് അലി ഖാൻ എന്നിവർ സമീപം.



**Published on 7 June 2016** Pages 44 Vol: 88 Issue. **6**
Price Rs. **30/-**
Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17. Licensed to Post Without Prepayment

**The Sathyadoothan Monthly**




# mta INTERNATIONAL

MUSLIM TELEVISION AHMADIYYA INTERNATIONAL



mta INTERNATIONAL
www.mta.tv

YouTube | mta INTERNATIONAL
www.youtube.com/mtaonline1

www.alislam.org

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി**
**കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020** **Toll Free (9 am to 9 pm)**